പുസ്തകം 79
ലക്കം 4
ഏപ്രിൽ 2007
ശഹാദത്ത് 1386
റ. അവ്വൽ - റ. ആഖിർ 1428

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ് :** 0495 - 2721609
e-mail: sathyadoothan@ahmadiyya.com

സ്ഥാപിതം
1925

لا إله إلا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

4 ***യുഗശബ്ദം***
5 ***മുഖക്കുറിപ്പ്***
6 ***മഹ്ദി വാദവും ജിഹാദും***
ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ലേഖനം**

8 ***ഈസ്റ്റർ : ക്രിസ്തുമതം സ്വാംശീകരിച്ച ഒരു അക്രൈസ്തവാഘോഷം***
ഹുസൈൻ എം. സാജിദ്
13 ***മതം മാറുന്നവനെ വധിക്കാമോ?***
ഏ.എം. മുഹമ്മദ് സലിം
17 ***ഹദ്റത്ത് അഹ്മദ് (അ)ന്റെ ശൈശവം, ബാല്യം, കൗമാരം***
ഏ. ക്യു. മഹ്ദി
19 ***ചാവുകടൽ ചുരുളുകളിലെ 'സാത്വികരുടെ ഗുരു' ആരാണ്?***
ഖാലിദ് സൈഫുല്ല - ആസ്ത്രേലിയ
23 ***നല്ല ആഹാരം : ഖുർആനിക മാർഗ്ഗദർശനം***
ഡോ. ലത്തീഫ് ഖുറേശി
27 ***യേശു ഇന്ത്യയിൽ***
സുദീർ കെ. സിങ്ങ്
29 ***അബ്ദുസ്സലാമിന്റെ പേരിലൊരു അന്തർദേശീയ സ്ഥാപനം***
ശമീം അഹ്മദ്ഖാൻ
31 ***സൂക്ത നിഷേധത്താൽ ശിക്ഷിക്കപ്പെടുന്ന മുസ്‌ലിം ലോകം - 2***
അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ

**പുസ്തകാവലോകനം**

33 ***ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നു***
പ്രൊഫ. ബി. മഹ്മൂദ് അഹ്മദ്

**അവലോകനം**

36 ***എക്സിബിഷൻ അൽഖുർആൻ ഇന്റർനാഷനൽ***
കെ.പി. അഹ്മദ്

**കുറിപ്പുകൾ**

37 ***സ്വകാര്യസ്വത്തും കമ്മ്യൂണിസ്റ്റ് ചൈനയും***
40 ***വാർത്തകൾ, അനുസ്മരണം***

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.

## ഖുർആനിൽ നിന്ന്

നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ അല്ലാഹു ജീവിത വിഭവങ്ങളിൽ ശ്രേഷ്ഠരാക്കിയിരിക്കുന്നു. എന്നാൽ, ശ്രേഷ്ഠരാക്കപ്പെട്ടവർ തങ്ങളുടെ വിഭവങ്ങൾ തങ്ങളുടെ കീഴിലുള്ളവർക്ക് അവരെല്ലാം തുല്യരാകുമാറ് വിട്ടുകൊടുക്കുന്നവരല്ല. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ നിരാകരിക്കുകയാണോ?


***(വി: ഖുർആൻ 16:72)***

## നബിവചനം

സക്കാത്ത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നുവെന്ന് അവരോടു പറയുക. അവർക്കിടയിലുള്ള സാധുക്കൾക്ക് അത് വിതരണം ചെയ്യപ്പെടും. ഇതും അവർ അനുകൂലിച്ചാൽ അവരുടെ ഏറ്റവും നല്ലതായ സമ്പാദ്യത്തിൽ നിന്ന് ഒന്നും തന്നെ അധികാരമുപയോഗിച്ചു പിടിച്ചെടുക്കരുത്. മർദ്ദിതരുടെ പ്രാർത്ഥന സൂക്ഷിക്കുക. കാരണം അതിന്റേയും അല്ലാഹുവിന്റേയുമിടയിൽ യാതൊരു മറയുമില്ല.

***(ബുഖാരി)***

**യുഗശബ്ദം**



# ധനികൻ ചോദിക്കപ്പെടും

**വാഗ്ദത്ത മസീഹ് (അ)**

ദൈവത്തോടുള്ള കടമകളെപ്പറ്റിയും മനുഷ്യരോടുള്ള കടമകളെപ്പറ്റിയും ഒരു ദരിദ്രനോടു ചോദിക്കുന്നതുപോലെ എല്ലാ ഓരോ ധനികനോടും ചോദിക്കുന്നതായിരിക്കും. എന്നല്ല, അതിനേക്കാൾ കൂടുതൽ! ഈ ഹ്രസ്വമായ ജീവിതത്തിൽ വിശ്വാസമർപ്പിച്ച് പൂർണ്ണമായും ദൈവത്തിൽനിന്ന് മുഖം തിരിക്കുന്നവൻ എത്രമാത്രം ദൗർഭാഗ്യനാണ്. ദൈവം നിഷിദ്ധമാക്കിയതിനെ ഒരു ഭയവുംകൂടാതെ അനുവദനീയമെന്നപോലെ ഉപയോഗിക്കുന്നു. കോപാവസ്ഥയിൽ ഭ്രാന്തന്മാരെപ്പോലെ ചിലരെ ചീത്ത വിളിക്കാനും ചിലരെ പരിക്കേല്പിക്കാനും ചിലരെ കൊല്ലാനും മുതിരുന്നു. ഇന്ദ്രിയാശകളുടെ ആവേശത്തള്ളിച്ചയാൽ നാണംകെട്ട മാർഗ്ഗങ്ങളെല്ലാം പാരമ്യതയിലെത്തിക്കുന്നു. അവർ മരിക്കുന്നതുവരെ യഥാർത്ഥമായ ആനന്ദാവസ്ഥ പ്രാപിക്കുകയില്ല.

(***കിശ്ത്തീനൂഹ്***)

മുഖക്കുറിപ്പ്

# മുതലാളിത്ത വ്യവസ്ഥയുടെ നാല് തിന്മകൾ

***'അല്ല, എന്നാൽ നിങ്ങൾ അനാഥരെ ആദരിക്കുന്നില്ല. അഗതികൾക്ക് ആഹാരം നൽകാൻ പരസ്പരം പ്രേരിപ്പിക്കുന്നുമില്ല. പൈതൃകമായി ലഭിക്കുന്ന സ്വത്തൊക്കെയും നിങ്ങൾ തന്നു മുടിക്കുന്നു. നിങ്ങൾ ധനത്തെ അമിതമായി സ്നേഹിക്കുന്നു. വേണ്ടാ! ഭൂമി മുഴുവനും ഇടിച്ചു നിരപ്പാക്കപ്പെടും' (89:18-22)***

ഈ വചനങ്ങളിൽ മുതലാളിത്ത വ്യവസ്ഥയുടെ നാല് തിന്മയെ പറ്റി സൂചിപ്പിക്കുന്നു.

(1) ആശ്രയമില്ലാത്തവരുടെ ജീവിതത്തെ നിസ്സാരമായി കണക്കാക്കുന്നു.

(2) പാവങ്ങളുടെ ആഹാരകാര്യവും ജീവിതക്ഷേമവും അവഗണിക്കുന്നു.

(3) പൈതൃക സ്വത്തുക്കൾ അമിതോപയോഗം കൊണ്ട് ധൂർത്തടിക്കുന്നു.

(4) സമ്പത്ത് കുന്നുകൂട്ടാനുള്ള അറ്റമില്ലാത്ത ദുര.

ആധുനിക മുതലാളിത്ത സമ്പദ്ക്രമത്തിന്റെ ദോഷങ്ങളായി സാമ്പത്തിക വിദഗ്ധർ പറയുന്ന വിമർശനങ്ങൾ തന്നെ 14 നൂറ്റാണ്ടുകൾക്ക് മുമ്പ് വിശുദ്ധ ഖുർആൻ മേൽ വചനങ്ങളിലൂടെ വരച്ചുകാട്ടുന്നു. വികസിത മുതലാളിത്ത രാജ്യങ്ങളുടെ മൂലധന നിക്ഷേപമുള്ള അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, ദരിദ്രരാജ്യങ്ങൾക്ക് നൽകുന്ന വായ്പകളിലെ കാണാചരടുകളും കരാറുകളും അവരുടെ ആഗോളവത്കരണവും ദരിദ്രരാജ്യങ്ങളെ കൂടുതൽ ദരിദ്രമാക്കുകയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. പലിശ കൊടുത്ത് വായ്പകൾ വാങ്ങുമ്പോൾ ദരിദ്രരാജ്യങ്ങളുടെ മേൽ ഇത്തരം സാമ്പത്തിക സ്ഥാപനങ്ങൾ കെട്ടിവെക്കുന്ന ഉപാധികൾ ഗവൺമെൻറുകളെ ദരിദ്രജനവിഭാഗങ്ങളോടുള്ള സാമൂഹിക ബാദ്ധ്യതകളിൽ നിന്നും അകറ്റിക്കളയുന്നു. ആതുരശുശ്രൂഷ, സാർവ്വത്രിക വിദ്യാഭ്യാസം, ദാരിദ്ര നിർമ്മാർജനം മുതലായ സാമൂഹിക ക്ഷേമപദ്ധതികളിൽ നിന്നും പിൻവാങ്ങാൻ അവർ ദരിദ്രരാജ്യങ്ങളെ നിർബന്ധിക്കുന്നു. ചെലവാക്കി മുടിക്കാനും, അഴിമതി നടത്താനും, വായ്പ വാങ്ങാനും വേണ്ടി ആർത്തി പൂണ്ടു കാത്തിരിക്കുന്ന ദരിദ്രരാജ്യങ്ങളിലെ ഭരണാധികാരികൾ അവർ പറയുന്ന വ്യവസ്ഥകളിലെല്ലാം ഒപ്പുവെക്കാനും തയ്യാറാണ്. പാവങ്ങളോടും ദരിദ്രരോടുമുള്ള മുതലാളിത്തരാജ്യങ്ങളുടെ സമീപനം ഇത്തരം നയങ്ങളിലൂടെ വ്യക്തമാക്കപ്പെടുന്നു.

വരാനിരിക്കുന്ന തലമുറക്കും, ഭൂമിയിലെ തന്നെ മിണ്ടാപ്രാണികൾക്കും അവകാശപ്പെട്ട പൊതു പൈതൃകമാണ് ഭൂവിഭവങ്ങളെന്ന് ഖുർആൻ ഓർമ്മിപ്പിക്കുന്നു. അതിൽ തന്നെ പെട്രോൾ, മറ്റു ഖനിജങ്ങൾ മുതലായ മിക്ക വിഭവങ്ങളും ക്ഷയോന്മുഖവുമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

***'ഭൂമിയെ അവൻ സൃഷ്ടിജാലങ്ങൾക്കെല്ലാം വേണ്ടി സ്ഥാപിച്ചു*** (55:11)

എന്നാൽ, മുതലാളിത്തമാകട്ടെ സമൂഹം, മനുഷ്യരാശി, മറ്റു ജീവജാലങ്ങൾ, പരിസ്ഥിതി മുതലായവയെക്കുറിച്ചും അവയുടെ ഭാവിയെക്കുറിച്ചും ആകുലപ്പെടാറില്ല. വിഭവചൂഷണത്തിലൂടെ ഭൂമിയെ ഞെക്കിപ്പിഴിഞ്ഞ് സ്വന്തം ആർത്തി ശമിപ്പിക്കുക എന്നത് മാത്രമാണ് അവരുടെ ലക്ഷ്യം. കൂടാതെ പെട്രോൾ, കൽക്കരി മുതലായ കാർബൺ ഇന്ധനങ്ങളുടെ അമിതോപയോഗം മൂലം അമേരിക്കയും പാശ്ചാത്യരാജ്യങ്ങളുമടങ്ങുന്ന മുതലാളിത്തലോകം വരുത്തിവെക്കുന്ന പാരിസ്ഥിതിക ദുരന്തമാണ് ആഗോളതാപനത്തിനും കാലാവസ്ഥാ വ്യതിയാനങ്ങൾക്കും കാരണമെന്ന് ശാസ്ത്രസമൂഹം വിലയിരുത്തുന്നു.

അതുപോലെ സമ്പത്ത് കുന്നുകൂട്ടാനും ഭൂവിഭവങ്ങൾ ചൂഷണം ചെയ്യാനുമുള്ള ദുരാവേശവും അതിന്നായുള്ള കഴുത്തറുപ്പൻ മത്സരവും മുതലാളിത്തത്തിന്റെ സവിശേഷതയാണ്. അത് കോളനിവത്ക്കരണത്തിലേക്കും, അധിനിവേശങ്ങളിലേക്കും യുദ്ധങ്ങളിലേക്കും, മഹായുദ്ധങ്ങളിലേക്കും നയിക്കും. വിശുദ്ധ ഖുർആൻ താഴെ എഴുതിയ വചനങ്ങളിൽ ഓർമ്മിക്കുന്നതും മറ്റൊന്നല്ല എന്ന് നാമോർക്കണം.

***(ഭൗതിക വിഭവങ്ങളുടെ) വർദ്ധനവിന് വേണ്ടിയുള്ള പരസ്പര മാത്സര്യം നിങ്ങളെ അശ്രദ്ധരാക്കിയിരിക്കുന്നു. നിങ്ങൾ ശവക്കുഴികൾ സന്ദർശിക്കുമ്പോഴും. വേണ്ടാ, തീർച്ചയായും നിങ്ങളറിയും. അങ്ങനെയല്ല നിങ്ങൾ ദൃഢമായി അറിയുന്നപക്ഷം. തീർച്ചയായും നിങ്ങൾ നരകത്തെ കാണും. (102:4-8)***

ലേഖനം

# മഹ്ദി വാദവും ജിഹാദും

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

**ഇസ്‌ലാം മതത്തെ വിജയിപ്പിക്കാൻ വാളേന്തിയ മഹ്ദി വരുമെന്ന സങ്കല്പമാണ് മുസ്‌ലിംകളെ ആധുനികകാലത്ത് ജിഹാദിന്റെ വക്താക്കളാക്കി മാറ്റുന്നതും അവരുടെ മനശ്ശാസ്ത്രത്തെ സ്വാധീനിക്കുന്നതും.**

യേശുവിനെപ്പറ്റി ക്രിസ്ത്യാനികളും മുസ്‌ലിംകളും വിശ്വസിക്കുന്നത് ഇതാണ്: ക്രിസ്ത്യാനികൾ ചെയ്യുന്നതുപോലെ ഒരു എളിയ മനുഷ്യനെ ദൈവം എന്നു വിളിക്കുന്നത് ഒരു വലിയ തെറ്റാണെങ്കിലും വഹ്ഹാബികൾ എന്നുകൂടി വിളിക്കപ്പെടുന്ന അഹ്‌ലെ ഹദീസ് കക്ഷിക്കാർ ഉൾപ്പെടെ ഇസ്‌ലാമിന്റെ അനുയായികളിൽ ചിലർ രക്തക്കൊതിയന്മാരായ മഹ്ദിയെയും മസീഹിനെയും പറ്റി പുലർത്തി വരുന്ന വിശ്വാസങ്ങൾ അവരുടെ ധാർമികതയെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കയാണ്. അവയുടെ ദുസ്സ്വാധീനങ്ങൾ കാരണം മറ്റുള്ളവരുമായുള്ള അവരുടെ ഇടപാടുകൾ തന്നെ, വിശ്വസ്തതയിലും സദ്ഭാവനയിലും ഊന്നിക്കൊണ്ടുള്ള തല്ലാതായിരിക്കുന്നു. അവർക്ക് ഒരു അമുസ്‌ലിം ഗവർമ്മെന്റിനോട് ആത്മാർത്ഥമായും പൂർണമായും കൂറു പുലർത്താൻ സാധിക്കുന്നതുമല്ല. അമുസ്‌ലിംകളെല്ലാം ഉടൻ മുസ്‌ലിമായിത്തീരണമെന്നും അല്ലാത്തപക്ഷം അവരെയെല്ലാം വധിച്ചുകളയുന്നതാണെന്നുമുള്ള ഭീഷണിയും നിർബന്ധവും നിലനിൽക്കുന്നേടത്തോളം അത് അങ്ങേയറ്റത്തെ വിമർശനത്തിനു വിധേയമായിരിക്കുന്നതാണെന്നു ബുദ്ധിയുള്ള ഏതൊരാളും സമ്മതിക്കും. ഒരു മതധർമത്തിന്റെ സത്യവും സൗന്ദര്യവും ഗ്രഹിച്ചറിയുന്നതിന്നുമുമ്പ്, ഒരാൾ ആ മതം സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുന്നതും വധഭീഷണിക്കിരയാക്കപ്പെടുന്നതും അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നു മനസ്സാക്ഷിയുള്ള ആരും സമ്മതിക്കുന്നതാണ്. ആ മതധർമ്മത്തിന്റെ വളർച്ചയ്ക്കു ഇതു സഹായിക്കുന്നതിന്നുപകരം അതിന്റെ ശത്രുക്കൾക്ക് അതിൽ തെറ്റു കാണാൻ അവസരം സൃഷ്ടിക്കുകയാണ് ചെയ്കയെന്ന് പറയേണ്ടതില്ലല്ലോ. ഇത്തരം സിദ്ധാന്തങ്ങളുടെ ഒടുപുലർച്ച മനുഷ്യഹൃദയങ്ങളിൽ നിന്ന് ആർദ്രതയും ദയ, നീതിനിഷ്ഠ തുടങ്ങിയ അത്യുന്നതങ്ങളായ മാനുഷിക സൽഗുണങ്ങളും അപ്രത്യക്ഷമാകുകയും പകരം പകയും ശത്രുതയും വളരുകയും ചെയ്യുമെന്നുള്ളതാണ്. പിന്നെ അവശേഷിക്കുന്നതു മൃഗീയ വികാരങ്ങൾ മാത്രം. അതോടെ എല്ലാ ഗുണങ്ങളും തുടച്ചുനീക്കപ്പെടും. ഇത്തരം ഉപദേശങ്ങൾ ഒരിക്കലും ദൈവത്തിൽനിന്നുള്ളതായിരിക്കാൻ സാദ്ധ്യമല്ലെന്നു മനസ്സിലാക്കേണ്ടതാണ്. ദൈവം എല്ലാ ന്യായവിധികളും പൂർത്തിയാക്കിയശേഷമല്ലാതെ ശിക്ഷയിറക്കുന്നവനല്ല.

ആകയാൽ, ഇക്കാര്യം നല്ലപോലെ ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു സത്യമതത്തെ അതിന്റെ സത്യത്തേയും സിദ്ധാന്തസൗന്ദര്യത്തേയും സംബന്ധിച്ചിടത്തോളം തീരെ അജ്ഞനും അറിവില്ലാത്തവനുമായതുകൊണ്ടുമാത്രം ഒരാൾ സ്വീകരിക്കാൻ തയ്യാറാകാത്തപക്ഷം അയാളെ ഉടനടി കൊന്നുകളയുന്നതു ന്യായമാണോ? അല്ലാ, ഈ മനുഷ്യൻ സഹതാപമാണ് അർഹിക്കുന്നത്. വളരെ ഉദാരമായും സ്നേഹസൗശീല്യങ്ങളോടുകൂടിയും അയാളെ മതത്തിന്റെ സത്യവും സൗന്ദര്യവും ആത്മീയനേട്ടവും ഉപദേശിച്ചു ബോദ്ധ്യപ്പെടുത്തുകയാണ് വേണ്ടത്. ആകയാൽ, ഇസ്‌ലാമിലെ ഈ കക്ഷികൾ ഉയർത്തിപ്പിടിക്കുന്ന ജിഹാദ്തത്ത്വവും, ഇമാം മുഹമ്മദ് എന്ന പേരിലുള്ള രക്തദാഹി മഹ്ദി വെളിപ്പെടാനടുത്തുപോയി എന്നും അദ്ദേഹത്തിന്റെ സഹായാർത്ഥം മസീഹ് ആകാശത്തുനിന്നിറങ്ങി വരുമെന്നതും രണ്ട് പേരും കൂടി അമുസ്‌ലിംകളെ കൊന്നൊടുക്കുമെന്നുമുള്ള വിശ്വാസവും നമ്മുടെ ധാർമികബോധങ്ങൾക്കും ചിന്തകൾക്കും നിരക്കാത്തതും പാടെ എതിരായിട്ടുള്ളതുമത്രെ. എല്ലാ മാനുഷിക സൽഗുണങ്ങളും ധർമബോധവും നിശ്ചലമാക്കിക്കളയുകയും കാട്ടിലെ നീതിയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിശ്വാസമല്ലേ ഇത്? ഇത്തരം വിശ്വാസങ്ങൾ

കൊണ്ടു നടക്കുന്നവർ മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ കപടജീവിതം നയിക്കുന്നവരാണ്. അപ്പോലെതന്നെ മറ്റൊരു മതവിശ്വാസക്കാരുടെ ഗവർമ്മെണ്ടിനോട് യഥാർത്ഥമായ കൂറുപുലർത്താനും ഇവർക്കു സാദ്ധ്യമാവുകയില്ല. ഇവർ ഇത്തരം ഗവർമെന്റുകളോടു കൂറുപുലർത്തുന്നു എന്നു വഞ്ചനാപരമായിട്ടാണ് പറയുന്നത്. അതു തെറ്റുമാണ്. അതുകൊണ്ടാണ് ഞാൻ മുകളിൽ പറഞ്ഞ ചില അഹ്ലെ ഹദീസ് കക്ഷിക്കാർ ബ്രിട്ടീഷിന്ത്യയിൽ ബ്രിട്ടീഷ് ഗവർമ്മെന്റിനെതിരെ ഇരട്ടജീവിതം നയിക്കുന്നത്. രഹസ്യത്തിൽ അവർ രക്തദാഹി മഹ്ദിയും രക്തദാഹി മസീഹും വെളിപ്പെടുന്ന ദിവസത്തെപ്പറ്റി ജനങ്ങൾക്ക് ആശയും ആവേശവും നൽകുകയും അങ്ങനെ പഠിപ്പിച്ചു ഒരുക്കിനിർത്തുകയും ചെയ്യുമ്പോൾ, അധികൃതന്മാരുടെ മുമ്പിൽ അവർക്ക് സ്തുതിഗീതം പാടുകയും അത്തരം വിശ്വാസങ്ങളൊന്നും തങ്ങൾ അംഗീകരിക്കുന്നില്ലെന്ന് അവരുടെ മുന്നിൽ ഏറ്റുപറയുകയും ചെയ്യുന്നു. എന്നാൽ, അവർ യഥാർത്ഥത്തിൽ അത്തരം ആശയങ്ങളെ എതിർക്കുന്നുവെങ്കിൽ എന്തുകൊണ്ടു അവരതു പരസ്യമായി എഴുതി പ്രചരിപ്പിക്കുന്നില്ല? എന്തുകൊണ്ട് അവർ രക്തദാഹി മഹ്ദിയെയും മസീഹിനെയും അവരിരുവരും വാതിൽപ്പടിക്കൽ എത്തിക്കഴിഞ്ഞു എന്നോണം കാത്തുനിൽക്കുകയും അവരുടെ കൂട്ടക്കൊലയജ്ഞത്തിൽ പങ്കുചേരാൻ ബദ്ധപ്പെടുകയും ചെയ്യുന്നു.

## മഹ്ദിയും ജിഹാദും

ചുരുക്കത്തിൽ, ഇത്തരം വിശ്വാസങ്ങൾ ഈ മൗലവിമാരുടെ ധാർമിക നിലവാരം തന്നെ താഴ്ത്തിക്കളഞ്ഞിരിക്കുന്നു. അന്തസ്സും സമാധാനതൽപരതയും ജനങ്ങളിൽ ഉപദേശിക്കാൻ ഇവർക്ക് സാദ്ധ്യമല്ലാതെ വന്നു. മറിച്ചു, യാതൊരു കാരണവും കൂടാതെ മറ്റുള്ളവരെ കൊല്ലുകയെന്നത് ഇവരുടെ പക്കൽ വലിയൊരു മതധർമ്മമായി മാറിയിരിക്കയാണ്. ചോരക്കൊതിയൻ മഹ്ദിയിലും ജിഹാദിനെ സംബന്ധിച്ച പൊതുവായ ആശയങ്ങളിലും രഹസ്യത്തിൽ വിശ്വാസം പുലർത്തുന്ന ചില വിഭാഗങ്ങൾ അഹ്ലെ ഹദീസ് കക്ഷിക്കാരിൽ ഉണ്ടെന്ന വസ്തുത ഖേദപൂർവ്വം ഇവിടെ പ്രസ്താവിക്കാതിരിക്കാൻ എനിക്ക് സാദ്ധ്യമല്ല. ജിഹാദിനെ സംബന്ധിച്ച സത്യയുക്തമായ വിശ്വാസത്തെ ഇവർ എതിർ ക്കുന്നു. മറ്റുള്ള മതവിശ്വാസക്കാരെയൊക്കെത്തന്നെയും വധിക്കുവാൻ അവസരം കിട്ടുന്നപക്ഷം അത് വലിയൊരു പുണ്യകൃത്യമായി തന്നെ ഇവർ കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ, ഇസ്‌ലാമിന്റെ പേരിൽ മറ്റുള്ളവരെ കൊല്ലാം എന്ന വിശ്വാസവും ചോരക്കൊതിയൻ മസീഹിന്റെ ആവിർഭാവം സംബന്ധിച്ച പ്രവചനങ്ങളിലുള്ള വിശ്വാസവും രക്തം ചിന്തി ഇസ്‌ലാമിനെ പ്രചരിപ്പിക്കാനുള്ള അഭിവാഞ്ചയും എല്ലാം വിശുദ്ധ ഖുർആനിന്റെയും വിശ്വസനീയമായ ഹദീസുകളുടെയും പാഠങ്ങൾക്ക് കടകവിരുദ്ധമായിട്ടുള്ളതത്രേ. നമ്മുടെ നബിനായകർ (സ) തിരുമേനി മക്കയിൽ അവിശ്വാസികളുടെ കയ്യാലും അതിന്നുശേഷവും പീഡനങ്ങളും മർദ്ദനങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട്. അവിടന്ന് മക്കയിൽ കഴിച്ചുകൂട്ടിയ പതിമൂന്നു കൊല്ലക്കാലവും നാനാതരങ്ങളായ അനേകം കഷ്ടനഷ്ടങ്ങളുടെയും എണ്ണമറ്റ ദുരിതാനുഭവങ്ങളുടെയും കാലമായിരുന്നു. അതോർക്കുമ്പോൾ തന്നെ ആരുടെയും കരളലിയും. എന്നാൽ, തന്റെ ശത്രുക്കളുടെ നേരെ തിരുമേനി(സ) വാളൂരിയില്ല. അവരുടെ ദുർഭാഷണങ്ങൾക്ക് മറുപടി പറഞ്ഞുമില്ല. ഇതിനകം അനേകം സഖാക്കളും ഇഷ്ടശിഷ്യന്മാരും നിഷ്കരുണം നിഗ്രഹിക്കപ്പെടുകയുമുണ്ടായി. അവിടന്നുതന്നെയും പലതരം വിഷമതകൾക്കും ഇരയാകേണ്ടിവന്നു. അവർ അദ്ദേഹത്തെ വിഷം കൊടുത്തു കൊല്ലാൻ ശ്രമിച്ചു. നബിയെ വധിക്കാൻ പലവട്ടം ഗൂഢാലോചനകൾ നടത്തി. മക്കയിലെ മൂപ്പന്മാരും ഗോത്രത്തലവന്മാരും ഒത്തുചേർന്നു. ഈ മനുഷ്യനെ എങ്ങനെയെങ്കിലും നിഗ്രഹിക്കണമെന്നു ഏകകണ്ഠമായി തീരുമാനിക്കുക തന്നെ ചെയ്തു. അപ്പോഴാണ് ദൈവത്തിന്റെ പ്രതികാരനിയമം പ്രവർത്തനത്തിൽ വന്നത്. ആ സമയം തന്റെ വരിഷ്ഠന്മാരുടെയും സത്യസന്ധരുടെയും സാത്വികരുടെയും സഹായകനും ആശ്രയസ്ഥാനവും ആയ ദൈവം, ആ നഗരത്തിൽ തിന്മയല്ലാതെ മറ്റൊന്നും അവശേഷിച്ചിട്ടില്ലാത്തതിനാലും, ജനങ്ങൾ നബിയെ വധിക്കുവാൻ കച്ചകെട്ടി പുറപ്പെട്ടതിനാലും ഉടനെ നാടുവിട്ടുകൊള്ളണമെന്ന് നബിയ്ക്ക് അറിവു നൽകി. അങ്ങനെ ദൈവികകൽപനപ്രകാരം അവിടന്നു മദീനയിലേയ്ക്ക് പുറപ്പെട്ടു. ഈ അവസ്ഥയിലും ശത്രുക്കൾ അദ്ദേഹത്തെ തന്റെ പാട്ടിനു വിട്ടുകളയാതെ പിന്തുടരുകയും ഇസ്‌ലാമിനെ ചവിട്ടിമെതിക്കാൻതന്നെ ഇറങ്ങിപ്പുറപ്പെടുകയും ചെയ്തു. ഇപ്രകാരം അവരുടെ അക്രമപ്രവർത്തനങ്ങൾ അതിർകടക്കുകയും നിരപരാധികളുടെ വധം അവർക്ക് ശിക്ഷ നൽകേണ്ടത് ആവശ്യമായിരിക്കുമാറ് വർദ്ധിച്ചുവരുകയും ചെയ്തപ്പോൾ, ആത്മരക്ഷാർത്ഥം പ്രതിരോധപരമായി യുദ്ധം ചെയ്തുകൊള്ളാൻ ദൈവം അവർക്ക് അനുവാദം നൽകി. ശരിയായ യുദ്ധത്തിലല്ലാതെ വെറുമൊരു ദ്രോഹമെന്ന നിലയിൽ നിരവധി നിരപരാധികളെ കൊല്ലുകയും അവരുടെ സ്വത്തുക്കളെല്ലാം കൊള്ളയടിക്കുകയും ചെയ്തതിന്ന് പകരമെന്നോണം അത്തരം പെരുമാറ്റം അവരും അവരുടെ സഹായികളും അർഹിക്കുന്നതുമാത്രമായിരുന്നു. എന്നാൽ, ഇതിനെല്ലാമെതിരിൽ, മക്കാ വിജയമുണ്ടായപ്പോൾ നമ്മുടെ പ്രവാചകനായകൻ അത്തരക്കാർക്കെല്ലാം മാപ്പ് നൽകുകയാണുണ്ടായത്. ആകയാൽ, തിരുനബിയും സഖാക്കളും മതം പരത്താൻ വേണ്ടി യുദ്ധം ചെയ്തുവെന്നോ അവർ ആളുകളെ മാർഗം കൂട്ടാൻ സമ്മർദ്ദതന്ത്രങ്ങൾ പ്രയോഗിച്ചുവെന്നോ ആരോപിക്കുന്നതു അങ്ങേയറ്റത്തെ അന്യായവും അനീതിയും മാത്രമാണ്. ●

***മസീഹ് ഹിന്ദുസ്ഥാൻ മെ***

**വിവ: എൻ. അബ്ദുർറഹിം**

ലേഖനം

# ഈസ്റ്റർ : ക്രിസ്തുമതം സ്വാംശീകരിച്ച ഒരു അക്രൈസ്തവാഘോഷം

ഹുസൈൻ എം. സാജിദ്

**പ്രാദേശികമായി ആചരിക്കപ്പെട്ടുവന്ന വസന്തകാലത്തെ ഉത്സവങ്ങളാണ് ക്രിസ്തുമതത്തിൽ ഈസ്റ്ററായി രൂപപ്പെട്ടത്. ക്രിസ്തുവിന്റെ ജീവിതവുമായി അതിന് ബന്ധമൊന്നുമില്ല.**

ക്രിസ്ത്യാനികളുടെ പുണ്യദിനങ്ങളിൽ ഈസ്റ്ററിന് വമ്പിച്ച പ്രാധാന്യമുണ്ട്. ക്രിസ്തീയ വിശ്വാസമനുസരിച്ച് അന്നാളിലാണല്ലോ മാനവരാശിയുടെ പാപപരിഹാരാർത്ഥം യേശു ക്രൂശിക്കപ്പെട്ടത്. മരിച്ചു മൂന്നു പകലും മൂന്നു രാവും കഴിഞ്ഞശേഷം യേശു ഉയിർത്തെഴുന്നേറ്റു എന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. എല്ലാ വസന്തത്തിലേയും ഒരു ഞായറാഴ്ചയാണ് ഈസ്റ്റർ. ക്രൈസ്തവ വിശ്വാസികൾ അന്ന് രാവിലെ എഴുന്നേറ്റ് സൂര്യോദയം ദർശിക്കുന്നു. നാൽപത് ദിവസത്തെ നോമ്പ് (Lent) അന്നാണ് അവസാനിക്കുക. പിന്നീട് മതപരമായ ചടങ്ങുകളിൽ പങ്കെടുത്ത് ഈസ്റ്റർ ആഘോഷിക്കുന്നു. ഈസ്റ്റർ ദിനത്തിൽ മതപരം എന്ന ധാരണയോടെ ആചരിക്കുന്ന മറ്റു ചടങ്ങുകൾ വിചിത്രങ്ങളാണ്. അതിൽപ്പെട്ടതാണ് ചോക്കളേറ്റ്, മുയൽ, വർണ്ണ മുട്ടകൾ, മുട്ടവേട്ട, മുട്ട വിനോദങ്ങൾ മുതലായവ. ചിന്താശീലരായ ക്രിസ്തീയ പണ്ഡിതന്മാർ ഇത്തരം ആചാരങ്ങളെ നിശിതമായി ചോദ്യം ചെയ്യുന്നു. എന്താണ് ഈ മുയൽ? എന്തുകൊണ്ട് ഒരു നായ്ക്കുട്ടിയോ പൂച്ചക്കുട്ടിയോ ആയില്ല? മുയൽ മുട്ടയിടാറില്ലല്ലോ! പിന്നെയെന്തു കൊണ്ട് മുയലും മുട്ടയും? എന്തുകൊണ്ട് ഓറഞ്ചോ വലിയ ഉള്ളിയോ ആയില്ല? അവയും ഉരുണ്ടതാണല്ലോ. ഈസ്റ്ററിലെ ഈ ആചാരങ്ങളെല്ലാം ഒരു വിശദീകരണവും വിശകലനങ്ങളും ആവശ്യപ്പെടുന്നു. ഈ ചോദ്യങ്ങൾക്ക് നൽകപ്പെടുന്ന ഉത്തരങ്ങൾ ലളിതങ്ങളും പല വിധത്തിലുള്ളതുമാണ്. എന്താണ് ഈസ്റ്റർ? ചരിത്രത്തിൽ എപ്പോഴാണ് ഈസ്റ്റർ ആഘോഷങ്ങളുണ്ടായത്? ഈസ്റ്റർ ആഘോഷത്തിന് ക്രിസ്തുമത വേദഗ്രന്ഥത്തിൽ എന്തെങ്കിലും പ്രാമാണികമായ തെളിവുകളുണ്ടോ? എന്തുകൊണ്ട് ഈസ്റ്റർ, വർഷത്തിൽ ഞായറാഴ്ച ആഘോഷിക്കപ്പെടുന്നു? എന്തുകൊണ്ട് ഈസ്റ്റർ ദിവസ തിയ്യതിയെ അടിസ്ഥാനമാക്കി മറ്റു ദിവസങ്ങളിൽ ആചരിക്കുന്നില്ല? എന്തുകൊണ്ട് അരുമയായ ഒരു മുയലിനെ ഈസ്റ്ററുമായി ബന്ധിപ്പിച്ചു? ഞായറാഴ്ചയാണ് ഉയിർത്തെഴുന്നേൽപ്പ് സംഭവിച്ചതെന്ന വിശ്വാസത്തിലാണ് ഈസ്റ്റർ എല്ലാ വർഷവും സംതൃപ്തിയോടെ ആചരിക്കപ്പെടുന്നത്. പക്ഷേ തിരുവെഴുത്തുകൾ ക്രിസ്തു ഉയിർത്തെഴുന്നേറ്റത് ഞായറാഴ്ചയാണെന്നതിനെ പിന്തുണക്കുന്നില്ല.

ഈസ്റ്റർ ആഘോഷങ്ങൾ വ്രതത്തോടുകൂടിയാണ് ആരംഭിക്കുക. നോമ്പ് ആചരണത്തിന്റെ ഉത്ഭവവും അവ്യക്തതയിലും നിഗൂഢതയിലും മുങ്ങിനിൽക്കുന്നു. കത്തോലിക്കാ എൻസൈക്ലോപീഡിയയിൽ നോമ്പി (Lent)ന്റെ വിവരണം ഇപ്രകാരമാണ്:

"ആത്മപവിത്രീകരണത്തിന്റെ നോമ്പുകാല (Penitential Season of Lent) ത്തിന്റെ ഉത്ഭവം അവ്യക്തമാണ്. അതിന്റെ ദൈർഘ്യം കാലാകാലങ്ങളിൽ വ്യത്യസ്തമായിരുന്നു. പക്ഷേ, നാൽപത് ദിവസമാണെന്ന തത്ത്വം (ലാറ്റിൻ ഭാഷയിൽ ക്വാഡ്രേ ജിസിമ - Quadragesima ഇറ്റാലിയൻ - Quaresima, ഫ്രഞ്ച് - Caremc) നാലാം നൂറ്റാണ്ടു മുതൽ പ്രാബല്യത്തിൽ വന്നതാണ്."

Plain Truth എന്ന ഗ്രന്ഥത്തിൽ പറയുന്നു:

"യേശു ജനിക്കുന്നതിന് 2000 വർഷം മുമ്പേതന്നെ നോമ്പ് (Lent) ആരംഭിച്ചിട്ടുണ്ട്. Lent എന്ന വാക്കിന്റെ ഉദ്ഭവം വസന്തം എന്ന് അർത്ഥമുള്ള Lencten എന്ന പഴയ ഇംഗ്ലീഷ് വാക്കിൽ നിന്നാണ്. Lent തനത് രൂപത്തിൽ ആഘോഷിക്കപ്പെടുന്നത് വസന്തകാലത്തിന്റെ ആരംഭം എന്ന നിലക്കാണ്. നോമ്പുകാലത്തെ Lentനെപറ്റി ബൈബിൾ മൗനം പാലിക്കുകയാണ്. അത് യേശുവിനോടൊപ്പം ആരംഭിച്ചതല്ല. പോൾ അടക്കം അപ്പോസ്തലന്മാർ ആരും തന്നെ അത് ആചരിച്ചിട്ടില്ല.

പന്ത്രണ്ട് അപ്പോസ്തലന്മാരുടേയും മരണത്തിനുശേഷം 100 വർഷം കഴിഞ്ഞ് ഫ്രാൻസിലെ ബിഷപ്പായിരുന്ന ഇരണേവൂസ് റോമിലെ ബിഷപ്പിനെഴുതിയ ഒരു കത്തിൽ

നോമ്പുകാലത്തെപ്പറ്റിയും ഈസ്റ്ററിനെപ്പറ്റിയും ചില വിവാദങ്ങൾ ഉള്ളതായി പരാമർശിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"ഈസ്റ്റർ ദിവസത്തെപ്പറ്റി മാത്രമല്ല തർക്കങ്ങളുള്ളത്. നോമ്പാചരണത്തിന്റെ രീതിയെസ്സംബന്ധിച്ചും തർക്കമുണ്ട്. ചിലർ അത് ഒരു ദിവസം ആചരിച്ചാൽ മതിയെന്ന് കരുതുന്നു. ചിലർ രണ്ടു ദിവസമെന്നും മറ്റു ചിലർ നാല്പത് ദിവസമെന്നും പറയുന്നു.

"ആ കാലത്തുതന്നെ ഈസ്റ്ററിനെ സംബന്ധിച്ച് നിശ്ചിതമായ ഒരഭിപ്രായമില്ലായിരുന്നു. യേശുവും അനുചരന്മാരും ഈസ്റ്റർ, നോമ്പിന്റെ അഥവാ പെസഹാ നോമ്പിന്റെ ഈ പ്രശ്നം അഭിമുഖീകരിച്ചിരുന്നില്ല. കാരണം അവരാരും തന്നെ ഇത് ആചരിച്ചിരുന്നില്ല. അവരിൽ നിന്നും ഇക്കാര്യത്തിൽ യാതൊരു മാർഗ്ഗദർശനവും ലഭിക്കുക സാദ്ധ്യമല്ല. ഈ ആചാരം യേശുവിന്റെ മരണത്തിനുശേഷം വളരെ കഴിഞ്ഞാണ് ആരംഭിച്ചത്. പണ്ടു മുതൽക്കേ ഉണ്ടായിരുന്ന ഈ ആചാരം ഇരണേവുസാണ് കൊണ്ടുവന്നത്. നോമ്പ് ആചരണത്തിലെ ഈ വ്യത്യസ്തതകൾ നമ്മുടെ കാലത്ത് ആവിർഭവിച്ചതല്ല. പണ്ട് മുതൽക്കേയുള്ളതാണ്. ഇക്കാര്യത്തിൽ അവർ ശക്തമായ കണിശതയൊന്നും പുലർത്തിയില്ല. അവർക്ക് അതൊരു സ്വകാര്യ ഇടപാടായിരുന്നു." ("Esuebius': Church History. Chapter 24 Book 5).

ഇത് വ്യക്തമായും സൂചിപ്പിക്കുന്നത് നോമ്പാചരണം ദൈവത്താൽ ആജ്ഞാപിക്കപ്പെട്ടതല്ല എന്നാണ്. സഭയിലേക്ക് അത് കടന്നുവന്നത് വ്യക്തികളുടെ സ്വകാര്യ ആചരണങ്ങളിലൂടെയാണ്. ക്രിസ്ത്യാനികളിലേക്ക് അക്രൈസ്തവരായ ജനസമൂഹങ്ങളിൽ നിന്നാണ് ഈ ആചാരം പകർന്നത്. എപ്പോഴാണ് ക്രിസ്ത്യാനികൾ നോമ്പിന്റെയും ഈസ്റ്ററിന്റെയും ആഘോഷങ്ങൾ ആരംഭിച്ചത് എന്ന ചോദ്യം ഉയർന്നു വരുന്നു. ഇതിന് 5-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കത്തോലിക്കാ മെത്രാനായിരുന്ന കസിയൻ (Cassion) മറുപടി പറയുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

"പുരാതന സഭകളുടെ അവികലത അലംഘനീയമായി നിലനിന്നപ്പോൾ നോമ്പാചരണം ഇല്ലായിരുന്നു. ആളുകൾ അപ്പോസ്തലികമായ ദിവ്യാഭിലാഷങ്ങൾ നിറവേറ്റാതിരുന്നപ്പോൾ പുരോഹിതന്മാർ ഇഹലോകപരമായ സൂക്ഷ്മതക്ക് വേണ്ടി ഒരു കാനോനിക പ്രഖ്യാപനത്തിലൂടെ നോമ്പ് നടപ്പാക്കാമെന്ന് തീരുമാനിച്ചു" (Antiquities of the Christian Church. Book-21, Chapter - 1).

കസിയന്റെ കാലം നമ്മുടെ കാലത്തെ സഭാ അധികാരികളുടെ കാലത്തേക്കാൾ ക്രൈസ്തവതയുമായി കൂടുതൽ അടുത്തതാണ്. അപ്പോസ്തലന്മാരുടേയും പൗരാണിക സഭകളുടെയും കാലത്തിന് ശേഷം പുരോഹിതന്മാരാണ് നോമ്പാചരണം നടപ്പാക്കിയതെന്ന് യാതൊരു സംശയത്തിനും വക നൽകാത്തവിധം അദ്ദേഹം തുറന്നെഴുതുന്നു. ഈ ആചരണത്തിന് തിരുവെഴുത്തുകളോ യേശുവിന്റെയോ അപ്പോസ്തലന്മാരുടെയോ നടപടികളോ പ്രമാണമായി വരുന്നില്ല. ഇത് പുറംജാതികളിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തെത്തിയ വിശ്വാസികളെ പിടിച്ചുനിർത്തുവാൻ ഉണ്ടാക്കിയ ഒരു കുതിപ്പ് മാത്രമാണ്. കത്തോലിക്കാ എൻസൈക്ലോപീഡിയ പറയുന്നു:

"എന്തു തന്നെയായാലും സെന്റ് അതനാസിയന്റെ (എ.ഡി. 351) കത്തുകളിൽ നിന്നും വ്യക്തമായും മനസ്സിലാവുന്നത് വിശുദ്ധ പെസഹാവാരത്തിന്റെ മുന്നോടിയായിക്കൊണ്ട് തന്റെ നാട്ടുകാർ നാല്പത് ദിവസത്തെ നോമ്പ് ആചരിച്ചിരുന്നു എന്നാണ്. രണ്ടാമതായി എ.ഡി. 339ൽ അദ്ദേഹം റോമിലും യൂറോപ്പിന്റെ മറ്റു ഭാഗങ്ങളിലുമെത്തിയപ്പോൾ അദ്ദേഹത്തിന്റെ അധികാരപരിധിയിലുള്ള ക്രൈസ്തവർ ഈ നോമ്പ് നിർബന്ധപൂർവ്വം ആചരിക്കണമെന്ന് എഴുതി ആവശ്യപ്പെടുകയാണുണ്ടായത്"

ഈസ്റ്റർ എന്ന പദം ട്യൂട്ടോണിക് (ജർമ്മൻ) വസന്തദേവതയായ ഇയോസ്റ്ററെയു (Eostore) ടെ പേരിൽ നിന്നും നിഷ്പന്നമായതാവാം. അല്ലെങ്കിൽ ട്യൂട്ടോണിക് വസന്തോത്സവമായ ഈസ്റ്റ്യുറി (Eastur)ൽ നിന്നും വന്നതാവാം. (The Wrld Book Encyclopaedia Vo. VI. P. 25)

'Two Babylons' എന്ന പുസ്തകത്തിൽ റവ. അലക്സാണ്ടർ ഹിസ്ലോപ് ദേവമാതാവിന്റെയും അവരുടെ പുത്രന്റെയും ഉല്പത്തിയെപ്പറ്റി ചർച്ച ചെയ്യുന്നുണ്ട്. (പേജ്. 20) അദ്ദേഹം എഴുതുന്നു.:

"ദേവമാതാവിനെ വ്യാപകമായി ആരാധിക്കാൻ കാരണമായി വിശ്വസിക്കപ്പെടുന്നത്, ബാബിലോണിയക്കാർ ആരാധിക്കുന്ന സെമിറാമിസ് (Semiramis) എന്ന ആരാധനാമൂർത്തി മൂലമാണ്. റിയ (Rhea) എന്നുകൂടി നാമമുള്ള ഈ ദേവമാതാവിനെ മറ്റു കിഴക്കൻ ദേശക്കാരും ആരാധിക്കുന്നു. ഈ കന്യകാദേവതക്ക് പിറന്ന പുത്രനുമായി ബന്ധപ്പെട്ട ചില ആഘോഷങ്ങളും ഉണ്ട്. ആകാശദേവതയായ അഥവാ വസന്തത്തിന്റെയും ഫലസമൃദ്ധിയുടേയും ദേവകന്യകയായ അസ്റ്ററേറ്റിന്റെ അല്ലെങ്കിൽ ഇസ്താറിന്റെ ഉത്സവം സൂര്യൻ അതിന്റെ പരിക്രമണത്തിൽ വസന്തവിഷുഭരാശിയിലെത്തിയതിന് ശേഷമുള്ള പൂർണ്ണചന്ദ്രന് പിറകെ വരുന്ന ഞായറാഴ്ചയാണ് ആചരിക്കുക. സൂര്യന്റെ വാർഷിക പരിക്രമണവേളയിൽ ആകാശത്ത് മേടരാശിയിൽ കുരിശിന്റെ ആകൃതിയിൽ മധ്യരേഖ കടക്കുന്നു. ഇത് സൂര്യദേവന്റെ വിജയമായി കണക്കാക്കപ്പെടുന്നു. മനുഷ്യകുലത്തെ ഇരുട്ടിന്റെ ശക്തികളിൽ നിന്നും മോചിപ്പിക്കുന്ന തന്റെ ഏകമകനാൽ രചിക്കുന്ന സൂര്യദേവന്റെ കന്യകയായ രാജ്ഞി തുടർന്ന് വരുന്നു. അതിനുശേഷം വിശ്വാസികളെ നോക്കിപ്പാർക്കാൻ തന്റെ പുത്രനെ ആകാശത്തിലേക്കയക്കുന്നു. അതിനുശേഷം ആകാശത്തിലെ 'മേഷം' അഥവാ 'മേടം' (ആട്) ആയി അവൻ മാറുന്നു. ഈ ആഘോഷമാണ് ചൂടുള്ള കുരിശ്

ബൺ (Hot Cross Buns) ആയി ആഘോഷിക്കപ്പെടുന്നത്. വട്ടത്തിലുള്ള ബൺ സൂര്യനെ കുറിക്കുന്നു. അതിലുള്ള കുരിശടയാളം സൂര്യൻ ആകാശത്ത് ഉണ്ടാക്കുന്ന മാന്ത്രിക ചിഹ്നമാണ്. ഇരുട്ടിന്റെ ശക്തികളിൽ നിന്നും രക്ഷകനെ രക്ഷിക്കുന്നത് ഈ കുരിശാണ്.

ഈസ്റ്റർ എന്ന ചില ഭാഷകളിലെ പദങ്ങൾ ഹിബ്രുവിലെ 'പെസഹ' എന്ന പേരിൽ നിന്നും വന്നതാണ്. സ്പാനിഷ് സംസാരിക്കുന്ന ജനങ്ങൾ ഈസ്റ്ററിനെ പെസ്ക്വ (Pascua) എന്നാണ് വിളിക്കാറ്. ഇറ്റാലിയൻ ഭാഷക്കാർ ഈസ്റ്ററിനെ Pasquar എന്നും ഫ്രഞ്ചുകാർ Pasques എന്നും വിളിക്കുന്നു. ഈസ്റ്റർ പൗരാണികകാലത്തെ പ്രാകൃതജനങ്ങളുടെ വസന്തോത്സവകാലത്തെ നിരവധി ആഘോഷങ്ങളുമായി ബന്ധമുള്ളതാണ്. ചിലത് പെസഹാ ആഘോഷങ്ങളിൽ നിന്ന് വന്നതുമാണ്. (World Book of Encyclopaedia Vo. VI P. 26). അതുകൊണ്ട് സൂര്യദേവന്റെ വിജയം ആകാശത്തിലെ ആടിന്റെ സ്വാധീനം കൊണ്ടാണെന്ന് കണക്കാക്കപ്പെടുന്നത് സ്വാഭാവികമാണ്. അങ്ങനെ ഉയർന്നുപോകുന്ന രക്ഷകന്റെ പ്രതീകമായി ആട് ചിത്രീകരിക്കപ്പെട്ടു. അതിന്റെ വഴി ഭൂലോകത്ത് നിന്ന് ആകാശത്തേക്കുമായി ('Pagan and Christian Creed' P. 39).

'Golden Bough' എന്ന പുസ്തകത്തിൽ പ്രേസർ ഫ്രിജിയൻ, കന്യകയുടെ പുത്രനായ ദൈവമകനെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. അദ്ദേഹം ഒരു പൈൻ മരത്തിൽ കുരിശിക്കപ്പെടുകയും രക്തം വാർന്നു മരിക്കുകയുമാണ് ചെയ്തത്. അവന്റെ രക്തം ഭൂമിയെ ഫലഭൂയിഷ്ഠമാക്കി നവീകരിക്കുകയും മനുഷ്യവംശത്തിന് പുതിയ ജീവിതം പ്രദാനം ചെയ്യുകയും ചെയ്തു. ദൈവപുത്രൻ മരിച്ചവരുടെ ഇടയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തു. ഫ്രേസർ എഴുതുന്നു:

"അദ്ദേഹത്തിന്റെ മരണവും പുനരുത്ഥാനവും മാർച്ച് 24-ന് ആചരിക്കുമ്പോൾ കുരിശാകൃതിയിൽ ഉണ്ടാക്കിയ ഒരു പൈൻ മരത്തോട് അദ്ദേഹത്തിന്റെ പ്രതിമ കൂട്ടിക്കെട്ടുന്നു. ആ ദിനത്തെ അവർ 'രക്തത്തിന്റെ ദിനം' എന്നാണ് വിളിക്കാറ്. ആ ദിവസം മുതൽ ആരാധനാമൂർത്തി രക്തം വാർന്നൊഴുകി മരിക്കാൻ തുടങ്ങുന്നു. ക്രൂശിതനായ ആ രൂപം പിന്നീട് കല്ലറയിൽ വെക്കപ്പെടുന്നു. അപ്പോൾ പ്രതീകാത്മകമായ വിലാപങ്ങളും ഉയരുന്നു. തുടർന്ന് ദുഃഖമെല്ലാം പോയി സന്തോഷത്തിന്റെ സുദിനമായ പിറ്റേന്ന് കല്ലറ ശൂന്യമായി കാണപ്പെടുന്നു. മാർച്ച് 25-ന് ഉയിർത്തെഴുന്നേൽപ്പിന്റെ ദിനം ആഘോഷിക്കപ്പെടുന്നു. ഈ ചടങ്ങുകളിൽ രക്തം കൊണ്ടുള്ള ജ്ഞാന സ്നാനവും തിരുവത്താഴവും കൂടി ഉൾപ്പെടുന്നു.

ഈസ്റ്റർ കാലത്ത് പ്രകൃതിയിലേക്ക് തിരിച്ചുവരുന്ന നവചേതനയെ മുട്ട പ്രതിനിധീകരിക്കുന്നു. മുട്ട കൈമാറുന്ന സമ്പ്രദായം പണ്ട് കാലം മുതൽക്ക് തന്നെ ഉണ്ടായിരുന്നു. പുരാതന കാലത്ത് ഈജിപ്തുകാരും പേർഷ്യക്കാരും വസന്തകാലത്ത് മുട്ടക്ക് വർണ്ണങ്ങൾ ചാർത്തി സ്നേഹിതന്മാർക്ക് ഉപഹാരങ്ങളായി നൽകിയിരുന്നു. പേർഷ്യക്കാർ വിശ്വസിച്ചിരുന്നത് ഭൂമി തന്നെ വലിയൊരു അണ്ഡത്തിൽ നിന്നും പിറന്നു വീണതാണെന്നായിരുന്നു. ത്രിത്വസിദ്ധാന്തത്തിലും പുനരുത്ഥാന വാദത്തിലും ഇത്തരത്തിലുള്ള ആചാരങ്ങൾ കാണുക സ്വാഭാവികം മാത്രമാണ്. മെസപ്പൊട്ടേമിയയിലെ ക്രിസ്ത്യാനികളാണ് വർണ്ണമടിച്ച മുട്ടകൾ ആദ്യമായി ഈസ്റ്ററിന് ഉപയോഗിക്കാൻ തുടങ്ങിയത്.

ഈസ്റ്റർ മുയലിന്റെ (Easter Bunny) പിന്നിലുള്ള കഥ അവിശ്വസനീയമെന്നു മാത്രമല്ല ഭാവനയെപ്പോലും അമ്പരപ്പിക്കുന്നതാണ്. ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ഉറവിടമായ ദൈവത്താൽ സ്ഥാപിതമായത് എന്നവകാശപ്പെടുന്ന ഒരു മതം ഇത്തരം വിശ്വാസങ്ങൾ കൈക്കൊള്ളുന്നത് അത്ഭുതകരം തന്നെ! ചെറിയ കുഞ്ഞുങ്ങൾ ഈസ്റ്റർ മുയൽ ഈസ്റ്റർ മുട്ടകൾ ഇടുന്നു എന്ന് വിശ്വസിക്കുന്നു. വാർത്താമാധ്യമങ്ങളുടെ മുമ്പിൽ വെച്ച് വൈറ്റ്ഹൗസിന്റെ പുൽതകിടിയിൽ ഇത്തരം മനുഷ്യകൃതമായ ആചാരങ്ങൽ ആഹ്ലാദകരമായ അന്തരീക്ഷത്തിൽ മുതിർന്ന ക്രിസ്ത്യാനികൾ കാഴ്ചവെക്കുന്നു.

World Book of Encyclopaedia എഴുതുന്നു: "ഈ വിശ്വാസം മിക്കവാറും ജർമ്മനിയിൽ നിന്ന് വന്നതാകാനാണ് സാധ്യത. ഒരു ഇതിഹാസവിവരണപ്രകാരം ഒരു പാവപ്പെട്ട സ്ത്രീ ക്ഷാമ കാലത്ത് മുട്ടകൾക്ക് വർണ്ണമിട്ടുകൊണ്ട് ഈസ്റ്ററിന് തന്റെ കുഞ്ഞുങ്ങൾക്ക് സമ്മാനം നൽകാൻ ഒരു പക്ഷിക്കൂടിൽ ഒളിപ്പിച്ചു വെച്ചു. കുട്ടികൾ പക്ഷിക്കൂട് കണ്ടെത്തിയപ്പോൾ ഒരു മുയൽ അതിൽ നിന്നും ചാടിപ്പോയി. പിന്നീട് മുയൽ മുട്ടയിട്ടു എന്ന കഥയാണ് പ്രചരിച്ചത്."

പുനരുത്ഥാനം എന്ന് പറയപ്പെടുന്ന സംഭവം നടന്ന ജെറുസലേമിൽ വെച്ചായിരുന്നോ ആദ്യമായി ഈസ്റ്റർ ആഘോഷിച്ചത്? തീർച്ചയായും അല്ലായിരിക്കും. റോമൻ ആചാരങ്ങളാൽ സ്വാധീനിക്കപ്പെട്ട ഈജിപ്തിലെ അലക്സാണ്ട്രിയൻ ബിഷപ്പായിരുന്ന അതനാസിയസ് മുഖേന റോമിൽ വെച്ചായിരിക്കാം ഈസ്റ്റർ ആഘോഷം ആദ്യമായി നടന്നത്. ഈസ്റ്റർ മാത്രമല്ല, ഈസ്റ്റർ നോമ്പു (Lent) സഭയിലേക്ക് കടന്നുവന്നത് റോമിൽ വെച്ചാണ്. സുവിശേഷങ്ങളോ അപ്പോസ്തലന്മാരോ ഈ ആഘോഷം നടപ്പാക്കിയിട്ടില്ല.

സോക്രട്ടീസ് സ്കോളാസ്റ്റിക്കസ് (4-ാം നൂറ്റാണ്ട് എ.ഡി.) അദ്ദേഹത്തിന്റെ Ecclesiastical History (സഭാചരിത്രം) എന്ന ഗ്രന്ഥത്തിൽ എഴുതുന്നു:

"അപ്പോസ്തലന്മാരോ സുവിശേഷങ്ങളോ ഈസ്റ്റർ ആഘോഷിക്കാൻ പറഞ്ഞിട്ടില്ല. എവിടേയുമുള്ള മനുഷ്യൻ ആഘോഷങ്ങൾ ഇഷ്ടപ്പെടുന്നു. എല്ലായിടത്തുമുള്ള വ്യക്തികളും അവരവരുടെ ആഹ്ലാദത്തിനായി അവിടങ്ങളിലെല്ലാം ഈസ്റ്റർ ആഘോഷി

ക്കുന്നു. രക്ഷകനാകട്ടെ, അപ്പോസ്തലന്മാരാകട്ടെ ഈ ആഘോഷത്തിന് യാതൊരു നിയമവും നിർദ്ദേശിച്ചിട്ടില്ല. നാട്ടുനടപ്പനുസരിച്ച് അതാത് പ്രദേശത്തെ ഉത്സവാഘോഷങ്ങൾ ആചരിക്കുന്നത് പോലെയാണ് ഈസ്റ്ററും ആഘോഷിക്കുന്നത്. അതാത് പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് അത് ആഘോഷിക്കപ്പെടുന്നു. അപ്പോസ്തലന്മാർ ആരും തന്നെ അത് നിയമവിധേയമാക്കിയിട്ടില്ല. അതായത് ഈ ആചാരം നിയമപ്രകാരം ആവിർഭവിച്ചതല്ല. നാട്ടുനടപ്പിലൂടെ വന്നുചേർന്നതാണ്. വസ്തുതകൾ അതാണ് തെളിയിക്കുന്നത്. (Ecclesiastical History Chapt. 22)

ഇറണേവൂസ് അദ്ദേഹത്തിന്റെ പ്രസിദ്ധമായ എഴുത്തിലൂടെ നമ്മെ അറിയിക്കുന്നത്, നോമ്പും ഈസ്റ്ററും ക്രിസ്തുസഭയിൽ കടന്നുവന്നത് റോമിൽ വെച്ച് ബിഷപ്പ് സിസ്റ്റസിന്റെ കാലത്താണ് എന്നാണ്. ഈസ്റ്റർ എന്നത് വസന്തകാലത്തെ ഉത്സവമാണ്. അതാണ് ഉയിർപ്പ് പെരുന്നാൾ ആയി ആചരിക്കപ്പെടുന്നത്. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ കിഴക്കും പടിഞ്ഞാറുമുള്ള സഭകൾ തമ്മിൽ ഈസ്റ്റർ തിയ്യതിയെ സംബന്ധിച്ച് വളരെയേറെ തർക്കങ്ങളുണ്ടായി. ഈ വിഷയത്തെ സംബന്ധിച്ച് ബെദെ (Bede) എന്നയാൾ രണ്ടു വാള്യങ്ങളുള്ള ഗ്രന്ഥം രചിച്ചിട്ടുണ്ട്. കിഴക്കൻ സഭകൾ നോമ്പ് അവസാനിപ്പിച്ച് ഈസ്റ്റർ ആഘോഷിക്കുന്നത് ജൂത കലണ്ടറിലെ നിസ്സാൻ മാസത്തിലെ 14-ാം രാവിലാണ്. യഹൂദികളുടെ ഈജിപ്തിൽ നിന്നുള്ള പുറപ്പാട് ഈ ദിവസത്തിലായതുകൊണ്ട് ആ സംഭവവുമായി ഇതിനെ ബന്ധിപ്പിക്കുന്നു. പടിഞ്ഞാറൻ സഭകൾ അതിനെ ക്വാർട്ടോ ഡെസിമൻസ് (Quarto decimans) അതായത് 14 എന്ന് വിളിച്ചിരുന്നു. വസന്തവിഷുഭത്തിലെ പതിനാലാം രാവ് കഴിഞ്ഞ് ഞായറാഴ്ച ദിവസമാണ് പാശ്ചാത്യസഭകൾ ഈസ്റ്റർ ആചരിക്കുന്നത്. അന്ത്യോഗ്യൻ സഭ ഈസ്റ്റർ വ്യത്യസ്ത തിയ്യതികളിലാണ് ആചരിക്കുന്നത്. നിസ്സാൻ മാസത്തിലെ 14-ാം തിയ്യതിക്ക് ശേഷം വരുന്ന ഞായറാഴ്ചയാണ് അവർ ഈസ്റ്റർ ആഘോഷിക്കുന്നത്.

ഈ അവസരത്തിൽ (കമ്മോഡസിന്റെ ഭരണത്തിൽ ഏ.ഡി. 189ൽ) വമ്പിച്ച ഒരു വിവാദം പൊട്ടിപ്പുറപ്പെടുകയുണ്ടായി. പുരാതന ആചാരപ്രകാരം അവർ ചന്ദ്രമാസത്തിലെ പതിനാലാം ദിവസം (നിസ്സാൻ മാസത്തിലെ പതിനാലാം പൗർണമി ദിനം) ആണ് പെസഹാ ആഘോഷങ്ങൾ ആരംഭിക്കുന്നത്. പക്ഷേ, ലോകത്തിൽ മറ്റൊരിടത്തും ഇങ്ങനെ ആഘോഷങ്ങളുണ്ടായിരുന്നില്ല. ആയതിനാൽ ഇത് സംബന്ധിച്ച് ചർച്ച ചെയ്യാൻ ബിഷപ്പുമാരുടെ സുന്നഹദോസ് വിളിച്ചുകൂട്ടി. സസേറിയയിലെ ബിഷപ്പു തിയോഫിലസ്, ജെറുസലേം ബിഷപ്പു നാർസിസസ്, റോമിലെ ബിഷപ്പ് വിക്ടർ എന്നിവർ അദ്ധ്യക്ഷത വഹിച്ചു. (History of the Church by Easebius, Book 5, 23, P. 229-230)

ചൂടുപിടിച്ച ചർച്ചകൾക്ക് ശേഷം റോമൻ ബിഷപ്പ് പോപ്പ് വിക്ടർ (189 ഏ.ഡി.) ക്വാർട്ടോ ഡെസിമെൻ വിവാദം ഭീഷണിപ്പെടുത്തി അവസാനിപ്പിച്ചു. റോമൻ ആചാരവുമായി സഹകരിക്കാത്തവരെ സഭയിൽ നിന്നും പുറത്താക്കുമെന്നായിരുന്നു ഭീഷണി. ഏ.ഡി. 325ലെ നിഖ്യാ കൗൺസിലിൽ ഇത് സംബന്ധിച്ച് അന്തിമവിധിയുണ്ടായി. നിഖ്യായിലെ ആദ്യത്തെ കൗൺസിൽ നടന്നത് റോമൻ പോപ്പിന്റെ കാർമ്മികത്വത്തിലായിരുന്നില്ല. മറിച്ച് കോൺസ്റ്റന്റയിൽ ചക്രവർത്തിയുടെ ആധിപത്യത്തിലായിരുന്നു. പോണ്ടിഫ് മിക്സിമസ് എന്ന അദ്ദേഹത്തിന്റെ പരമോന്നത പദവി ഉപയോഗിച്ച് പാലിക്കേണ്ട ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഈ ക്രമീകരണങ്ങളിൽ ക്രിസ്റ്റോസിന്റെ അഥവാ ക്രിസ്തുവിന്റെ ജന്മദിനം നിമ്രോദ് മിത്രയുടെ ജന്മദിനം അന്നാണ്. കോൺസ്റ്റന്റയിൽ അതിനെ എക്സ്-മാസ് എന്നു പേരുവിളിച്ചു.

സൂര്യഭഗവാന്റെ ഏത് ദിവസത്തിലാണ് ഈസ്റ്റർ ആചരിക്കപ്പെടേണ്ടതെന്നും അദ്ദേഹം നിശ്ചയിച്ചു. യേശുവിന്റെ അദ്ധ്യാപനപ്രകാരമുള്ള ഏക ദൈവത്തിനു പകരം ത്രിത്വത്തിൽ ഏകത്വം എന്ന നിമ്രോദിന്റെ മിത്രായിസത്തിലെ അദ്ധ്യാപനങ്ങളാണ് അദ്ദേഹം നടപ്പാക്കിയത്. ബഹിഷ്കരണം നടപ്പാക്കിയത് മൂലം ഈസ്റ്റർ ദിനാചരണത്തിൽ ഏകോപനമില്ലായിരുന്നു.

ഇസൂബിയസ് വീണ്ടും എഴുതുന്നു:

"പണ്ട് പോളിക്രാറ്റസിന്റെ കാലം മുതൽ തങ്ങൾ ആചരിച്ചുവരുന്ന ഒരു ആഘോഷത്തെപ്പറ്റി ഏഷ്യൻ ബിഷപ്പ് ഒരു കത്തിലൂടെ റോമൻ ബിഷപ്പ് വിക്ടറിനെ അറിയിക്കുകയുണ്ടായി. വിക്ടർ റോമൻ ചർച്ചിൽ ആ ആഘോഷം ആരംഭിക്കാൻ പോവുകയാണ്. സന്മാർഗ്ഗനിഷ്ഠയോടുകൂടി ഞങ്ങളുടെ ഭാഗത്ത് നിന്ന് ഈ ദിനം ആചരിക്കുന്നു. യാതൊരു കൂട്ടിച്ചേർക്കലും കുറക്കലും കൂടാതെ". പോളിക്രാറ്റസ് പെസഹാദിനം പതിനാലാം ദിനമായി ആചരിച്ചതിന് നിരവധി രക്തസാക്ഷികളുടേയും സഭാപിതാക്കന്മാരുടേയും പേരുകൾ ഉദ്ധരിക്കുന്നുണ്ട്. സുവിശേഷപ്രകാരം യോഹന്നാൻ 12:1-12 വരെയുള്ള വചനങ്ങൾ കാണിക്കുന്നത് ക്രൂശീകരണം പെസഹാദിനത്തിലാണ് നടന്നതെന്നാണ്. അത് നിസാൻ മാസം 14-ന് ആണ് എപ്പോഴും ആചരിക്കപ്പെടുന്നത്. അണുമാത്ര പോലും വ്യതിചലിക്കാതെ വിശ്വാസനിയമങ്ങൾ പാലിക്കുകയാണ് ചെയ്യുന്നത്. അവസാനമായി പോളിക്രാറ്റസ് എന്നു വിളിക്കപ്പെടുന്ന ഞാനും ഏറ്റവും കുറഞ്ഞത് നിങ്ങളെല്ലാവരും എന്റെ കുടുംബത്തിന്റെ പാരമ്പര്യപ്രകാരം പ്രവർത്തിക്കുന്നു. ഞങ്ങളുടെ കുടുംബത്തിലെ ബിഷപ്പുമാരായ 7 പേരും ഞാനടക്കം 8 പേർ ഈ ദിനം ആചരിക്കുന്നു. കർത്താവിന്റെ ശുശ്രൂഷയിൽ കഴിഞ്ഞ 65 വർഷം കഴിയുകയും ലോകത്തുള്ള നിരവധി ജനങ്ങളെ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുകയും തിരുവചനങ്ങൾ ശ്രദ്ധാപൂർവ്വം അനുധാവനം ചെയ്യുന്നവരുമാണ് ഞങ്ങളുടെ കുടും

ബം. (The History of Churches - Book 5. 14:1)

അദ്ദേഹത്തോടൊപ്പമുള്ള ബിഷപ്പുമാരെക്കുറിച്ചും തന്റെ അഭിപ്രായം പങ്കിടുന്നവരെക്കുറിച്ചും പരാമർശിച്ച് അദ്ദേഹം എഴുതുന്നു:

'എന്റെ കൂടെ നിൽക്കുന്നവരും താങ്കളുടെ അപേക്ഷപ്രകാരം എന്റെ വിളിക്കുത്തരം ചെയ്തവരുമായ ബിഷപ്പുമാരുടെ പേര് എനിക്ക് എഴുതുവാൻ കഴിയും. ഞാൻ അവരുടെ പേരെഴുതുകയാണെങ്കിൽ ആ ലിസ്റ്റ് വളരെ നീണ്ടതായിരിക്കും. അവർ എന്റെ കത്ത് അംഗീകരിച്ചിരിക്കുന്നു.'

'അതിന്റെ ഫലമായി ഈ ജനകീയ റോമൻ സഭയുടെ തലവനായ വിക്ടർ ഏഷ്യൻ രൂപതകളെയും അയൽപക്ക രൂപതകളെയും മുഴുവൻ ഒറ്റയടിക്ക് വിശ്വാസ വിപരീതത്തിന്റെ പേരിൽ ഒറ്റപ്പെടുത്തുകയുണ്ടായി. അവിടെയുള്ള എല്ലാ ക്രിസ്തീയരെയും അപലപിച്ചുകൊണ്ടു അദ്ദേഹം കത്തെഴുതി. പക്ഷേ, മറ്റ് ബിഷപ്പുമാരുടെ നിലപാട് ഇതായിരുന്നില്ല. വിക്ടറിനെ ഇതിന്റെ പേരിൽ താക്കീത് ചെയ്ത മറ്റു ബിഷപ്പുമാരെക്കുറിച്ചും നമുക്കിന്നറിയാം. അവരിൽപ്പെട്ടയാളാണ് ഇറനാവൂസ്. ഗാവൂളിലെ അദ്ദേഹത്തിന്റെ ക്രിസ്തീയ സമൂഹത്തിനു വേണ്ടി ഇറനാവൂസ് എഴുതി:

"ദിവസത്തെക്കുറിച്ചു മാത്രമല്ല തർക്കം, ആഘോഷത്തിന്റെ സ്വഭാവത്തെക്കുറിച്ചുമുണ്ട്. അത്തരത്തിലുള്ള വ്യത്യാസങ്ങൾ നമ്മുടെ കാലത്ത് ആരംഭിച്ചതല്ല. നമ്മുടെ പൂർവ്വികരുടെ കാലത്ത് ആരംഭിച്ചതാണ്. അവർ ഇത്തരം കാര്യങ്ങളിൽ വലിയ കണിശതയൊന്നും പാലിച്ചിരുന്നില്ല. അവർ ഒരു സമയം നിശ്ചയിക്കുക മാത്രമാണ് ചെയ്തത്.

ആയതിനാൽ നോമ്പ് ചില ദിവസങ്ങളിൽ നീണ്ടുനിൽക്കുന്നു. ഒന്നോ രണ്ടോ ദിവസം അല്ലെങ്കിൽ ചില ആഴ്ചകൾ നീണ്ടുനിൽക്കാം. പാരമ്പര്യമായി അതിനെ നാൽപ്പത് ദിവസത്തെ ആഘോഷങ്ങൾ എന്നാണ് വിളിക്കപ്പെടുന്നത്. ബാബിലോണിയയിൽ 4000 വർഷങ്ങൾക്ക് മുമ്പേ ഇത് ആഘോഷിച്ചുവരുന്നു.

ക്രിസ്തുവിന് ശേഷം എട്ടാം നൂറ്റാണ്ട് വരെ അയർലണ്ട് മുതൽ ഏഷ്യാമൈനർ വരെയുള്ള സഭകളിൽ 40 ദിവസമായി അത് നിജപ്പെടുത്തിയിരുന്നില്ല.

ഈ തർക്കങ്ങളെസ്സംബന്ധിച്ചും അവ എങ്ങനെ പരിഷ്കൃതമായി എന്നതിനെക്കുറിച്ചും സജീവമായ ഒരു ചിത്രം പണ്ഡിതനായ ബീഡ് നൽകുന്നുണ്ട്. നോർത്തുംബ്രിയയിലുള്ള (Northumbria) രാജകുടുംബം ഇതു സംബന്ധിച്ചുള്ള അഭിപ്രായവ്യത്യാസം മൂലം പിളരുകയുണ്ടായി. രാജ്ഞി റോമൻ ആചാരത്തിന്റെ പക്ഷം പിടിച്ചപ്പോൾ രാജാവ് കെൽറ്റിക് (Celtic) വെൽഷ്, ഗേയ്‌ലിക്, ഐറിഷ്, സ്കോട്ടു എന്നീവിഭാഗങ്ങൾ വിവ:) രീതിയാണ് തിരഞ്ഞെടുത്തത്. അദ്ദേഹം അത് വിവരിക്കുന്നു.

'രാജാവ് നോമ്പ് അവസാനിപ്പിച്ച് ഈസ്റ്റർ കൊണ്ടാടുമ്പോൾ രാജ്ഞിയും പരിവാരങ്ങളും നോമ്പിലായിരിക്കും.'

ഒരു കുടുംബത്തെ നശിപ്പിക്കാൻ ഇത് ധാരാളം മതിയല്ലോ. പ്രശ്നം പരിഹരിക്കാൻ വിന്‍ബയിൽ രാജാവ് ഏ.ഡി. 664ൽ ഒരു യോഗം വിളിച്ചു കൂട്ടി. അവസാനം ഇരുകൂട്ടരും റോമൻ ആചാരം അംഗീകരിക്കാൻ തീരുമാനമായി. (Bede - A History of English Church and People) പന്ത്രണ്ടാം നൂറ്റാണ്ടുവരെ കിഴക്കൻ സഭയിലെ ഒക്ടേയ്‌വ് (എട്ടുനാൾ കൂടിവരുന്ന നാൾ) ഒരു ഈസ്റ്റർ വിശുദ്ധ ദിനമായിരുന്നു. ഇക്കാലത്ത് ഈസ്റ്റർ തിങ്കളാഴ്ചയും ഈസ്റ്റർ വെള്ളിയാഴ്ചയും വിശുദ്ധ ദിനമായി പരിഗണിക്കപ്പെടുന്നില്ല.

ഇറാസർ (Erazer) തന്റെ Golden Bough എന്ന പുസ്തകത്തിൽ എഡോയിൻ (Adoin) ദേവതയുടെ ഉത്സവങ്ങളും പ്രാകൃത ഗോത്രാചാരമായ ഈസ്റ്റർ ആഘോഷങ്ങളും തമ്മിൽ താരതമ്യം ചെയ്യുന്നുണ്ട്. അദ്ദേഹം എഴുതുന്നു:

'എല്ലാ ആചാരങ്ങളും... കല്ലറ, ധാന്യം കുതിർക്കുന്ന പാത്രം എല്ലാം തന്നെ പേരിനു മാത്രമാണ് മാറ്റം. ഇവയെല്ലാം എഡോയിൻ ആരാധനയുടെ അനുകരണം മാത്രമാണ്. ഇത് സിസിലയൻ ആചാരമോ കലാബ്റിയൻ ആചാരമോ അല്ല. എഡോയിൻ ദേവതയുടെ ഉത്സവാഘോഷം മാത്രമാണ്.'

റുഗ്ദ പ്രാകൃത ഗോത്രവിശ്വാസങ്ങൾ വളരെ വിദഗ്ധമായി എങ്ങനെ സഭാവിശ്വാസങ്ങളുമായി കൂട്ടിക്കലർത്തി എന്ന് നാം ചിന്തിക്കുമ്പോൾ അത്ഭുതപ്പെട്ടുപോകും. മരിച്ച യേശു ഉയിർത്തെഴുന്നേറ്റു എന്ന തെറ്റായ വിശ്വാസം പോലെ ഒരു വിശ്വാസം എഡോയിനുകളുടെ പ്രാകൃത വിശ്വാസത്തിലുമുണ്ട് (Golden Bough - 400)

ഈജിപ്തിലെയും പടിഞ്ഞാറൻ ഏഷ്യയിലെയും ഒസിറിസ് (Osiris) തമ്മി (Tammy) എഡോയിൻ (Adoin), അറ്റിസ് (Attis) മുതലായ പേരുകൾ വർഷാവർഷങ്ങളിലുള്ള സസ്യ നാശത്തേയും ചേതന നാമ്പിടുന്നതിനേയും സൂചിപ്പിക്കുന്നു. പ്രത്യേകിച്ച് സസ്യലതാദികളുടെ നാശവും വളർച്ചയും. കാരണം വർഷത്തിൽ മരിക്കുകയും ജീവിക്കുകയും ചെയ്യുന്ന ദേവതകളായി അവർ അതിനെ കാണുന്നു. എഡോയിൻ ആരാധന ബാബിലോണിയ, സിറിയ എന്നിവിടങ്ങളിലെ സെമിറ്റിക്ക് ജനതയുടെ ആരാധനകളാണ്. അത് ഗ്രീക്കുകാർ ബി.സി. 7-ാം നൂറ്റാണ്ടിൽ കടം വാങ്ങുകയാണുണ്ടായത്. അവർ വസിച്ചിരുന്ന നഗരത്തിന്റെ യഥാർത്ഥ പേര് താമൂസ് എന്നായിരുന്നു. എഡോയിൻ എന്ന സെമിറ്റിക് ജനത ദൈവത്തെ ബഹുമാനപുരസ്സരം വിളിക്കുന്നതാണ് എഡോൻ എന്ന നാമം. ഈ ബഹുമാനനാമം ഗ്രീക്കുകാർ ഒരു സർവ്വനാമമായി തെറ്റിദ്ധരിക്കുകയാണ് ചെയ്തത്.' (പേ. 378) വീണ്ടും അദ്ദേഹം തുടരുന്നു.

'എഡോയിനുകളുടെ ദുരന്തകഥകളും വിലാപങ്ങളും ഗ്രീക്ക് എഴുത്തുകാരിൽ നിന്നും എസക്കിയേൽ പ്രവാ

*(ശേഷം 22-ാം പേജിൽ)*

ലേഖനം

# മതം മാറുന്നവനെ വധിക്കാമോ?

ഏ.എം. മുഹമ്മദ് സലിം

## ഖുർആന്റെ അതുല്യമായ സ്വാതന്ത്ര്യസങ്കല്പത്തെപറ്റി 2006 സെപ്റ്റംബർ 20ന് കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിക്കപ്പെട്ട സെമിനാറിൽ അവതരിപ്പിച്ച പ്രബന്ധം.

വിയോജിപ്പ് അഥവാ യാഥാസ്ഥിതിയിൽ നിന്നുള്ള വ്യതിയാനമാണ് എല്ലാ പുരോഗതിയുടേയും അറിവിന്റേയും അടിസ്ഥാനം. പ്രകൃതിയുടെ വികാസനിയമത്തിന്റെ അന്തർധാരയും ഇതുതന്നെയാണ്. വിശ്വപ്രശസ്തനായ അഹ്മദി ചിന്തകൻ സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ 'ഇസ്ലാമും മനുഷ്യാവകാശങ്ങളും' എന്ന തന്റെ പുസ്തകത്തിന്റെ ആമുഖത്തിൽ എഴുതുന്നു: 'ജീവിതം സ്ഫോടനാത്മകമാണ്. മനുഷ്യനും മനുഷ്യസമുദായവും അപ്രകാരം തന്നെ. ഘർഷണമാണ് സ്ഫോടനാത്മകതയുടെ ഒരു മുഖ്യലക്ഷണം. സാമൂഹികമൂല്യങ്ങളുടെ അടിസ്ഥാനത്തിൽ പറയുമ്പോൾ വിയോജിപ്പ് എന്നും പലപ്പോഴും തർക്കം എന്നും ഇതിന് അർത്ഥം നൽകപ്പെടുന്നു. വിയോജിപ്പ് അല്ലെങ്കിൽ വിയോജിക്കുവാനുള്ള അവകാശം ആണ് എല്ലാ അറിവിന്റേയും അന്വേഷണത്തിന്റേയും പരിശോധനയുടേയും പര്യവേക്ഷണത്തിന്റേയും ഗവേഷണത്തിന്റേയും സർവ്വോപരി പുരോഗതിയുടേയും അടിത്തറ. ആകയാൽ ഭിന്നാഭിപ്രായം പ്രകടിപ്പിക്കാനും ചോദ്യം ചെയ്യുവാനും വിയോജിക്കുവാനും ആവശ്യമെങ്കിൽ പ്രതിഷേധിക്കുവാനുമുള്ള അവകാശം പരിരക്ഷിക്കാൻ പരിശ്രമിച്ചുകൊണ്ടിരിക്കെതന്നെ നമ്മുടെ അഭിപ്രായം, അത് മതപരമല്ല തത്ത്വചിന്താപരമോ ശാസ്ത്രസംബന്ധിയോ സാമൂഹികമോ സാമ്പത്തികമോ രാഷ്ട്രീയമോ എന്തായാലും ശരി, ഗുണപ്രദമായ രീതിയിലാണ് നശീകരണപരമായിട്ടല്ല സ്വാധീനം ചെലുത്തുന്നത് എന്ന് ഉറപ്പുവരുത്താനും നാം യത്നിക്കേണ്ടതുണ്ട്." (ഇസ്ലാമും മനുഷ്യാവകാശങ്ങളും).

പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച് വിപ്ലവനായകനായിരുന്ന വോൾട്ടയറുടെ ഒരു ദർശന സൂക്തം ഇങ്ങനെയായിരുന്നു: "ഞാൻ നിങ്ങളുമായി പരിപൂർണ്ണമായും വിയോജിക്കുന്നു. പക്ഷേ നിങ്ങൾക്ക് അത് പ്രകടിപ്പിക്കാനുള്ള സ്വാതന്ത്ര്യത്തിന് വേണ്ടി മരിക്കാൻ ഞാൻ തയ്യാറാണ്." ആധുനികരായ ഇത്തരം സ്വാതന്ത്ര്യ പ്രേമികളുടെ മനുഷ്യ സ്വാതന്ത്ര്യത്തിന്റെ മൂല്യസങ്കല്പങ്ങളെല്ലാം തന്നെ പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ തന്നെ വിശുദ്ധ ഖുർആനിൽ സംക്ഷേപിച്ചിരിക്കുന്നു എന്നത് അത്ഭുതാവഹമല്ലേ? ഗോത്രവർഗ്ഗ വിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ വാൾമുനയുടെ ബലത്തിൽ കാര്യങ്ങൾ നിർണ്ണയിക്കപ്പെട്ടിരുന്ന ഇരുൾ മുറ്റിയ 7-ാം നൂറ്റാണ്ടിൽ അവതരിച്ച ഖുർആനിലെ സ്വാതന്ത്ര്യസങ്കല്പങ്ങൾ കരിക്കട്ടക്കിടയിലെ വജ്രം പോലെ വെട്ടിത്തിളങ്ങി നിൽക്കുന്നു. ധാർമ്മികവും ആദ്ധ്യാത്മികവുമായ സനാതന മൂല്യങ്ങൾ കാലപരിണാമങ്ങൾക്കൊപ്പം മാറുന്നതല്ല. ഖുർആൻ ഒരിക്കലും പരിതഃസ്ഥിതിയുടെ സൃഷ്ടിയായിരുന്നില്ല. ഈ കാലപ്പഴക്കം തന്നെയാണ് ഖുർആനെ സ്വാതന്ത്ര്യപ്രേമികളുടെ ഒരു വിസ്മയമാക്കി മാറ്റുന്നത്. ആയിരത്തി നാന്നൂറ് വർഷങ്ങളായി ഇസ്ലാമിക ജീവിതത്തിന്റെ മൂല്യസ്രോതസ്സായി വർത്തിച്ച അതേ വിശുദ്ധ ഖുർ

ആൻ ഇതാ ഇപ്പോഴും നമ്മുടെ മുമ്പിൽ തുറന്നുവെച്ച ഒരു പുസ്തകമായി നിൽക്കുന്നു.

ഖുർആൻ പറയുന്നു. '***'മതത്തിൽ യാതൊരു നിർബന്ധവും പാടില്ല. നിശ്ചയമായും സന്മാർഗ്ഗം വഴികേടിൽ നിന്നും തികച്ചും വ്യതിരിക്തമാണ്'' (2:257) "ഇത് നിന്റെ നാഥനിൽ നിന്നുള്ള സത്യസന്ദേശമാകുന്നു. ഇഷ്ടമുള്ളവൻ വിശ്വസിച്ചുകൊള്ളട്ടെ, ഇഷ്ടമുള്ളവൻ അവിശ്വസിക്കുകകയും ചെയ്യട്ടെ*** (18:30) പ്രകൃതിയിൽ കാണുന്ന വൈവിധ്യങ്ങളും സമൂഹത്തിലെ ബഹുസ്വരതയും ദൈവത്തിന്റെ അടയാളങ്ങളാണെന്നാണ് ഖുർആൻ നിരവധി സൂക്തങ്ങളിലൂടെ മനുഷ്യനെ ഉദ്ബോധിപ്പിക്കുന്നത്. ഈ വൈവിധ്യങ്ങളും ബഹുസ്വരതയും ഇല്ലാതാക്കാൻ അധികാരബലം പ്രയോഗിക്കാൻ ആർക്കും അനുവാദമില്ലെന്ന് ഖുർആൻ ഉപദേശിക്കുന്നു. ***'നിന്റെ നാഥൻ ഇച്ഛിച്ചുവെങ്കിൽ നിശ്ചയമായും ഭൂമിയിലുള്ളവരെല്ലാം ഒന്നായി വിശ്വസിക്കുമായിരുന്നു. എന്നിരിക്കെ അവർ വിശ്വാസികളായിത്തീരാൻ നിനക്ക് ബലം പ്രയോഗിക്കാനൊക്കുമോ? (10:100) നിശ്ചയമായും മനുഷ്യവംശത്തിന്റെ ഗുണത്തിനായി നാം നിനക്ക് ഗ്രന്ഥത്തെ സത്യപൂർണ്ണമായ നിലയിൽ വെളിപ്പെടുത്തിത്തന്നിരിക്കുന്നു. ആർ സന്മാർഗ്ഗത്തെ പിന്തുടരുന്നുവോ അത് അവന്റെ ആത്മാവിന്റെ നന്മക്കായി മാത്രം. വഴിതെറ്റുന്നവരാരോ അവൻ അതിന്റേതായ നാശത്തിലേക്കും. അവരുടെ മേൽ നീ ഒരു സൂക്ഷിപ്പുകാരനായി നിയോഗിക്കപ്പെട്ടിട്ടില്ല*** (39:42) ഖുർആൻ വീണ്ടും പറയുന്നു: ***'അതിനാൽ നീ ഉപദേശിക്കുക. നീ ഒരു ഉപദേശകൻ മാത്രമാണ്. നീ അവരുടെ മേൽ അധികാരം നടത്തുന്നവനല്ല.*** (89: 22, 23). സ്വാതന്ത്ര്യപ്രേമികളെ ആവേശഭരിതരാക്കുന്ന ഖുർആന്റെ ഈ സ്വാതന്ത്ര്യ സങ്കല്പങ്ങൾക്ക് വിരുദ്ധമാണ് മതം മാറിയവനെ വധിച്ചുകളയണമെന്ന ഫാസിസ്റ്റു സിദ്ധാന്തം. ഇസ്‌ലാമിന്റെ പേരിൽ ഇത് ഉന്നയിക്കുന്നത് പകലും രാവും പോലെ ഇരുട്ടും വെളിച്ചവും പോലെ, പരസ്പര വിരുദ്ധമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ, ജമാഅത്ത് ഇസ്‌ലാമി എന്ന മതരാഷ്ട്രവാദത്തിന്റെ വക്താക്കളാണ് ആധുനികകാലത്ത് ഈ ഭീകരവാദം മുഴക്കുന്നത്. മതലോകത്ത് സ്വാതന്ത്ര്യസങ്കല്പങ്ങളുടെ ഹിമാലയം പോലെ നില്ക്കുന്ന അജയ്യമായ ഖുർആന്ന് ഈ ഭീകരവാദം വരുത്തിവെക്കുന്ന അപമാനം എത്ര ഹീനമാണെന്ന് ഇക്കൂട്ടർക്ക് മനസ്സിലാവുന്നില്ല.

ജമാഅത്തെ ഇസ്‌ലാമി സ്ഥാപകനായ മൗലാനാ അബുൽ അഅ്‌ലാ മൗദൂദി സാഹിബ് ഇത് സംബന്ധിച്ച് ഉർദുവിൽ 'മുർതദ് കി സസാ ഇസ്‌ലാമി ഖാനൂൻ മെ ('മതപരിത്യാഗിക്കുള്ള ശിക്ഷ ഇസ്‌ലാമികനിയമത്തിൽ') എന്ന ഒരു പുസ്തകവും എഴുതിയിട്ടുണ്ട്. അഫ്ഗാനിസ്ഥാനിൽ കഴിഞ്ഞ മാർച്ച് മാസത്തിൽ (2006) അബ്ദുറഹ്മാൻ എന്നയാൾ ക്രിസ്തുമതത്തിലേക്ക് മതം മാറിയപ്പോൾ അവിടുത്തെ തീവ്രവാദികളുടെ മതക്കോടതി അയാളെ വധശിക്ഷക്ക് വിധിക്കുകയുണ്ടായി. ഈ സംഭവത്തിൽ ലോകം മുഴുവൻ പ്രതിഷേധ കൊടുങ്കാറ്റിരമ്പിയപ്പോഴാണ് മുല്ലാക്കോടതി അയാളെ വധിക്കാതെ വിട്ടത്. ഇതു സംബന്ധിച്ച് കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണങ്ങളിൽ വധശിക്ഷയെ ന്യായീകരിച്ചുകൊണ്ടുള്ള ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടതും ദൗർഭാഗ്യകരമാണ്.

## ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാൻ ഉണ്ട്.

ഗണിതജ്ഞനും ദാർശനികനുമായിരുന്ന റെനെ ദെക്കാർത്തെയുടെ പ്രശസ്തമായ ഒരു തത്വശാസ്ത്ര വചനമുണ്ട് I think therefore I am. 'ഞാൻ ചിന്തിക്കുന്നു, അതിനാൽ ഞാൻ ഉണ്ട്.' എന്റെ ചിന്ത അല്ലെങ്കിൽ എന്റെ ആത്മബോധമാണ് എന്റെ വ്യക്തി സത്ത. ഞാൻ ആരാണെന്നും ഞാൻ എങ്ങനെ ചിന്തിക്കണമെന്നും എന്റെ മതം എന്തായിരിക്കണമെന്നും നിർണ്ണയിക്കാനുള്ള സമ്പൂർണ്ണാധികാരം എന്നിൽ മാത്രം നിക്ഷിപ്തമാണ്. ഓരോ ആൾക്കും ദൈവം നൽകിയ ഈ പാവനമായ ആത്മബോധമാണ് മാനുഷതയുടെ കാതൽ. ആ സ്വാത്മാധികാരം അഥവാ അന്ത:കരണ സ്വാതന്ത്ര്യം മറ്റൊരാളോ, മതസമുദായമോ, ഭരണകൂടമോ വ്യക്തിയിൽ നിന്ന് എടുത്തുമാറ്റുകയോ അയാൾക്ക് അത് നിഷേധിക്കുകയോ അതിനെ നിയന്ത്രിക്കുകയോ അതിലുപരി അതുപയോഗിക്കുന്നതിന്റെ പേരിൽ വധിക്കുകയോ ചെയ്യുന്നത് മനുഷ്യനെ മൃഗങ്ങളാണെന്ന് കരുതുന്നവർക്കേ സാധ്യമാകൂ.

ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ 18, 19 ഖണ്ഡിക മതസ്വാതന്ത്ര്യത്തെപറ്റിയുള്ളതാണ്. അതിപ്രകാരമാണ്:

***ചിന്ത, മനസ്സാക്ഷി, മതം എന്നിവയുടെ കാര്യത്തിൽ ഓരോരുത്തനും സ്വാതന്ത്ര്യമുണ്ട്. മതം മാറുവാനും തനിച്ചോ കൂട്ടായോ പരസ്യമായും രഹസ്യമായുമുള്ള ഉപദേശത്തിലൂടെയോ കർമ്മത്തിലൂടെയോ ആരാധനയിലൂടെയോ ആചരണത്തിലൂടെയോ തന്റെ മതമോ വിശ്വാസമോ പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും ഇതിലുൾപ്പെടുന്നു.***

***അഭിപ്രായ സ്വാതന്ത്ര്യവും അഭിപ്രായ പ്രകടന സ്വാതന്ത്ര്യവും ഓരോരുത്തനുമുണ്ട്. അന്യരുടെ ഇടപെടൽ കൂടാതെ സ്വന്തമായ അഭിപ്രായങ്ങൾ വെച്ചു പുലർത്താനും ഏത് ഉപാധിയിലൂടെയും രാജ്യാതിർത്തികളെ വകവെക്കാതെ അറിവുകളും ആശയങ്ങളും ആരായുവാനും സ്വായത്തമാക്കുവാനും പ്രചരിപ്പിക്കാനും ഉള്ള സ്വാതന്ത്ര്യം ഈ അവകാശത്തിലുൾപ്പെടുന്നു.***

അപ്രകാരം മഹത്തായ സെക്കുലർ പാരമ്പര്യമുള്ള നമ്മുടെ ഭരണഘടനയുടെ 25 മുതൽ 28 വരെയുള്ള വകുപ്പുകൾ മതസ്വാതന്ത്ര്യത്തിന്റെ മഹത്തായ പ്രഖ്യാപനങ്ങൾ കൂടിയാണ്. രാഷ്ട്രത്തിലെ പൗരന് ഇഷ്ടമുള്ള മതത്തിൽ വിശ്വ

സിക്കാനും വിശ്വസിക്കാതിരിക്കാനും, ആചരിക്കാനും, പ്രചരിപ്പിക്കാനും ഇഷ്ടമുള്ളപ്പോൾ വിട്ടുപോകാനുള്ള പാവനമായ അവകാശങ്ങളും ഈ വകുപ്പുകൾ നൽകുന്നു.

മനുഷ്യസമൂഹം ആദരിക്കുന്ന ഇത്തരം മനുഷ്യാവകാശങ്ങളിൽ മിക്കതും ഇസ്‌ലാമിക നിയമങ്ങൾ മാർഗ്ഗനിർദ്ദേശക തത്ത്വങ്ങളായി സ്വീകരിച്ച ഏതെങ്കിലും മുസ്‌ലിം രാജ്യങ്ങളിലുണ്ടോ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു. ജനാധിപത്യം, പത്രസ്വാതന്ത്ര്യം, മതപ്രചാരണസ്വാതന്ത്ര്യം, മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ എന്നിവയൊന്നും മിക്ക മുസ്‌ലിം രാജ്യങ്ങളിലുമില്ല. ഉണ്ടെങ്കിൽ തന്നെ പരിമിതമായിരിക്കും. ഇസ്‌ലാം വിഭാവന ചെയ്യുന്ന മനുഷ്യാവകാശങ്ങൾ, ഉറപ്പുവരുത്തുന്ന ആധുനികകാലത്തെ മൂന്നുപാധികളാണ് ഇവ. ഇതെല്ലാം ഭരണഘടനാപരമായി ഇസ്‌ലാമികമല്ലാത്ത ഒരു രാജ്യത്തെ ഇന്ത്യൻ മുസ്‌ലിം അനുഭവിക്കുമ്പോൾ ഈ സ്വാതന്ത്ര്യങ്ങൾ നിഷേധിക്കപ്പെട്ട മുസ്‌ലിം രാജ്യങ്ങളുടെ ഗതിവിപര്യയത്തെപ്പറ്റി ചിന്തിക്കാൻ നാം ബാധ്യസ്ഥരാണ്. ഇസ്‌ലാമിക മൂല്യങ്ങൾ പുലരുന്ന നമ്മുടെ രാജ്യം മതമൗലികവാദികൾക്ക് ദാറുൽ ഹർബ് ആണ്. അല്ലെങ്കിൽ പൈശാചിക ഭരണകൂടങ്ങളാണ് എന്നതാണ് കൗതുകകരം.

## പാകിസ്താനും സഊദി അറേബ്യയും ഏറ്റുമുട്ടുന്നു

1948ൽ ഐക്യരാഷ്ട്രസഭയിൽ വിളംബരം ചെയ്യപ്പെട്ട സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ മാതൃകാ മാനകം തയ്യാറാക്കുന്ന ജനറൽ അസംബ്ലിയിൽ മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച ആർട്ടിക്കിൾ 18, 19 വകുപ്പുകളുടെ ചർച്ചാ വേളയിൽ യാഥാസ്ഥിതിക രാജഭരണകൂടമായ സഊദിഅറേബ്യയും പാകിസ്താനും തമ്മിൽ ഏറ്റുമുട്ടിയ അപൂർവ്വമായ ഒരു സന്ദർഭത്തിന് സാക്ഷ്യം വഹിച്ച സംഭവത്തിലേക്ക് ഞാൻ നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കുകയാണ്.

**സഊദിയുടെ വീക്ഷണപ്രകാരം ഒരാൾ മതം മാറുന്നത് ശരീഅത്ത് നിയമത്തിന് വിരുദ്ധമാണ്. അതുകൊണ്ട് സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ അവകാശ പ്രഖ്യാപനമായി മതം മാറുവാനുള്ള അവകാശം എഴുതിച്ചേർക്കേണ്ടതില്ല എന്നായിരുന്നു സഊദി പ്രതിനിധി വാദിച്ചത് .........**

**അന്ന് പാകിസ്താനെ യു.എന്നിൽ പ്രതിനിധീകരിച്ച സർ സഫറുല്ലാഹ്ഖാൻ മനുഷ്യസ്വാതന്ത്ര്യത്തെ അങ്ങേയറ്റം വിലമതിച്ച പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ സഊദി സ്വീകരിച്ച പ്രതിലോമകരമായ നിലപാടിനെതിരെ ആഞ്ഞടിച്ചു.**

സഊദിയുടെ വീക്ഷണപ്രകാരം ഒരാൾ മതം മാറുന്നത് ശരീഅത്ത് നിയമത്തിന് വിരുദ്ധമാണ്. അതുകൊണ്ട് സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിൽ അവകാശ പ്രഖ്യാപനമായി മതം മാറുവാനുള്ള അവകാശം എഴുതിച്ചേർക്കേണ്ടതില്ല എന്നായിരുന്നു സഊദി പ്രതിനിധി വാദിച്ചത്. മതത്തിന്റെ പേരിൽ കലഹിച്ചു വാങ്ങിയതാണെങ്കിലും പാകിസ്താൻ ഒരു സെക്കുലർ രാഷ്ട്രമാകണമെന്ന് ആഗ്രഹിച്ച ഖായിദെ അഅ്സം മുഹമ്മദലി ജിന്നാ സാഹിബിന്റെ പ്രഭാവം നിലനിന്ന കാലമായിരുന്നു അത്. അന്ന് പാകിസ്താനെ യു. എന്നിൽ പ്രതിനിധാനം ചെയ്ത സർ സഫറുല്ലാഹ്ഖാൻ മനുഷ്യസ്വാതന്ത്ര്യത്തെ അങ്ങേയറ്റം വിലമതിച്ച പരിശുദ്ധ ഇസ്‌ലാമിന്റെ പേരിൽ സഊദി സ്വീകരിച്ച പ്രതിലോമകരമായ നിലപാടിനെതിരെ ആഞ്ഞടിച്ചു. ഖുർആൻ ഭാഷ്യകാരനും പിന്നീട് ലോകകോടതി ജഡ്ജിയുമായി മാറിയ സർസഫറുല്ലാഹ് ഖാൻ നിർദ്ദേശിച്ച അതേ വചനങ്ങൾ തന്നെയാണ് ആർട്ടിക്കിൾ 18, 19ൽ അവകാശപ്രഖ്യാപനമായി പിന്നീട് എഴുതി ചേർത്തത് എന്നത് സാർവദേശീയ മനുഷ്യാവകാശങ്ങളോട് ഖുർആന്റെ അനുപൂരകത്വം തെളിയിക്കുന്നു. ഇത് സംബന്ധിച്ച് David Little etal എഴുതിയ പുസ്തകത്തിലെ പരാമർശം ഇങ്ങനെയാണ്:

*'ചിന്താസ്വാതന്ത്ര്യത്തിന്റേയും വിശ്വാസസ്വാതന്ത്ര്യത്തിന്റേയും ശക്തനായ വക്താവായിരുന്നു പാകിസ്താൻ. ഈ വിഷയത്തിന്റെ ചില വീക്ഷണങ്ങൾ ഇസ്‌ലാമിന്റെ ആത്മാഭിമാനവുമായി ബന്ധപ്പെട്ടതാണെന്ന നിലക്ക് പാകിസ്താൻ പ്രതിനിധി സംഘത്തിന് ഈ വിഷയത്തിൽ പ്രത്യേക താൽപര്യമുണ്ടായിരുന്നു. ഇസ്‌ലാം മതം മനസ്സാക്ഷി സ്വാതന്ത്ര്യത്തിനുള്ള അവകാശം അസന്നിഗ്ധമായി പ്രഖ്യാപനം ചെയ്യുന്നു. മതവിശ്വാസ കാര്യത്തിലോ മതപ്രചാരണ കാര്യത്തിലോ യാതൊരുവിധ നിർബന്ധവും പാടില്ലെന്നും ഇസ്‌ലാം പ്രഖ്യാപിക്കുന്നു.* (Human Rights and Conflict of Cultures - by David Little etal P. 168).

ലോകത്തെമ്പാടുമുള്ള അംഗരാജ്യങ്ങളുടെ ദേശീയ ഭരണകൂടങ്ങൾക്ക് പ്രചോദനമായി മതസ്വാതന്ത്ര്യത്തെ സംബന്ധിച്ച മനുഷ്യാവകാശ പ്രഖ്യാപനത്തിലെ ആർട്ടിക്കിൾ 18, 19 ഇന്നും നിലകൊള്ളുന്നു.

എന്നാൽ പാകിസ്താനിൽ പിന്നീട് മനുഷ്യാവകാശത്തിന് സംഭവിച്ച വൈരൂപ്യവും വൈകൃതവും കൂടി ഇവിടെ വിവരിക്കേണ്ടതുണ്ട്. മനുഷ്യാവകാശത്തെക്കുറിച്ചാണല്ലോ നാം സംസാരിക്കുന്നത്. മുസ്‌ലിം കക്ഷികളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ മനുഷ്യാവകാശ ധ്വംസനങ്ങളും പീഡനങ്ങളും സഹിക്കുന്ന അഹ്മദിയ്യാ സമൂഹവുമായി ബന്ധപ്പെട്ടതാണത്. പാകിസ്താൻ പിന്നീട് മതസ്വാതന്ത്ര്യത്തിന്റെ കശാപ്പ്ശാലയാവുകയായിരുന്നു.

## ഇസ്‌ലാമിക ഭരണം

ജിന്ന മരിച്ച് ആറുമാസം കഴിഞ്ഞപ്പോൾ 1949 മാർച്ചിൽ പ്രധാനമന്ത്രി ലിയാഖത്ത് അലിഖാൻ പാക് മുല്ലായിസത്തിന്റെ സമ്മർദ്ദങ്ങൾക്ക് വഴങ്ങി ഭരണഘടനാ നിർമ്മാണ സമിതിയിൽ 'റജിസ്ട്രേഷൻ ഓഫ് ഒബ്ജക്ടീവ്സ്' എന്ന പ്രമേയം കൊണ്ടുവന്നു. അതിൽ പരമാധികാരം ജനങ്ങളിൽ എന്നതിന് പകരം 'പരമാധികാരം അല്ലാഹുവിന്' എന്ന് ഭേദഗതി എഴുതിച്ചേർത്തു. മതസ്വാതന്ത്ര്യനിഷേധികളായ മതരാഷ്ട്രവാദക്കാരുടെ ആഗ്രഹമനുസരിച്ചുള്ള പാകിസ്താന്റെ ആദ്യത്തെ ഭരണഘടനാ വ്യതിയാനമായിരുന്നു അത്. 'പരമാധികാരം അല്ലാഹുവിന്ന്, അല്ലെങ്കിൽ 'അല്ലാഹുവിന്റെ ഭരണം' എന്ന മുദ്രാവാക്യം സാധാരണ വിശ്വാസികളെ കബളിപ്പിച്ച് അധികാരക്കസേരയിൽ ആസനമുറപ്പിക്കാൻ മുല്ലായിസം ഉയർത്തുന്ന മുദ്രാവാക്യമാണ്.

ഇസ്‌ലാമിലെ മൂന്നാം ഖലീഫ ഹദ്റത്ത് ഉസ്മാനെ (റ) വധിച്ച ഖവാരിജുകൾ എന്ന തീവ്രവാദികളുടെ മുദ്രാവാക്യം ***'ഇനിൽ ഹുകുമു ഇല്ലാ ലില്ലാഹി'*** എന്നായിരുന്നല്ലോ (അല്ലാഹുവിനല്ലാതെ മറ്റാർക്കും വിധികൽപ്പിക്കാനുള്ള അധികാരമില്ല) - രാഷ്ട്രത്തിന്റെ അധികാരശക്തിയെ ദൈവത്തിന്റെ മുദ്രയെന്ന് വാഴ്ത്തിയ ജർമ്മൻ ഫാഷിസ്റ്റുകളുടെ രാഷ്ട്രത്തെപ്പറ്റിയുള്ള വിശേഷണവും എന്തായിരുന്നു എന്ന കാര്യവും നാമോർക്കണം. അതായത് 'രാഷ്ട്രം ഭൂമിയിലെ ദൈവത്തിന്റെ പ്രസ്ഥാനമാകുന്നു' എന്നാണതിന്റെയർത്ഥം. സേച്ഛാധിപത്യ പ്രവണതയുള്ള അധികാരഭ്രാന്തന്മാരെ ദൈവത്തെപ്പോലെ ചോദ്യം ചെയ്യാതെ നാം അനുസരിക്കണം എന്നല്ലാതെ ഈ മുദ്രാവാക്യത്തിന് ദൈവവുമായി യാതൊരു ബന്ധവുമില്ല.

## പാകിസ്താനും അഹ്മദികളുടെ പൗരാവകാശവും

അങ്ങനെ നാൾക്കുനാൾ മതസ്വാതന്ത്ര്യ നിഷേധങ്ങളുടെ ബ്ലാക് ഹോൾ ആയി മാറിയ പാകിസ്താനിലെ ഇസ്‌ലാമിന്റെ പേരിൽ നടത്തിയ എല്ലാ മനുഷ്യാവകാശ ധ്വംസനങ്ങളുടെയും കുറിമാനം അഹ്മദികളായിരുന്നു.

1953ലും 1974ലും പാകിസ്താനിൽ രക്തരൂക്ഷിതമായ അഹ്മദിയ്യാ വിരുദ്ധ കലാപം അടിച്ചുയരുകയുണ്ടായി. ഇതിനെ തുടർന്ന് 1974 സെപ്റ്റംബർ 7-ാം തിയ്യതി ഇസ്‌ലാമിന്റെ എല്ലാ പ്രമാണങ്ങളിലും അണുകിട വ്യത്യാസമില്ലാതെ വിശ്വസിക്കുകയും സ്വന്തം മുസ്‌ലിമാണെന്ന് കരുതുകയും ചെയ്യുന്ന അഹ്മദികളെ പാകിസ്താൻ നാഷനൽ അസംബ്ലി അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു.

പിന്നീട് പാകിസ്താൻ പട്ടാള സ്വേഛാധികാരി സിയാഉൽഹഖ് പ്രഖ്യാപിച്ച 20-ാം ഓർഡിനൻസ് പ്രകാരം അഹ്മദികളുടെ പൗരാവകാശങ്ങളും, മനുഷ്യാവകാശങ്ങളും, ജന്മാവകാശങ്ങളും കവർന്നെടുക്കപ്പെട്ടു. അവർ നമസ്കരിച്ചാലും ഖുർആൻ ഓതിയാലും, അസ്സലാമു അലൈക്കും എന്നുപറഞ്ഞാലും പാകിസ്താനിൽ ക്രിമിനൽ കുറ്റമാണ്. ഉല്പന്നങ്ങൾക്ക് പാറ്റന്റ് എന്ന പോലെ ദൈവത്തോടുള്ള ആരാധനയും അനുഷ്ഠാനങ്ങളും ചിഹ്നങ്ങളും ഭരണകൂടം ഇഷ്ടപ്പെടുന്ന ചിലർക്കുള്ള പ്രത്യേകാവകാശങ്ങളാക്കി പാകിസ്താനിൽ പാറ്റന്റ് ചെയ്യപ്പെട്ടു. മനുഷ്യാവകാശങ്ങളുടേയും മതസ്വാതന്ത്ര്യത്തിന്റേയും ഈ കിരാത വൈകൃതങ്ങൾ ഖുർആനിലും മനുഷ്യത്വത്തിലും വിശ്വസിക്കുന്ന ഇന്ത്യയിലെ ഏതെങ്കിലുമൊരു മുസൽമാന് ന്യായീകരിക്കാൻ സാധിക്കുമോ? ഇത് വർഗ്ഗീയ കലാപം പോലെയോ ആഭ്യന്തര യുദ്ധം പോലെയോ ഉള്ള സമൂഹത്തിന്റെ ഒരു പ്രക്ഷുബ്ധാവസ്ഥയോ പീഡനമോ അല്ല. ഒരു രാജ്യത്തെ വ്യവസ്ഥാപിത നിയമങ്ങളായി മനുഷ്യാവകാശത്തിന്നെതിരെ ഈ കിരാതനിയമങ്ങൾ നിലകൊള്ളുന്നു. ദക്ഷിണാഫ്രിക്കയിലുണ്ടായിരുന്ന അപാർത്തീഡ് നിയമത്തേക്കാൾ ക്രൂരമായതും ആംനസ്റ്റി ഇന്റർനാഷനലിന്റെ നിരന്തര വിമർശനത്തിന് വിധേയമായതുമായ ഈ നിയമം ലോകത്തിലെ മതസ്വാതന്ത്ര്യത്തിനെതിരെയുള്ള ഏറ്റവും പൈശാചികമായ നിയമമായി നിലകൊള്ളുന്നു. ഇസ്‌ലാമിന്റെ പേരിൽ നമ്മുടെ അയൽരാജ്യമായ പാകിസ്താനിലെ ഈ നീതിഹത്യയോട് ഇന്ത്യയിലെ ന്യൂനപക്ഷീയരായ മുസ്‌ലിംകളെ പ്രതിനിധാനം ചെയ്യുന്ന സംഘടനകളുടെ നിലപാട് എന്താണെന്നറിയാൻ കൗതുകമുണ്ട്.

മതസ്വാതന്ത്ര്യത്തോടു ആശാവഹമല്ലാത്ത നിലപാടാണ് ഇന്ത്യയിലെ സംഘ് പരിവാറും മതാഭിമുഖ്യമുള്ള രാഷ്ട്രീയ പാർട്ടികളും സ്വീകരിച്ചിരിക്കുന്നത് എന്നത് ഖേദകരമാണ്. മതംമാറ്റം നിരോധിക്കണമെന്നും അത് ക്രിമിനൽ കുറ്റം പോലെയുള്ള ഒന്നാക്കി വ്യവസ്ഥ ചെയ്യണമെന്നും അവർ പറയുന്നു. മതം വിശ്വസിക്കലും വിശ്വസിക്കാതിരിക്കലും രാഷ്ട്രവ്യവഹാരത്തിൽ പൗരന്റെ അന്തഃകരണ സ്വാതന്ത്ര്യത്തിലും അഭിപ്രായപ്രകടന സ്വാതന്ത്ര്യത്തിലും പെട്ടതാണ്. അത് യാതൊരു കാരണവശാലും നിഷേധിക്കപ്പെട്ടുകൂടാ. നാനാത്വത്തിൽ ഏകത്വം എന്ന മഹിതമായ ഭാരതീയ പാരമ്പര്യങ്ങൾക്കും ഇന്ത്യൻ ഭരണഘടനയുടെ സെക്കുലർ സങ്കല്പങ്ങൾക്കും അതെതിരാണ്. ●

(തുടരും)

### ഔദാര്യവാനും ലുബ്ധനും

തിരുനബി (സ) ഇങ്ങനെ അരുൾ ചെയ്തതായി ഹദ്റത്ത് ആയിശാ (റ) നിവേദനം ചെയ്യുന്നു. 'ഉദാരമനസ്കനായൊരു വ്യക്തി അല്ലാഹുവുമായി അടുത്തവനാണ്. ജനങ്ങളുമായി അടുത്തവനാണ്. സ്വർഗ്ഗവുമായി അടുത്തവനാണ്. എന്നാൽ നരകത്തിൽ നിന്നും ദൂരസ്ഥനാണ്. നേരെ മറിച്ച് ഒരു ലുബ്ധൻ അല്ലാഹുവിൽ നിന്നും ദൂരസ്ഥനാണ്. മനുഷ്യരിൽ നിന്നും ദൂരസ്ഥനാണ്. സ്വർഗ്ഗത്തിൽ നിന്നും ദൂരസ്ഥനാണ്. പക്ഷെ നരകവുമായി അടുത്തവനാണ്. ഉദാരമതിയായ അജ്ഞൻ ലുബ്ധനായ ആരാധകനെക്കാൾ അല്ലാഹുവിനു പ്രിയങ്കരനാണ്. ***(നബിവചനം - രിസാല ഖുശരിയ്യ:)***

ലേഖനം

# ഹദ്റത്ത് അഹ്മദ് (അ)ന്റെ ശൈശവം, ബാല്യം, കൗമാരം

ഏ.ക്യു. മഹ്ദി

## വാഗ്ദത്ത മസീഹിന്റെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം

**വാ**ഗ്ദത്ത മസീഹി (അ)നെപ്പറ്റി അഹ്മദികളായ നമുക്ക് പലതും അറിയാം; അദ്ദേഹത്തിന്റെ ആഗമനോദ്ദേശ്യം, ജീവിതചര്യകൾ, പ്രവചനങ്ങൾ, വെളിപാടുകൾ തുടങ്ങി പലതും. അവയെപ്പറ്റിയൊക്കെ നാം വായിച്ചറിഞ്ഞിട്ടുണ്ട്, മനസ്സിലാക്കിയിട്ടുമുണ്ട്. പ്രത്യേകിച്ച് നമ്മുടെ പഴയ തലമുറ. പഴയകാല അഹ്മദികൾക്കും നമ്മുടെ പുതിയ തലമുറയ്ക്കും അത്ര സുപരിചിതമല്ല, ഹദ്റത്ത് അഹ്മദി(അ)ന്റെ ശൈശവ ബാല്യകാലങ്ങൾ. അദ്ദേഹത്തിന്റെ ജനനവും, കുട്ടിക്കാലവും നാം അറിഞ്ഞിരിക്കേണ്ടതാണെന്നതിൽ സംശയമില്ല. അതെപ്പറ്റി തീരെച്ചെറിയ ഒരവലോകനമാണ് ഈ ലേഖനത്തിലൂടെ ഉദ്ദേശിക്കുന്നത്.

വാഗ്ദത്ത മസീഹിന്റെ ജനനം 1835 ഫെബ്രുവരി 13-നു (1250 ശവ്വാൽ 14) വെള്ളിയാഴ്ച പ്രഭാതത്തിലാണ്; ഇന്നേയ്ക്ക് 172 വർഷം മുമ്പേ പിതാവിന്റെ പേര് മിർസാ ഗുലാം മുർതസാ എന്നായിരുന്നു. ചിറാഗ് ബീബി ആയിരുന്നു അദ്ദേഹത്തിന്റെ വന്ദ്യമാതാവ്.

ഒരു മുൻപ്രവചനമനുസരിച്ച്, മസീഹി (അ)ന്റേത് ഒരു ഇരട്ടജനനമായിരിക്കുമെന്ന് സൂചിപ്പിക്കപ്പെട്ടിരുന്നു. അദ്ദേഹത്തോടൊപ്പം ഒരുപെൺകുഞ്ഞു കൂടി ജാതയായി. ജന്നത്ത് ബീബി എന്നു നാമകരണം ചെയ്യപ്പെട്ട ആ കുട്ടി ശൈശവത്തിൽ തന്നെ മരിച്ചുപോയി.

കുട്ടിക്കാലം മുതൽക്കേ ഹദ്റത്ത് അഹ്മദ് വളരെ പരിശുദ്ധമായ ഒരു ജീവിതമാണ് നയിച്ചിരുന്നത്. മറ്റു കുട്ടികളെപ്പോലെ ബാല്യകാലസഹജമായ വികൃതിത്തരങ്ങൾ പോലും ഇല്ലാത്ത അതീവശാന്തമായ ഒരു കുട്ടിക്കാലമായിരുന്നു അദ്ദേഹത്തിന്റേത്. ജീവിതത്തെ താൻ ഗൗരവമായാണ് വീക്ഷിക്കുന്നതെന്ന മട്ടിൽ ചെറുപ്പകാലം മുതൽക്കേ നേരമ്പോക്കുകളിൽ നിന്നും കളിതമാശകളിൽ നിന്നും വിട്ടൊഴിഞ്ഞ് ശാന്തമായ ഒരു സാത്വികജീവിതമാണ് അദ്ദേഹം നയിച്ചത്.

അന്ന്, സിക്കുകാരുടെ ഭരണകാലമായിരുന്നു. ഇന്നത്തെപ്പോലെ വിദ്യാഭ്യാസസൗകര്യങ്ങൾ പര്യാപ്തമായ നിലയിൽ തീരെയുണ്ടായിരുന്നില്ല അന്ന്. ജനങ്ങൾക്കു സ്വയം വിദ്യാഭ്യാസവിഷയത്തിൽ ഔൽസുക്യമോ താൽപര്യമോ തോന്നിയിരുന്നുമില്ല. ഭരണാധികാരികളും ആ വിഷയത്തിൽ തീരെ ശ്രദ്ധിച്ചില്ല. കോളേജുകളോ സ്ക്കൂളുകളോ വളരെ അപൂർവമായി മാത്രമേ ഉണ്ടായിരുന്നുള്ളൂ.

ഒരു പ്രഭുകുടുംബത്തിലായിരുന്നു ജനനമെന്നതിനാൽ ഹദ്റത്ത് അഹ്മദി (അ)ന്റെ ബാല്യകാല വിദ്യാഭ്യാസം അത്ര പ്രശ്നമുള്ളതായിരുന്നില്ല. അദ്ദേഹത്തിനു ആറേഴു വയസ്സുള്ളപ്പോൾതന്നെ, മകനെ അക്ഷരമഭ്യസിപ്പിക്കാനായി പിതാവ് ഒരു ഉസ്താദിനെ ഏർപ്പെടുത്തി. ഫസ്ൽ ഇലാഹി എന്നായിരുന്നു ആ ഗുരുനാഥന്റെ പേര്. അദ്ദേഹത്തിലൂടെ ബാലനായ അഹ്മദിനു വിശുദ്ധ ഖുർആനും, ഫാർസി പ്രാഥമിക പാഠങ്ങളും മനസ്സിലാക്കാൻ അവസരം ലഭിച്ചു. ബാലനു പത്തു വയസ്സായപ്പോൾ ഫസ്ൽ അഹ്മദ് എന്ന മറ്റൊരു അദ്ധ്യാപകനെക്കൂടി അദ്ദേഹത്തെ പഠിപ്പിക്കാൻ നിയോഗിച്ചു. ആ ഗുരുനാഥനിലൂടെ അല്പസ്വല്പം അറബി വ്യാകരണം പഠിച്ചു. ഒപ്പം തർക്കശാസ്ത്രവും, വൈദ്യവും പഠിക്കാനും അവസരമുണ്ടായി. ഹദ്റത്ത് അഹ്മദിന്റെ പിതാവ് മിർസാ ഗുലാം മുർതസാ സാഹിബ് ഒരു പ്രമുഖ വൈദ്യപണ്ഡിതൻ കൂടിയായിരുന്നു. അങ്ങനെയാണ് പിതാവിൽ നിന്നും വൈദ്യശാസ്ത്രം പഠിക്കാൻ അദ്ദേഹത്തിനു അവസരമുണ്ടായത്.

അദ്ദേഹത്തെ പഠിപ്പിക്കാൻ മുൻ

അദ്ധ്യാപകരായ ഫസ്ൽ ഇലാഹി, ഫസ്ൽ അഹ്മദ് എന്നിവരെക്കൂടാതെ, മൂന്നാമതൊരു ഗുരുനാഥനെക്കൂടി നിയോഗിച്ചു, ഗുൽ അലിശാ.

ആദ്യ ഗുരുനാഥന്മാരായ മൗലവി ഫസ്ൽ ഇലാഹി ഒരു ഹനഫി മദഹബുകാരനും, മൗലവി ഫസ്ൽ അഹ്മദ് അഹ്‌ലെ ഹദീസ് കക്ഷിയിൽപെട്ട ആളുമായിരുന്നു. മൂന്നാമത്തെ അദ്ധ്യാപകനായ മൗലവി ഗുൽ അലീശായാകട്ടെ ശിയാ കക്ഷിക്കാരനും. അങ്ങനെ, ഇസ്‌ലാമിലെ മൂന്നു പ്രധാന കക്ഷികളിൽപെട്ട ഉസ്താദുമാരുമായി അടുത്ത ബന്ധം പുലർത്താൻ ഇടയായതു മൂലം വിവിധ ഇസ്‌ലാമിക വിഭാഗക്കാരുടെ വിശ്വാസാചാരങ്ങളെക്കുറിച്ചുള്ള ഒരു ഏകദേശ ജ്ഞാനം അദ്ദേഹത്തിനു ലഭിച്ചു. ഇസ്‌ലാമിലെ വിഭിന്ന കക്ഷിക്കാർക്കിടയിൽ 'നീതിമാനായ വിധികർത്താവ്' ആയിത്തീരേണ്ട ഭാവി 'മഹ്ദി ഇമാ'മിന്, ഇങ്ങനെ മൂന്നു വ്യത്യസ്തകക്ഷികളിൽപെട്ട ഗുരുനാഥന്മാരെ ലഭിച്ചത്, ദൈവികമായ ഒരു ഉദ്ദേശലക്ഷ്യമായിരുന്നിരിക്കണം.

ബാല്യകാലത്ത് കളിതമാശകളിൽ അമിതതാൽപര്യം പ്രകടിപ്പിക്കാത്ത ഹദ്റത്ത് അഹ്മദ്, വ്യായാമ കാര്യത്തിൽ വളരെ ശ്രദ്ധാലുവായിരുന്നു. അദ്ദേഹത്തിനു ഏറ്റവും ഇഷ്ടപ്പെട്ട കായികവിനോദം നീന്തലായിരുന്നു. ഒരിക്കൽ ഒരു വിചിത്രാനുഭവം പോലും ഉണ്ടായി. നീന്തിക്കളിക്കുന്നതിനിടെ ഒരു പുഴയിൽ അദ്ദേഹം മുങ്ങിപ്പോകുന്ന അവസ്ഥയുണ്ടായി. ഒരു അജ്ഞാതവൃദ്ധനാണ്, അദ്ദേഹത്തെ മരണത്തിൽ നിന്നും രക്ഷപ്പെടുത്തിയത്. രക്ഷാകവാടം തുറന്ന് അദ്ദേഹത്തെ രക്ഷിച്ച ആ വൃദ്ധനെപ്പറ്റി പിന്നീട് അറിവൊന്നും ഉണ്ടായില്ല.

കുതിരസ്സവാരിയും അദ്ദേഹത്തിനു ഇഷ്ടമായിരുന്നു. ഒരിക്കൽ, ഒരു കുതിരപ്പുറത്ത് വളരെ വേഗത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കെ, കുതിര വിരണ്ടോടുകയും അത് ഒരു വൻവൃക്ഷത്തിൽ ചെന്നിടിച്ച് ചത്തുപോകുകയും ചെയ്തു. എന്നാൽ, സവാരിക്കാരനായ അദ്ദേഹത്തിനു ഒരു പോറൽ പോലും ഏറ്റില്ല.

ഒരു കായികവിനോദമെന്ന നിലയിൽ ഓട്ടമത്സരങ്ങളിൽ അദ്ദേഹം പങ്കെടുക്കാറുണ്ടായിരുന്നു. സിയാൽകോട്ട് വച്ച് ഒരു ഓട്ടപ്പന്തയത്തിൽ ബല്ലാസിംഗ് എന്നൊരു സിക്കുകാരനെ തോൽപ്പിച്ച് അദ്ദേഹം ഒന്നാം സ്ഥാനത്തെത്തിയ സംഭവവും ഉണ്ടായിട്ടുണ്ട്.

ഇതൊക്കെയാണെങ്കിലും ആധുനിക കാലത്ത് ഇന്ന് ഏറ്റവും നല്ല വ്യായാമമെന്ന് അംഗീകരിക്കപ്പെട്ടിട്ടുള്ള നടത്തത്തിൽ അദ്ദേഹത്തിന് ഹരമുണ്ടായിരുന്നു. നാഴികകളോളം, വളരെ വേഗത്തിൽതന്നെ നടന്നു പൂർത്തിയാക്കുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. ഈ വ്യായാമം അദ്ദേഹം ജിവിതാന്ത്യം വരെ തുടരുകയും ചെയ്തിരുന്നു.

അദ്ദേഹത്തിനു 16 വയസ്സുള്ളപ്പോഴാണ് മാതുലപുത്രിയായ ഹുർമത്ത് ബീബിയുമായുള്ള വിവാഹം. ഈ വിവാഹത്തിൽ അദ്ദേഹത്തിനു രണ്ടു പുത്രന്മാരുണ്ടായി, മിർസാ സുൽത്താൻ അഹ്മദും, മിർസാ ഫസ്ൽ അഹ്മദും.

ഹദ്റത്ത് അഹ്മദ് ഒരു ലജ്ജാശീലനും ശാന്തനുമായിരുന്നു. വിവാഹാനന്തരവും ഈ പ്രകൃതത്തിനു വലിയ മാറ്റമൊന്നും വന്നില്ല.

ഒരിക്കൽ ഖാദിയാന് അടുത്തു താമസിക്കുന്ന ഒരു ഹിന്ദു മാന്യൻ, മസീഹി (അ)ന്റെ പിതാവിനെ കാണാൻ എത്തി. അദ്ദേഹം ഇങ്ങനെ ചോദിച്ചു,

"മിർസാ മൂർത്തസാ സാഹിബ്, അങ്ങയുടെ മൂത്തമകനെ എനിക്കറിയാം, പരിചയപ്പെട്ടിട്ടുമുണ്ട്. ഇളയ മകനെ ഇതുവരെ കണ്ടില്ലല്ലോ.....

അപ്പോൾ കിട്ടിയ മറുപടി ഇതായിരുന്നുവത്രെ. "അതെ, ഗുലാം ഖാദറിന്റെ നേരേ ഇളയവനാണ് അവൻ, ഗുലാം അഹ്മദ്. അവൻ എപ്പോഴും ഏകാന്തനായിട്ടാണു കഴിയുന്നത്, തികച്ചും ശാന്തഭാവനായി....."

''താങ്കൾക്ക് ഞാൻ ഇപ്പോൾതന്നെ അവനെ വിളിച്ചു പരിചയപ്പെടുത്തിത്തരാം...."

ഉടൻതന്നെ പിതാവ് മകനെ വിളിച്ചുകൊണ്ടുവരാൻ ആളയച്ചു. ഗുലാം അഹ്മദ് മെല്ലെ നടന്നുവന്ന് പിതാവിന്റെ പിന്നിൽ വിനയാന്വിതനായി നിലയുറപ്പിച്ചു. അപ്പോഴും അദ്ദേഹം നിശബ്ദനായിട്ടാണു നിന്നത്.

പിതാവ്, ആ ഹിന്ദുമാന്യനോട് തമാശ മട്ടിൽ പറഞ്ഞുവത്രെ,

'നോക്കൂ... നിങ്ങളൊക്കെ ഈ നവോഢയെ ഇപ്പോൾ നേരിട്ടു കണ്ടുവല്ലൊ'...?

തെല്ലു വാൽസല്യം കലർന്ന തമാശമട്ടിൽ അദ്ദേഹം തുടർന്നു.

"എന്റെ ഈ മകൻ ഒരു മൊല്ലയാണ്, ഒരു ജോലിയും ചെയ്യില്ല. സമ്പാദിക്കാനും അവനു താൽപര്യമില്ല...."

ചിരിച്ചുകൊണ്ട് ആ പിതാവ് മുഖം ചെരിച്ച് മകനെ നോക്കിപ്പറഞ്ഞു.

"ശരി, പോകൂ - നിന്നെ ഏതെങ്കിലും പള്ളിയിലെ മുക്രിയായി നിയമിക്കാം. പത്തു മന്നു ധാന്യമെങ്കിലും വീട്ടിലേയ്ക്കു കിട്ടുമല്ലോ...."

നമ്രശിരസ്കനായി, തിരികെ ഒന്നും പ്രതിവചിക്കാൻ നിൽക്കാതെ ഗുലാം അഹ്മദ് സ്ഥലം വിട്ടു.

കുടുംബത്തിലെ മറ്റംഗങ്ങളിൽ നിന്നും, സമവയസ്കരിൽ നിന്നുമെല്ലാം തികച്ചും വ്യത്യസ്തനായി ഹദ്റത്ത് അഹ്മദ്, അദമ്യമായ ജ്ഞാന ദാഹം പ്രകടിപ്പിച്ചിരുന്നു. പഠനപാരായണങ്ങളിൽ അദ്ദേഹം അതീവ ശ്രദ്ധാലുവുമായിരുന്നു. അധികസമയവും പള്ളിയിൽ ധ്യാനനിരതനായി കഴിച്ചുകൂട്ടാനാണ് അദ്ദേഹം താൽപര്യം പ്രകടിപ്പിച്ചത്. ഒപ്പം സ്വപിതാവിന്റെ ഗ്രന്ഥശേഖരത്തിൽ നിന്നുള്ള പുസ്തകങ്ങളുടെ പാരായണവിഷയ

*(ശേഷം 22-ാം പേജിൽ)*

ലേഖനം

# ചാവുകടൽ ചുരുളുകളിലെ 'സാത്വികരുടെ ഗുരു' ആരാണ്?

ഖാലിദ് സൈഫുല്ല -
ആസ്ത്രേലിയ

**ഫലസ്തീനിൽ നിന്നും 1948-ൽ കണ്ടെടുക്കപ്പെട്ട ചാവുകടൽ ചുരുളുകൾ യേശുവിനെസ്സംബന്ധിച്ച അമൂല്യമായ ഒരു ചരിത്രരേഖയാണ്. ചുരുളുകളിലെ ലിഖിതങ്ങളിൽ പ്രതിപാദിക്കപ്പെട്ട 'സാത്വികരുടെ ഗുരു' (Teacher of the Righteous) ആരാണ്?**

ചാവുകടൽ ചുരുളുകളിലെ (Dead Sea Scrolls) ലിഖിതങ്ങളിൽ പ്രതിപാദിക്കപ്പെടുകയും ആവർത്തിച്ചാവർത്തിച്ച് ഉദ്ധരിക്കപ്പെടുകയും ചെയ്യുന്ന വ്യക്തി 'സാത്വികരുടെ ഗുരു' (Teacher of the Righteous) എന്ന് വിളിക്കപ്പെടുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ പേര് മറച്ചുവെച്ച് പ്രതിപാദിക്കപ്പെടാൻ കാരണം അദ്ദേഹത്തിന്റെ ജീവനു നേരെ അനേകം തവണ വധശ്രമമുണ്ടായിട്ടുണ്ട് എന്നതാണ്. സുരക്ഷ പരിഗണിച്ചാണ് അദ്ദേഹത്തിന്റെ പേരു പറയാതെ 'സാത്വികരുടെ ഗുരു' എന്ന് സംബോധന ചെയ്തത്. ചിലരുടെ അഭിപ്രായപ്രകാരം 'സാത്വികരുടെ ഗുരു' എന്ന് വിളിക്കപ്പെട്ട വ്യക്തിയുടെ കാലത്ത് തന്നെയാണ് ചുരുളുകൾ എഴുതപ്പെട്ടത്. പിൽക്കാലത്താണ് എഴുതപ്പെട്ടിരുന്നതെങ്കിൽ അത്തരമൊരു മുൻകരുതലിന്റേയോ, പേരു മറച്ചുവെക്കലിന്റേയോ ആവശ്യമുണ്ടായിരുന്നില്ല.

പണ്ഡിതന്മാർ 'സാത്വികരുടെ ഗുരുവിനെ'പ്പറ്റി വിവിധങ്ങളായ അഭിപ്രായങ്ങളാണ് വെച്ചുപുലർത്തുന്നത്. ജെ.എൻ. തെയ്ച്ചറുടെ (Teicher) ശക്തമായ അഭിപ്രായം 'സാത്വികരുടെ ഗുരു' യേശുവാ(അ)ണെന്നാണ്. ബാർബറ (Barbara) കരുതുന്നത് അത് സ്നാപക യോഹന്നാനാണെന്നാണ്. ഈസിൻമാൻ (Eiserman) ആകട്ടെ ജെയിംസ് (യേശുവിന്റെ സഹോദരൻ) ആണെന്നുമാണ്.

## സാത്വികരുടെ ഗുരു

ചുരുളുകളിൽ വിവരിക്കപ്പെട്ട 'സാത്വികരുടെ ഗുരു' ഇസ്രായേൽ ഗോത്രത്തിലെ ഒരാളായിട്ടാണ് ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. ക്രിസ്തുമതം പിറക്കുന്നതിന് മുമ്പേ പിതാവില്ലാതെയാണ് അദ്ദേഹം ജനിക്കുന്നത്. അദ്ദേഹത്തിന്റെ മാതാവ് അദ്ദേഹത്തെ ദൈവത്തിനു വേണ്ടി സമർപ്പിക്കുകയുണ്ടായി. അദ്ദേഹം ദൈവത്തിന്റെ ഏകത്വത്തിലായിരുന്നു വിശ്വസിച്ചത്. യഹൂദന്മാർക്ക് മിശിഹാ ആയി അയക്കപ്പെട്ടവനാണ് താനെന്ന് അദ്ദേഹം വിശ്വസിച്ചു. പരിശുദ്ധാത്മാവിനാൽ അദ്ദേഹം സഹായിക്കപ്പെട്ടിരുന്നു. ദൈവത്തിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം അദ്ദേഹം 'തോറ' വ്യാഖ്യാനിച്ചു. ജൂതപുരോഹിതന്മാരാൽ അദ്ദേഹം നിശിതമായി വിമർശിക്കപ്പെട്ടു. ജൂതപുരോഹിതന്മാരുടെ നേതാവിനെ അദ്ദേഹം 'കിറുക്കനായ പുരോഹിതൻ' എന്നാണ് വിശേഷിപ്പിച്ചത്.

അദ്ദേഹത്തിന്റെ ജീവനുനേരെ വധശ്രമമുണ്ടാവുകയും അദ്ദേഹം ക്രൂരമായി പീഡിപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ, ദൈവം അദ്ദേഹത്തെ രക്ഷിച്ചു. അദ്ദേഹം വിദൂരദേശങ്ങളിലേക്ക് കുടിയേറിപ്പാർക്കാൻ നിർബന്ധിതനാവുകയും അവിടെ അദ്ദേഹം സ്വീകരിക്കപ്പെടുകയും അദ്ദേഹത്തിന്റെ വാദം അംഗീകരിക്കപ്പെടുകയും ചെയ്തു. അദ്ദേഹം തന്റെ

സ്വദേശത്തുനിന്നും പോകുന്നതിന് മുമ്പേ, സത്യത്തിന്റെ ശത്രുക്കളായ തന്റെ വിരോധികൾ ദൈവത്താൽ ശിക്ഷിക്കപ്പെടുമെന്നും തന്നെ നിഷേധിച്ചവർക്കുമേൽ തന്റെ അനുയായികൾ മേൽക്കൈ നേടുമെന്നും പ്രവചിച്ചു.

## ആ ഗുരു യേശു (അ)വായിരുന്നുവോ?

ജെയിംസ് സ്വയം തന്നെ യേശുവി(അ)ന്റെ അനുയായിയായിരുന്നു എന്നിരിക്കെ ജെയിംസിന് 'സാത്വികരുടെ ഗുരു' എന്ന ഉന്നതമായ സ്ഥാനം നൽകപ്പെടുന്നതെങ്ങനെ? അദ്ദേഹത്തിന്റെ വചനങ്ങൾ ചാവുകടൽ ചുരുളുകളിൽ സ്ഥാനം പിടിക്കാനും സാധ്യതയില്ല. ഈസിൻമാനെപ്പോലെയുള്ള ഉന്നതന്മാരായ പണ്ഡിതന്മാർ ഇത്തരം വസ്തുതകൾ അവഗണിച്ചുകൊണ്ട് ജെയിംസാണ് 'സാത്വികരുടെ ഗുരു' എന്ന തങ്ങളുടെ സിദ്ധാന്തം ഉന്നയിക്കുന്നത് അത്ഭുതകരമായിരിക്കുന്നു. സാത്വികരുടെ ഗുരു യോഹന്നാൻ സ്നാപകനും ആവാൻ തരമില്ല. ഡോ. വിൽ വാർനർ (Dr. Will Warner) തന്റെ (Christian Anwers Network) എന്ന പുസ്തകത്തിൽ യോഹന്നാൻ സ്നാപകന്റെ അദ്ധ്യാപനങ്ങൾക്ക് ഖുംറാൻ സമൂഹത്തിന്റെ (ചാവുകടൽ ചുരുളുകൾ എഴുതുകയും സൂക്ഷിക്കുകയും ചെയ്ത ഫലസ്തീനിലെ ഖുംറാൻ താഴ്വരയിലെ ജൂതസമൂഹം) അദ്ധ്യാപനങ്ങളുമായി തമ്മിൽ വളരെയേറെ അന്തരമുണ്ടെന്ന് സ്ഥാപിച്ചിട്ടുണ്ട്.

എന്റെ വീക്ഷണപ്രകാരം ചാവുകടൽ ചുരുളുകളിലെ സാത്വികരുടെ ഗുരു യേശുവല്ലാതെ മറ്റാരുമല്ല. യേശുവും സാത്വികരുടെ ഗുരുവുമായുള്ള പ്രകടമായ സാമ്യത വളരെ വ്യക്തമാണ്. പ്രഗത്ഭ ഫ്രഞ്ച് പണ്ഡിതനായ ഡ്യൂപോണ്ട് സോമർ തന്റെ 'The Dead Sea Scrolls, a preliminary survery' പുസ്തകത്തിൽ രണ്ടുപേരും തമ്മിലുള്ള സാമ്യതകൾ അക്കമിട്ടു നിരത്തുന്നുണ്ട്. എന്നിട്ടും അദ്ദേഹം മറ്റൊരു നിഗമനത്തിലാണ് എത്തിച്ചേരുന്നത്. യേശുവും സാത്വികരുടെ ഗുരു എന്ന് വിശേഷിപ്പിക്കപ്പെട്ട വ്യക്തിയും തമ്മിൽ സർവ്വവിധ സാമ്യതയുമുണ്ടായിരിക്കെ ഡ്യൂപോണ്ട് അവസാനം മറ്റൊരു വ്യക്തിയായിട്ടാണ് സാത്വികരുടെ ഗുരുവിനെപ്പറ്റി പറയുന്നത്. അദ്ദേഹം എഴുതുന്നു:

പുതിയനിയമത്തിലെ ഗലീലിയൻ ഗുരുവിനെപ്പോലെ നിരവധി ഘടകങ്ങളിൽ സാമ്യതയുള്ള അത്ഭുതകരമായ ഒരു പുനരവതാരം പോലെ സാത്വികരുടെ ഗുരു വിവരിക്കപ്പെട്ടിരിക്കുന്നു. പാപികളോട് അനുതാപം പ്രകടിപ്പിക്കാനും, നിസ്വതയും എളിമയും പുലർത്താനും, ജീവിതപരിശുദ്ധി അവലംബിക്കാനും അദ്ദേഹം പ്രബോധനം ചെയ്തു. യേശുവിനെപ്പോലെ സാത്വികരുടെ ഗുരുവും പൂർണ്ണമായും മോസസിന്റെ നിയമം പാലിക്കാൻ ഉപദേശിച്ചു. അദ്ദേഹത്തിനും വെളിപാടുകളുണ്ടായിട്ടുണ്ട്. യേശുവിനെപ്പോലെ അദ്ദേഹവും ലോകത്തെ വീണ്ടെടുക്കാൻ വേണ്ടി ദൈവത്തിന്റെ മിശിഹായായി തിരഞ്ഞെടുക്കപ്പെട്ടതാണ്. യേശുവിനെപ്പോലെ അദ്ദേഹവും സെദൂക്യരായ പുരോഹിതന്മാരുടെ ശത്രുതയ്ക്ക് പാത്രമായി. യേശുവിനെപ്പോലെ അദ്ദേഹവും ശപ്തനാക്കപ്പെടുകയും മരണത്തിന് വിധേയമാക്കപ്പെടുകയും ചെയ്തു. ജെറുസലേം റോമക്കാരാൽ ആക്രമിക്കപ്പെടുമെന്ന് വിധിപ്രസ്താവം രണ്ടുപേരും നടത്തി. അവസാനനാളിൽ യേശുവിനെപ്പോലെ അദ്ദേഹമായിരിക്കും ഏറ്റവും നല്ല വിധികർത്താവായി വരിക. യേശുവിനെപ്പോലെ അദ്ദേഹവും ഒരു സഭ ഉണ്ടാക്കി അദ്ദേഹത്തിന്റെ മഹത്തായ തിരിച്ചുവരവ് കാത്തിരുന്നു. ക്രിസ്തുസഭയെപ്പോലെ തന്നെ ഗുരുവിന്റെ എസ്സീനികളുടെ സഭയിലും പുരോഹിതന്റെ കാർമ്മികത്വത്തിൽ നടക്കുന്ന തിരുവത്താഴമാണ് മുഖ്യ ചടങ്ങ്. ഇരുവരുടേയും സമൂഹത്തിലെ തലവൻ ബിഷപ്പാണ്. ഇരുസഭകളുടേയും ആദർശം, സ്നേഹത്തിലുള്ള ഐക്യപ്പെടലാണ്. എത്രത്തോളമെന്നാൽ ഇരുസഭകളും സ്വത്തുക്കൾ പൊതുവായിട്ടാണ് പങ്കുവെച്ചത്. (Dead Sea Scrolls, a preliminary survey, Dupont Sommer Page 99-100)

സാത്വികരുടെ ഗുരു അദ്ദേഹത്തിന്റെ ശത്രുക്കളാൽ ശപിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്യുന്നതായി ഡ്യൂപോണ്ട് സോമ്മർ പറയുന്നു. പക്ഷേ, ചാവുകടൽ ചുരുളുകളിൽ വ്യക്തമായി പറയുന്നത്. ശത്രുക്കൾ അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചെങ്കിലും ദൈവം അദ്ദേഹത്തെ രക്ഷിച്ചു എന്നാണ്. എഡ്മണ്ട് വിൽസൺ അദ്ദേഹത്തിന്റെ 'Dead Sea Scrolls 1947-69' എന്ന പുസ്തകത്തിൽ പറയുന്നത്, ചുരുളുകളിലെ ലിഖിതങ്ങളിൽ 'സാത്വികരുടെ ഗുരു' കൊല്ലപ്പെട്ടതായി യാതൊരു പരാമർശവുമില്ല എന്നാണ്.

## അഹ്മദിയ്യാ വീക്ഷണം

അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ജനയിതാവായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) 1899ൽ എഴുതി:

യൂദാ ഇസ്കറിയൂത്തിയുടെ വിശ്വാസഘാതകം നിമിത്തം ഹദ്റത്ത് ഈസാ മസീഹ് (അ) ശത്രുക്കളുടെ പിടിയിൽപ്പെട്ടു ക്രൂശിക്കപ്പെടുകയും പിന്നെ ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്ക് കരേറിപ്പോകുകയും ചെയ്തു എന്നു ക്രിസ്ത്യാനികൾ വിശ്വസിച്ചു പോരുന്നുവെങ്കിലും അവരുടെ വിശുദ്ധ ഗ്രന്ഥമായ ബൈബിളിൽ വിചിന്തനം ചെയ്യുമ്പോൾ ഈ വിശ്വാസസിദ്ധാന്തം കേവലം അബദ്ധമായിട്ടുള്ളതാണെന്ന് സ്പഷ്ടമാകുന്നതാണ്. 'യൂനുസ് (യോനാ പ്രവാചകൻ) കടലാനയുടെ വയറ്റിൽ മൂന്നു രാപ്പകൽ ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാപ്പകൽ ഭൂമിയുടെ ഉള്ളിൽ ഇരിക്കും' എന്നു മത്തായിയുടെ സുവിശേഷ (അ12 വ.40)ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോനാമത്സ്യത്തിന്റെ വയറ്റിൽ മരിച്ചിരുന്നില്ലെന്നതു സ്പഷ്ടമായ ഒരു വസ്തുതയാണല്ലോ. ഏറിയാൽ അദ്ദേഹത്തിന്നുണ്ടായത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ടു കിടക്കുകയാണുണ്ടായത്. ഇങ്ങനെ യോനാ ദൈവാനുഗ്ര

ഹത്താൽ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടെയിരിക്കുകയും അതിൽ നിന്ന് ജീവനോടെ പുറത്തുവരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യവേദപുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ, യേശു മിശിഹാ ക്രിസ്തീയർ പറയുന്നതു പോലെ ഭൂമിയുടെ വയറ്റിൽ മരിച്ചു കിടക്കുകയാണ് ചെയ്തിരുന്നതെങ്കിൽ, മൃതൻ ജീവിച്ചിരിക്കുന്നയാളുമായി എന്തു സാദൃശ്യമാണുള്ളത്? ജീവിച്ചിരിക്കുന്നവനെ മരിച്ചവരുമായി താരതമ്യപ്പെടുത്താവുന്നതെങ്ങനെ? വാസ്തവമെന്താണെന്നുവെച്ചാൽ, ഹദ്റത്ത് ഈസാ മസീഹ് ഒരു സത്യപ്രവാചകനായിരുന്നതിനാൽ, താൻ ഏതൊരുവന്റെ പ്രിയദാസനാണോ ആ പ്രത്യേക ദൈവം തീർച്ചയായും തന്നെ ശപ്തമരണത്തിൽ നിന്നും രക്ഷിക്കുമെന്ന് അദ്ദേഹം ബോധിക്കുകയും വിശ്വസിക്കുകുയം ചെയ്തിരുന്നു. തന്മൂലം അദ്ദേഹം തനിക്കു ദൈവത്തിൽനിന്നുണ്ടായ വെളിപാടമനുസരിച്ച് ഒരു പ്രവചനമെന്ന നിലയിലാണ് ഈ ഉപമ എടുത്തു പറഞ്ഞിരിക്കുന്നത്. താൻ കുരിശിൽ വെച്ച് മരിക്കയില്ലെന്നും ആ ശാപമരത്തിന്മേൽ തന്റെ പ്രാണൻ വിടുകയില്ലെന്നും മറിച്ചു യോനാ പ്രവാചകനെപ്പോലെ മോഹാലസ്യപ്പെടുക മാത്രമാണുണ്ടാവുകയെന്നും അദ്ദേഹം പ്രസ്തുത ഉപമകൊണ്ട് സൂചിപ്പിച്ചിരിക്കുകയാണ്. തന്നെയുമല്ലാ, താൻ ഭൂമിയുടെ വയറ്റിൽ നിന്നും പുറത്തു വന്ന ശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെപ്പോലെ താൻ അവരുടെ ഇടയിൽ സമാദൃതനായി ഭവിക്കുകയും ചെയ്യുമെന്നുകൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരം തന്നെ ഈ പ്രവചനം നിവൃത്തിയാവുകയും ചെയ്തു.

"എങ്ങനെയെന്നാൽ ഭൂമിയുടെ ഉദരത്തിൽ നിന്നും പുറത്തുവന്നതിൽ പിന്നെ മശീഹാ കശ്മീരം, തിബത്ത് മുതലായ പൂർവ്വദേശങ്ങളിൽ വസിക്കുന്നുണ്ടായിരുന്ന തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസൂരിയാ രാജാവായ ശാൽമൻസർ ക്രി. മു. 721-ൽ സാമിരിയ്യ (Samaria)യിൽ നിന്നു തടവുകാരായി പിടിച്ചു കൊണ്ടുപോയ പത്തു ഗോത്രക്കാരിൽപെട്ട ഇസ്രയേൽ സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. ആ പത്തു ഗോത്രക്കാർ ഇന്ത്യയിൽ വന്നു ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിപ്പാർക്കുന്നുണ്ടായിരുന്നു. അതിനാൽ മിശീഹാ ഈ പ്രദേശങ്ങളിലും സഞ്ചരിച്ചിരുന്നിരിക്കേണ്ടതാവശ്യമാണ്. അദ്ദേഹത്തിന് ലഭിച്ച ദിവ്യദൗത്യത്തിന്റെ പരമലക്ഷ്യം, കാണാതെ പോയ ആടുകളായ യഹൂദ ഗോത്രക്കാരെ കണ്ടുപിടിച്ച് അവർക്ക് സ്വസന്ദേശം എത്തിച്ചുകൊടുക്കുക എന്നുള്ളതായിരുന്നു. ആ കുടിയേറിയ ജൂതവർഗ്ഗക്കാർ തന്നെയായിരുന്നു, 'ഇസ്രായേൽ ഗൃഹത്തിലെ കാണാതെപോയ ആടുകൾ'. അവർ ഈ പൂർവ്വരാജ്യങ്ങളിൽ താമസമുറപ്പിച്ചതിനാൽ പിന്നെ തങ്ങളുടെ പൂർവ്വിക മതം ഉപേക്ഷിക്കുകയും, അവരിൽ ഭൂരിഭാഗക്കാരും ബൗദ്ധധർമ്മം അവലംബിക്കുകയും ക്രമേണ വിഗ്രഹാരാധനക്കാരായി അധഃപതിച്ചു പോകുകയും ചെയ്തിട്ടുണ്ടായിരുന്നു. കാശ്മീർ നിവാസികൾ വാസ്തവത്തിൽ ജൂതന്മാരായിരുന്നുവെന്നും അസൂറിയാ രാജാവിന്റെ ആക്രമണഫലമായി ചിതറിപ്പോവുകയും ആ രാജ്യത്തിൽ കുടിയേറിപ്പാർത്തു തുടങ്ങുകയും ചെയ്തിട്ടുള്ളവരായിരുന്നു എന്നും അനേകം പണ്ഡിതന്മാരുടെ പ്രമാണങ്ങളെ ഉദ്ധരിച്ചുകൊണ്ട് പാശ്ചാത്യ സഞ്ചാരിയായ ഡോ: ബെർണ്യർ തന്റെ സഞ്ചാരക്കുറിപ്പിൽ തെളിയിച്ചിട്ടുണ്ട്. (യേശു മിശിഹാ ഇന്ത്യയിൽ - പേ. 21-23).

ഇതു സംബന്ധമായി ദൈവം അറിയിച്ചതിൽക്കവിഞ്ഞ് നമുക്ക് മറ്റൊരു ബദൽ അറിയിക്കാനില്ല. ഈ ഉജ്ജ്വലമായ ആയുധവും സത്യം വെളിപ്പെടുത്തുന്ന തെളിവും വാഗ്ദത്ത മസീഹിനാൽ വിവരിക്കപ്പെടുമെന്നാണ് ദൈവത്തിന്റെ ഉദ്ദേശ്യവും വിധിയും. വാഗ്ദത്ത മസീഹ് ലോകത്ത് ആവിർഭവിക്കാതെ കുരിശ് വിശ്വാസത്തിന് ശൈഥില്യമോ അതിന്റെ പുരോഗതിക്ക് തടസ്സമോ സംഭവിക്കില്ല എന്ന് റസൂൽ തിരുമേനി(സ) പ്രവചിച്ചതാണ്. വാഗ്ദത്ത മസീഹിന്റെ കരങ്ങളിലൂടെയാണ് 'കുരിശ് തകർക്കൽ' സംഭവിക്കുക. ഈ പ്രവചനത്തിലെ സൂചന ഇതായിരുന്നു. അതായത്, വാഗ്ദത്ത മസീഹിന്റെ കാലത്താണ് കുരിശ് സംഭവത്തെപ്പറ്റിയുള്ള നഗ്നമായ സത്യങ്ങൾ പുറത്ത് വരിക."

(യേശു മിശിഹാ ഇന്ത്യയിൽ
പേ. 60-61)

സാത്വികനായ ഗുരുവിനെപ്പറ്റിയുള്ള പ്രസ്തുത പരാമർശങ്ങൾ ഉപോൽബലകമായി ചുരുളുകളിലെ ലിഖിതങ്ങളിൽ നിന്നും ഉദ്ധരിക്കുന്നതിനുമുമ്പേ ചാവുകടൽ ചുരുളുകളെപ്പറ്റി ഒരു ചെറിയ വിവരണം നൽകേണ്ടിയിരിക്കുന്നു.

ആരാണ് ചുരുളുകൾ എഴുതിയത്?

ഇസ്രയേലിലെ, മാസ്റ്റേഴ്സ് കോളേജിലെ പഴയനിയമത്തെക്കുറിച്ചുള്ള പഠനത്തിന്റെ പ്രഫസറായ ഡോ: വിൽ വാർണർ പറയുന്നു:

ഉൽഖനനങ്ങളുടെ ആറു ഘട്ടങ്ങൾ കഴിഞ്ഞപ്പോൾ യാതൊരു സംശയത്തിനും ഇടയില്ലാത്തവിധം പണ്ഡിതന്മാരുടെ അഭിപ്രായം ബി.സി. 125നും എ.ഡി. 68നും മദ്ധ്യേ ജീവിച്ച ഒരു സമൂഹമാണ് ചുരുളുകൾ എഴുതിയതെന്നാണ്. എ.ഡി. 667ലെ ജറുസലേമിലെ ജൂതകലാപം ഒരുക്കുവാൻ ആസന്നമായ റോമൻ ആക്രമണത്തെ ഭയന്ന് ഈ സമൂഹം ചുരുളുകൾ ധിറുതിയിൽ ഗുഹകളിൽ സൂക്ഷിച്ച് പലായനം ചെയ്യുകയാണുണ്ടായത്. ചാവുകടൽ ചുരുളുകളിലെ ഉള്ളടക്കം സൂചിപ്പിക്കുന്നത്, ഇതെഴുതിയത് ദൈവസമർപ്പിതരായ ഒരു കൂട്ടം മത പുരോഹിതന്മാരും സാധാരണക്കാരുമടങ്ങിയ സമൂഹമാണെന്നാണ്. അവരുടെ നേതാവിനെ 'സാത്വികരുടെ ഗുരു' എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത്. അവർ തങ്ങളെപ്പറ്റി ന്യായമായും കരുതിയത് ഇസ്രായേലിലെ തിരഞ്ഞെടുക്കപ്പെട്ടവർ തങ്ങളാണ് എന്നാണ്. തങ്ങൾ മാത്രമാണ് നിയമാനുസാരം ജീവിതം നയിക്കുന്നവർ എന്നും അവർ

സ്വയം വിശ്വസിച്ചു. ജെറുസലേമിലെ കിറുക്കനായ ജൂതപുരോഹിതനെ അവർ വെറുത്തു. ആ പുരോഹിതൻ അവരെ പല വിധേനയും പീഡിപ്പിച്ചു. ഫിലോയും ജോസഫും വിവരിച്ച ഖുംറാൻ താഴ്‌വരയിലെ ഈ എസ്സീനിയാ ഭ്രാതൃസംഘം യേശുവിനെ വിശ്വസിച്ച ഒരു യഹൂദ സമുദായമാണെന്ന് പണ്ഡിതന്മാരും തിരിച്ചറിഞ്ഞിട്ടുണ്ട്. (Christian Answers Network).

ഫലസ്തീനിലെ ഖുംറാനിൽ നടത്തിയ ഉൽഖനനങ്ങളിലാണ് ചാവുകടൽ ചുരുളുകൾ ഏറെയും ലഭിച്ചത്. ചുരുളുകളുമായി എസ്സീനികൾക്കുള്ള ബന്ധം അതിശക്തമാണ്. അതുകൊണ്ട് തീർച്ചയായും ചുരുളുകളുടെ കർത്താക്കൾ എസ്സീനികളായിരിക്കണം എന്ന അഭിപ്രായത്തിനാണ് പ്രാബല്യം.

സിഡ്നി യൂണിവേഴ്സിറ്റിയിലെ ഡോ. ബാർബാറ തിയറിംങ്ങ് Jesus of the Apocalypse എന്ന പുസ്തകത്തിൽ എഴുതുന്നു: "യേശുവിന്റെ പിതാവായ ജോസഫ് യേശുവിന് തൊട്ടു മുമ്പേ ജീവിച്ച എസ്സീൻ (ഭ്രാതൃ)സംഘത്തിലെ ഒരംഗമാണെന്നും അവരുടെ വിവാഹ നിയമമനുസരിച്ച് ജീവിച്ച ആളാണെന്നുമാണ്. മുഖ്യധാരാ യഹൂദികളെപ്പോലെ എസ്സീനികളും രണ്ടു ഗോത്രങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. യേശു കുരിശിൽ വെച്ചു മരിച്ചിട്ടില്ല എന്നാണ് ഡോ. തിയറിംങ്ങ് വിശ്വസിച്ചിരുന്നത്." ●

(തുടരും).

---

*(18 -ാം പേജിൽ നിന്ന് )*

ത്തിലും അദ്ദേഹം ശ്രദ്ധ ചെലുത്തി. സ്വന്തം ആരോഗ്യസ്ഥിതി പോലും പരിഗണിക്കാതെ ഗ്രന്ഥപാരായണത്തിൽ മാത്രം മുഴുകിക്കഴിഞ്ഞിരുന്ന അദ്ദേഹത്തെ, ഉൽകണ്ഠാപൂർവം ഇതിൽനിന്നും പിന്തിരിപ്പിക്കാൻ പിതാവ് പലപ്പോഴും ശ്രമിച്ചിരുന്നു. ഈ വായനാശീലത്തിൽനിന്നും മകനെ ഒഴിവാക്കി പ്രയോജനകരമായ മറ്റെന്തെങ്കിലും തൊഴിലിൽ ഏർപ്പെടുത്താൻ അദ്ദേഹം ആഗ്രഹിച്ചു. എന്നിട്ടും ഹദ്റത്ത് അഹ്മദിന്റെ പഠനമുറിയിലെ പുസ്തകങ്ങളുടെ എണ്ണം ഓരോ ദിവസവും വർദ്ധിച്ചു വരികയാണു ചെയ്തത്.

ഹദ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞിട്ടുണ്ട് 'അക്കാലത്ത് ബാഹ്യലോകം മുഴുവൻ മറന്നുപോകുമാറ് ഞാൻ ഗ്രന്ഥപാരായണത്തിൽ മുഴുകിപ്പോകാറുണ്ടായിരുന്നു. വായന കുറക്കണമെന്ന് പിതാവ് ഉപദേശിക്കാറുള്ളത് എന്റെ ആരോഗ്യസ്ഥിതിയെക്കുറിച്ചുള്ള ഉൽകണ്ഠ കൊണ്ടുമാത്രമാണ്...'

അതിഥികൾ എപ്പോൾ ചെന്നാലും, സ്വന്തം മുറിയിൽ പുസ്തകക്കൂമ്പാരത്തിനു മദ്ധ്യത്തിൽ, വായനയിൽ ലയിച്ച നിലയിലാണ് ഹദ്റത്ത് അഹ്മദി (അ)നെ കാണാറുണ്ടായിരുന്നത്. അധികസമയവും അദ്ദേഹം പാരായണം ചെയ്തിരുന്നത് വിശുദ്ധ ഖുർആൻ ആയിരുന്നു. ഏതു സന്ദർഭത്തിലും അദ്ദേഹത്തിന്റെ പക്കൽ പരിശുദ്ധ ഖുർആന്റെ ഒരു പ്രതി ഉണ്ടാവുമായിരുന്നു. വിശുദ്ധ ഖുർആനു പുറമെ ബുഖാരി ശരീഫ്, പല സൂഫി വര്യന്മാരുടെയും പ്രാർത്ഥനകൾ എന്നിവയും അദ്ദേഹത്തിന്റെ പാരായണ പരിധിയിൽ ഉൾപ്പെട്ടിരുന്നു.

ഇതൊക്കെ സംഭവിക്കുമ്പോഴും, രണ്ടായിരം കൊല്ലം മുമ്പേ ഈസാനബി(അ) ദീർഘദർശനം ചെയ്ത അഹ്മദ് എന്ന പ്രവാചകനായിത്തീരും ഇദ്ദേഹമെന്ന് സ്വന്തം പിതാവിനോ, കുടുംബാംഗങ്ങൾക്കോ അറിയാമായിരുന്നില്ല. പിന്നെയും വർഷങ്ങൾ കടന്നുകഴിഞ്ഞതിനുശേഷം മാത്രമാണ് മഹത്തായ ഈ യാഥാർത്ഥ്യത്തിനു കാതോർത്തു നില്ക്കാൻ ലോകത്തിനു ഭാഗ്യമുണ്ടായിത്തീർന്നത്. അതെ, മഹ്ദി ഇമാമിന്റെ വെളിപ്പെടലോടെ ആ ദൈവിക ദൗത്യം പൂർത്തിയാവുകയും ചെയ്തു. ●

**ലേഖകന്റെ മൊബൈൽ**
**നമ്പർ : 9895180442**

---

*(12 -ാം പേജിൽ നിന്ന് )*

ചകന്റെ വിവരണങ്ങളിൽ നിന്നും നമുക്ക് നല്ലതുപോലെ മനസ്സിലാക്കാൻ സാധിക്കും. ജെറുസലേമിലെ ആരാധനാലയത്തിലെ പടിഞ്ഞാറേ ഗോപുരവാതിലിൽ ഒരു താതമ്മൂസ് വനിത വിലപിക്കുന്നത് കാണുന്നതായി പറയുന്നുണ്ട്.

ക്രിസ്തുമതത്തിന്റെ പ്രചാരണ പ്രവർത്തനത്തിനിടയിൽ നിരവധി ജനതകൾ പരിവർത്തനം ചെയ്യുകയുണ്ടായി. ഈ പ്രക്രിയയിൽ അതാത് ഗോത്രങ്ങളുടെ പ്രാകൃതവിശ്വാസങ്ങളുമായി സന്ധി ചെയ്യുകയും ആ വിശ്വാസങ്ങളെല്ലാം സ്വന്തമായി സ്വാംശീകരിക്കുകയും ചെയ്തു. അങ്ങനെ പുതുവിശ്വാസികൾക്ക് തങ്ങളുടെ വിശ്വാസം കൂടുതൽ സ്വാദിഷ്ടവും ആസ്വാദ്യവുമാക്കി. പാശ്ചാത്യസഭ അവരുടെ ആരാധനാക്രമങ്ങളിൽ ഇത്തരം കടം വാങ്ങലുകൾ നടത്തിയിട്ടുണ്ട്. ●

## അല്ലാഹുവിന്റെ ശിക്ഷയും കാരുണ്യവും

ഒരു സത്യവിശ്വാസി അല്ലാഹുവിന്റെ ശിക്ഷയുടെ കഠിനത മനസ്സിലാക്കുകയാണെങ്കിൽ (ആ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതല്ലാതെ) സ്വർഗ്ഗം പ്രാപിക്കുവാൻ അവൻ ആഗ്രഹിക്കുകയില്ല. ഒരവിശ്വാസി അല്ലാഹുവിന്റെ കാരുണ്യത്തെപ്പറ്റി അറിയുന്നുവെങ്കിൽ അവന്റെ സ്വർഗ്ഗത്തെ സംബന്ധിച്ച് അവൻ നിരാശപ്പെടുകയുമില്ല.

**(മുസ്‌ലിം)**

ലേഖനം

കഴിഞ്ഞ ലക്കത്തിൽ നിന്ന് തുടർച്ച

# നല്ല ആഹാരം: ഖുർആനിക മാർഗ്ഗദർശനം

ഡോ. ലത്തീഫ് ഖുറേശി FRCP എഡിൻബർഗ്, യു.കെ.

## ആരോഗ്യതത്ത്വങ്ങളെക്കുറിച്ചുള്ള വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ

വിശുദ്ധ ഖുർആനിൽ പ്രത്യേകം പറയപ്പെട്ട മറ്റൊരു പാനീയം തേനാണ്. ഖുർആൻ പറയുന്നു: "നിന്റെ നാഥൻ തേനീച്ചകൾക്ക് ബോധനം നല്കി. 'മലകളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും മനുഷ്യർ കെട്ടിയുണ്ടാക്കുന്ന പന്തലിൽ നിന്നും ചിലേടങ്ങളിൽ നീ കൂടുകളുണ്ടാക്കുക. പിന്നെ എല്ലാ ഫലവർഗ്ഗങ്ങളിൽ നിന്നും നീ ഭക്ഷിക്കുക. എന്നിട്ട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി പ്രവേശിക്കുകയും ചെയ്യുക'. അവയുടെ വയറുകളിൽ നിന്ന് വിവിധ വർണ്ണങ്ങളോടുകൂടിയ ഒരു പാനീയം പുറത്തു വരുന്നു. അതിൽ മനുഷ്യർക്ക് രോഗശമനമുണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനങ്ങൾക്ക് അതിലൊരു ദൃഷ്ടാന്തമുണ്ട്" (16: 69, 70)

തേൻ നിർമ്മാണപ്രക്രിയ ഇതിൽ മനോഹരമായി വിവരിക്കപ്പെട്ടിരിക്കുന്നു. വ്യത്യസ്ത ഗുണങ്ങളുള്ള വിവിധയിനം തേനിനെക്കുറിച്ച് വിവരിക്കപ്പെട്ടിരിക്കുന്നു. ഇതേക്കുറിച്ച് ഗവേഷണം നടത്താൻ നമ്മെ ആഹ്വാനം ചെയ്യുന്നു. പൂമ്പൊടി ശ്വസിച്ചാൽ അലർജിയുണ്ടാവുന്നവർക്ക് തേൻ വളരെ പ്രയോജനപ്രദമാണ്. ആസ്തമക്കും തേൻ ശമനം നൽകുന്നു. ഭക്ഷ്യധാന്യങ്ങളെക്കുറിച്ചും പഴങ്ങളെക്കുറിച്ചും താഴെ സൂക്തങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു:

"നിർജ്ജീവമായ ഭൂമി അവർക്കൊരു ദൃഷ്ടാന്തമാണ്. നാം അതിനെ ജീവിപ്പിക്കുകയും അതിൽ നിന്ന് ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ അതിൽ നിന്ന് അവർ തിന്നുന്നു. അതിൽ നാം ഈന്തപ്പനയുടേയും മുന്തിരിയുടേയും തോട്ടങ്ങൾ ഉണ്ടാക്കുകയും അവയിൽ അരുവികൾ ഒഴുക്കുകയും ചെയ്തിരിക്കുന്നു, അവയുടെ ഫലങ്ങളിൽ നിന്ന് അവർ ഭക്ഷിക്കുന്നതിനുവേണ്ടി. വാസ്തവത്തിൽ അതവരുടെ കൈകൾ വേല ചെയ്തുണ്ടാക്കിയതല്ല. എന്നിട്ട് അവർ നന്ദി കാണിക്കുന്നില്ലേ?" (34:34 -36).

പഴങ്ങൾ, എണ്ണ, സുഗന്ധദ്രവ്യങ്ങൾ എന്നിവയെക്കുറിച്ച് താഴെ സൂക്തങ്ങളിൽ പറയപ്പെട്ടിരിക്കുന്നു:

"പന്തലുകളിൽ പടർത്തി വളർത്തപ്പെട്ടവയും അല്ലാത്തവയുമായ പല തോട്ടങ്ങളും, ഈന്തപ്പനവൃക്ഷങ്ങളും, പല തരം ഫലങ്ങളുള്ള കൃഷികളും, പരസ്പരം സാദൃശ്യമുള്ളവയും ഇല്ലാത്തവയുമായ ഒലീവ്, ഉറുമാൻ വൃക്ഷങ്ങളും സൃഷ്ടിച്ചവനത്രെ അവൻ. അത് കായ്ച്ചാൽ അതിന്റെ ഫലത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുന്നു...." (6:142).

"എന്നിട്ട് അത് (വെള്ളം) കൊണ്ട് നാം നിങ്ങൾക്കുവേണ്ടി ഈന്തപ്പനയുടേയും മുന്തിരിയുടേയും തോട്ടങ്ങൾ ഉല്പ്പാദിപ്പിച്ചു. അവയിൽ നിങ്ങൾക്ക് ധാരാളം പഴങ്ങളുണ്ട്. അവയിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുന്നു. സീനായ് മലയിൽ നിന്ന് മുളച്ചുവരുന്ന ഒരു വൃക്ഷത്തേയും (നാം ഉല്പാദിപ്പിച്ചു). അത് എണ്ണ ഉത്പാദിപ്പിക്കുന്നു. ഭുജിക്കുന്നവർക്ക് ഒരു കറിയും" (23:20,21).

ഈ സൂക്തം ഒലീവ് വൃക്ഷത്തിലേക്ക് വിരൽ ചൂണ്ടുന്നു. എണ്ണയുത്പാദിപ്പിക്കുന്ന നിരവധി സസ്യങ്ങളും വ്യഞ്ജനങ്ങളുമുണ്ട്. അവയെല്ലാം ഇവിടെ ഉൾപ്പെടുത്താം.

താഴെ സൂക്തങ്ങളിൽ മാംസത്തെക്കുറിച്ചും പറഞ്ഞിരിക്കുന്നു: "അവർ കാണുന്നില്ലേ? നമ്മുടെ കൈകൾ പ്രവർത്തിച്ചതിൽനിന്ന് നാം അവർ ക്കുവേണ്ടി കന്നുകാലികളെ സൃഷ്ടിച്ചിരിക്കുന്നു. അങ്ങനെ അവർ അവയുടെ ഉടമസ്ഥരാണ്. അവയെ നാം അവർക്ക് കീഴ്പ്പെടുത്തിക്കൊടുത്തിരിക്കുന്നു. അങ്ങനെ അവയിൽ ചിലത് അവരുടെ വാഹനങ്ങളാണ്. അവയിൽ ചിലതിൽ നിന്ന് അവർ ഭക്ഷിക്കുകയും ചെയ്യുന്നു." (36:72, 73)

സമുദ്രത്തെ കീഴ്പ്പെടുത്തിയ

വനത്രെ അവൻ. നിങ്ങളതിൽ നിന്നുള്ള പുതിയ മാംസം ഭക്ഷിക്കുന്നതിന്...." (16:15) താഴെ സൂക്തത്തിൽ നദികളിൽ നിന്നും സമുദ്രത്തിൽ നിന്നും ലഭിക്കുന്ന ഭക്ഷ്യസാധനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു:

"രണ്ട് ജലാശയങ്ങൾ സമമായി ഇരിക്കുന്നില്ല. ഒന്ന് രുചികരവും കുടിക്കാൻ സുഖകരവുമായ ശുദ്ധജലം. മറ്റേത് കടുത്ത ഉപ്പുരസമുള്ള വെള്ളം. ഓരോന്നിൽ നിന്നും പുതുമാംസം നിങ്ങൾ ഭക്ഷിക്കുന്നു..." (35:13)

മനുഷ്യർ ഭക്ഷിക്കുന്നതിനായി സ്രഷ്ടാവ് അനുവദിച്ച ഭക്ഷണസാധനങ്ങൾ വിപുലമാണ്. പക്ഷേ, അവ ശുദ്ധവും ആരോഗ്യദായകവും വ്യക്തിക്കനുയോജ്യവുമായിരിക്കണം. ചില വ്യക്തികൾക്ക് അലർജിയുണ്ടാവും. അവരെസ്സംബന്ധിച്ചേടത്തോളം അനുവദനീയമായ ഭക്ഷ്യപദാർത്ഥങ്ങൾ തന്നെ സുഖകരമാവില്ല. അങ്ങനെയുള്ളവർ അത്തരം സാധനങ്ങൾ ഭക്ഷിക്കാതിരിക്കുകയാണ് വേണ്ടത്.

ഭക്ഷണത്തെസ്സംബന്ധിച്ച് ഈ സ്വാതന്ത്ര്യമുണ്ടെങ്കിലും മറ്റൊരു പ്രധാന മാർഗ്ഗദർശനം താഴെ കൊടുത്ത സൂക്തത്തിൽ നാം കണ്ടെത്തുന്നു.

*".... നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തുകൊള്ളുവിൻ; എന്നാൽ ഒന്നിലും അമിതത്വമരുത്."* (7:32)

മർമ്മപ്രധാനമായ ഈ നിർദ്ദേശത്തിന്റെ നിജസ്ഥിതി ആധുനികയുഗത്തിൽ സംശയാതീതമായി തെളിയിക്കപ്പെട്ടതാണ്. ഇന്ന് പൊതുവിൽ കാണപ്പെടുന്ന മിക്ക രോഗങ്ങൾക്കും കാരണം ആഹാരത്തിലുള്ള വകതിരിവില്ലായ്മയാണ്.

പാശ്ചാത്യലോകത്ത് കണ്ടുവരുന്ന ഒരു രോഗമാണ് അമിതവണ്ണം വെക്കൽ. ആവശ്യത്തിലധികം ഭക്ഷണം കഴിക്കുന്നതുകാരണമായാണിതുണ്ടാവുന്നത്. ശരീരത്തിൽ കൊഴുപ്പിന്റെ രൂപത്തിൽ ഇത് സംഭരിക്കപ്പെടുകയും ശരീരത്തിന് പറയാനാവാത്ത ദുരിതങ്ങൾ വരുത്തി വെക്കുകയും ചെയ്യുന്നു. അമിതമായി പഞ്ചസാര കഴിക്കുകയും വേണ്ടത്ര ജോലി ചെയ്യാതിരിക്കുകയും ചെയ്യുമ്പോഴാണ് പ്രമേഹമുണ്ടാകുന്നത്. ഉന്നത രക്തസമ്മർദ്ദം ഉണ്ടാവുന്നത് കൂടുതൽ ഉപ്പുപയോഗിക്കുന്നതുനിമിത്തമാണ്. ഹൃദ്രോഗമുണ്ടാകുന്നത് കൊഴുപ്പ് അമിതമാകുന്നതുമൂലമാണ്. മനുഷ്യകഴിവിന്റെ പരമാവധി വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളനുസരിച്ചു ജീവിച്ച നബി തിരുമേനി (സ) ഇക്കാര്യത്തെക്കുറിച്ച് ഉപദേശം നൽകിയിട്ടുണ്ട്. വിശപ്പു നിലനിൽക്കെത്തന്നെ ഭക്ഷണം കഴിച്ചെഴുന്നേൽക്കണമെന്ന് തിരുമേനി പറഞ്ഞതായി ഹദീസുകളിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു.

എല്ലാ വസ്തുക്കൾക്കും സ്രഷ്ടാവ് നല്കിയ സാക്ഷാൽക്കാരമാണ് ഭക്ഷണം കഴിക്കുന്നതിന്റെ മറ്റൊരു പ്രധാന വശം. അതിനാൽ ഈ അനുഗ്രഹത്തിന് നാം അവനോട് കൃതജ്ഞത കാണിക്കണം. ഇത് പ്രത്യേകിച്ചും പ്രാധാന്യമർഹിക്കുന്നു. എന്തെന്നാൽ നല്ലതും ശുദ്ധവുമായ ഭക്ഷണം ആരോഗ്യം നിലനിർത്തുന്നു. മാത്രമല്ല, ആത്മാവിൽ അഗാധമായ ഫലമുളവാക്കുകയും ചെയ്യുന്നു. അതിനാൽ ഭക്ഷണം തയ്യറാക്കുന്നതിന്റെ എല്ലാ ഘട്ടങ്ങളിലും ഭക്ഷണം കഴിക്കുമ്പോഴും നാം സ്രഷ്ടാവിനെ സ്മരിക്കേണ്ടതാണ്. താഴെക്കൊടുത്ത മാർഗ്ഗദർശനം ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു:

"അതിനാൽ, നിങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരാണെങ്കിൽ അവന്റെ നാമം ഉച്ചരിക്കപ്പെട്ടതിൽ നിന്ന് ഭക്ഷിച്ചുകൊള്ളുക" (6: 119)

## വിരോധിക്കപ്പെട്ട ഭക്ഷ്യ വസ്തുക്കൾ

നിഷിദ്ധമാക്കപ്പെട്ട ഭക്ഷ്യവസ്തുക്കളെക്കുറിച്ച് വിശദമായ മാർഗ്ഗദർശനം വിശുദ്ധ ഖുർആനിലുണ്ട്. താഴെക്കൊടുത്ത ഖുർആനികസൂക്തം ശ്രദ്ധിക്കുക.

"ശവം, രക്തം, പന്നിമാംസം, അല്ലാഹുവല്ലാത്ത (മറ്റുവല്ല)തിന്റെയും പേരിൽ അർപ്പിക്കപ്പെട്ടത്, ശ്വാസം മുട്ടിച്ചത്തത്, അടിച്ചുകൊന്നത്, വീണു ചത്തത്, കൊമ്പുകൊണ്ടു കുത്തിക്കൊല്ലപ്പെട്ടത്, ദുഷ്ടജന്തുക്കൾ തിന്നു ബാക്കിയായത് (ജീവൻ പോകുന്നതിനുമുമ്പേ നിങ്ങൾ മുറപ്രകാരം അറുക്കുന്നതൊഴിച്ച്) ബിംബങ്ങൾക്കു വേണ്ടി ബലിപീഠത്തിൽ അറുക്കപ്പെട്ടത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു." (5:4)

ഇവയാണ് വിശദമായ നിർദ്ദേശങ്ങൾ. ഇവയോരോന്നിനും മതിയായ ശാസ്ത്രീയാടിസ്ഥാനമുണ്ട്. ചത്തതും പരുക്കേറ്റതുമായ മൃഗങ്ങളുടെ മാംസം മാരകമായ പല രോഗങ്ങൾക്കുമിടവരുത്തുന്നതിനാൽ അവ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. ശരീരത്തിന്നകത്തു നടക്കുന്ന രക്തചംക്രമണ വ്യവസ്ഥക്കു പുറത്തുള്ള രക്തം എല്ലാവിധ അണുക്കളുടെയും വളർച്ചക്കുള്ള മാദ്ധ്യമമായതിനാൽ അതും നിരോധിക്കപ്പെട്ടിരിക്കുന്നു. വേണ്ടവിധം പാകം ചെയ്യാതെ ഭക്ഷിക്കപ്പെടുന്ന പന്നിമാംസം മനുഷ്യരിൽ പലവിധ രോഗങ്ങൾക്കും കാരണമാകുമെന്ന് ആധുനിക ഗവേഷണം വെളിപ്പെടുത്തുന്നു. ഇതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. ആരോഗ്യശാസ്ത്രം ഉടലെടുക്കുക പോലും ചെയ്യാത്ത പതിനാലു ശതാബ്ദങ്ങൾക്കു മുമ്പേ നൽകപ്പെട്ടിരിക്കുന്ന ഈ ആരോഗ്യശാസ്ത്രപരമായ ഉപദേശം എത്ര അത്ഭുതകരമാണ്.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾക്ക് മറ്റൊരു വീക്ഷണകോണുണ്ട്. അത് വൈദ്യശാസ്ത്രത്തിന്റെയോ ആരോഗ്യശാസ്ത്രത്തിന്റെയോ ഒരു ഗ്രന്ഥത്തിലും വിവരിക്കപ്പെട്ടിട്ടില്ല. മുമ്പേ സൂചിപ്പിച്ചപ്രകാരം മനുഷ്യശരീരവും ആത്മാവും തമ്മിലുള്ള അടുത്ത ബന്ധമാണ് ദൈവികപ്രമാണങ്ങളിലടങ്ങിയിരിക്കുന്ന ഉപദേശത്തിന്റെ അടിസ്ഥാനം. മനുഷ്യശരീരം ഏറ്റെടുക്കുന്ന ഓരോ പ്രവൃത്തിക്കും ആത്മാവിന്റെ മേലും മറിച്ചും ഒരു പ്രതികരണമുണ്ട്. ഈ ഖുർആൻ സൂക്തത്തിൽ മനുഷ്യൻ കഴിക്കുന്ന ഭക്ഷണവുമായി ട്ടാണ് ഈ ബന്ധം വിവരിക്കപ്പെട്ടിരിക്കുന്നത്. തിന്നുന്നതിന്റെ ഉദ്ദേശ്യം ആരോഗ്യം നില

നിർത്തുക മാത്രമല്ല ഈ അനുഗ്രഹങ്ങൾ നൽകിയവനോട് കൃതജ്ഞതയുള്ളവരായിത്തീരാൻ കൂടിയാണ്. മൃഗങ്ങളും ഒരേ സ്രഷ്ടാവിന്റെ സൃഷ്ടികളായതിനാൽ അവയോടും നല്ല നിലയിൽ പെരുമാറുക യും അവയെ ഏറ്റവും വേദന കുറഞ്ഞ നിലയിലും മനുഷ്യത്വത്തിന്നനുയോജ്യമായും അറുക്കുകയും ചെയ്യേണ്ടതാണ്. ഭക്ഷണം ശരീരത്തിൽ പ്രകടമായ ഫലമുളവാക്കുന്നു. അത് ആത്മാവിലും പ്രതിഫലിക്കുന്നു. ശ്രദ്ധയോടെ പരിഗണിക്കപ്പെടുമ്പോൾ വളരെ വ്യ ക്തമായിത്തീരുന്ന അഗാധമായ ഒരു തത്ത്വമാണിത്. താഴെ കൊടുത്ത ഖുർആൻ സൂക്തം ഇക്കാര്യം എടുത്തു കാണിക്കുന്നു:

"അല്ലാഹുവിന്റെ നാമം ഉച്ചരിക്കപ്പെടാത്തതിൽ നിന്ന് നിങ്ങൾ ഭക്ഷിക്കരുത്. തീർച്ചയായും അത് അധർമ്മമാണ്. തീർച്ചയായും പിശാചുക്കൾ തങ്ങളുടെ മിത്രങ്ങൾക്ക് അവർ നിങ്ങളോട് തർക്കിക്കുന്നതിനുവേണ്ടി രഹസ്യസന്ദേശങ്ങൾ നല്കുന്നു. നിങ്ങൾ അവരെ അനുസരിക്കുന്നതായാൽ തീർച്ചയായും നിങ്ങൾ ബഹുദൈവവിശ്വാസികളായിപ്പോകുന്നതാണ്" (6:122)

എന്നിരിക്കിലും, അങ്ങേയറ്റം നിർബന്ധിതമായ അവസ്ഥകളിൽ വിരോധിക്കപ്പെട്ട ചില വസ്തുക്കൾ ഭക്ഷിക്കുന്നതിനു അനുമതി നൽകപ്പെട്ടിരിക്കുന്നു. പറയുക: "എനിക്ക് ദൈവിക സന്ദേശമായി ലഭിച്ചതിൽ (മാംസം) ഭക്ഷിക്കുവാൻ ഉദ്ദേശിക്കുന്നവന് അവൻ ഭക്ഷിക്കുന്നത് വിലക്കപ്പെട്ടിട്ടുള്ളതായി, ശവം അല്ലെങ്കിൽ ഒഴുക്കപ്പെട്ട രക്തം അല്ലെങ്കിൽ പന്നിമാംസം. കാരണം, തീർച്ചയായും അത് മലിനമാണ്. അല്ലെങ്കിൽ അല്ലാഹുവല്ലാത്ത മറ്റേന്തിന്റെയെങ്കിലും പേരിൽ വഴിപാട് ചെയ്യപ്പെട്ട ധർമവിരുദ്ധമായ മാംസം എന്നിവയല്ലാതെ മറ്റൊന്നും ഞാൻ കാണുന്നില്ല. എന്നാൽ (മനഃപൂർവ്വം) നിയമം ലംഘിക്കുന്നവനോ അതിരുകടക്കുന്നവനോ ആയല്ലാതെ ആരെങ്കിലും (ആവശ്യത്തിനു ഭക്ഷിക്കുവാൻ) നിർബന്ധിതനായാൽ (കുറ്റമില്ല). നിശ്ചയമായും നിന്റെ നാഥൻ സർവ്വ ഥാ പൊറുക്കുന്നവും കരുണാമയനുമാണ്" (6:146).

തിന്നലും കുടിക്കലും സന്തോഷമുളവാക്കുന്ന കാര്യങ്ങളാണെങ്കിലും ഇസ്‌ലാമടക്കമുള്ള നിരവധി മതങ്ങളിൽ വ്രതാനുഷ്ഠാനം അനുശാസിക്കപ്പെട്ടിരിക്കുന്നു. വ്രതാനുഷ്ഠാനം ലോകത്തിലെ പ്രമുഖമതങ്ങളിൽ നിലനിന്നുവരുന്നു. ഇക്കാര്യത്തിൽ വിശുദ്ധ ഖുർആന്റെ മാർഗ്ഗദർശനം താഴെ സൂക്തങ്ങളിലടങ്ങിയിരിക്കുന്നു.

"വിശ്വാസികളേ, നിങ്ങൾക്കു മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ (ധാർമ്മികവും ആത്മീയവുമായ ന്യൂനതകളിൽ നിന്നു സുരക്ഷിതരാകുംവിധം) ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി.

"(ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ (അവർ) എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നല്കുന്നതിനു കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം (പ്രായശ്ചിത്തമായി) നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അതയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകര മത്രെ.

"സമസ്ത മനുഷ്യർക്കും സന്മാർഗ്ഗദായകവും മാർഗ്ഗദർശനത്തിന്റെയും സത്യാസത്യവിവേചനത്തിന്റെയും സ്പഷ്ടമായ തെളിവുകളുൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് 'റമദാൻ'. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ, നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്യുന്നപക്ഷം ആ എണ്ണം മറ്റു ദിനങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണുദ്ദേശിക്കുന്നത്; അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾ എണ്ണം പൂർത്തീകരിക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനും, നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിയാകുന്നു." (2: 184-186).

പ്രായപൂർത്തിയായ ആരോഗ്യമുള്ളവരാണ് വ്രതമനുഷ്ഠിക്കേണ്ടതെന്നാണ് ഇക്കാര്യത്തെക്കുറിച്ചു വിശുദ്ധ ഖുർആന്റെ അനുശാസനം. പ്രഭാതം മുതൽ പ്രദോഷം വരെ അശനപാനങ്ങൾ നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നിരിക്കിലും, രോഗികളും യാത്രക്കാരും വ്രതമനുഷ്ഠിക്കാൻ പാടില്ല. രോഗവിമുക്തരായശേഷം അല്ലെങ്കിൽ യാത്ര കഴിഞ്ഞു തിരിച്ചെത്തിയശേഷം അങ്ങനെയുള്ളവർ എണ്ണം പൂർത്തിയാക്കിയാൽ മതി. എന്നാൽ, വിട്ടുമാറാത്ത രോഗം കാരണമോ അല്ലെങ്കിൽ മറ്റു കാരണവശാലോ ഈ എണ്ണം പൂർത്തിയാക്കാൻ സാധിക്കാത്തവർ വ്രതാനുഷ്ഠാനത്തിനുപകരമായി ഒരഗതിക്ക് ആഹാരം നല്കിയാൽ മതി. മനുഷ്യരുടെ നന്മയ്ക്കുവേണ്ടിയാണ് വ്രതാനുഷ്ഠാനം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ പ്രധാന ഉദ്ദേശ്യം അവരെ സാത്വികരാക്കുകയാണ്; അവർക്കെന്തെങ്കിലും വിഷമം ഉണ്ടാക്കാലല്ല.

വിശുദ്ധ ഖുർആനിൽ നിർദ്ദേശിക്കപ്പെട്ട ഈ അദ്ധ്യാപനത്തിന്റെ അടിസ്ഥാനപരമായ ചുരുക്കം ഇതാണ്. ഇങ്ങനെ ഇടക്കിടെയുള്ള അല്ലെങ്കിൽ പതിവായ വ്രതാനുഷ്ഠാനം ആരോഗ്യത്തിന് ഗുണകരമാണെന്ന് ആധുനിക ഗവേഷണം കൊണ്ട് വ്യക്തമായിട്ടുണ്ട്. പോഷണോപചയാപചയങ്ങൾ വീണ്ടെടുക്കാനും രക്തസമ്മർദ്ദം കുറക്കാനും ശരീരത്തിലെ പഞ്ചസാരയുടെ ഉപയോഗം നന്നാക്കാനും, ശരീരത്തിന്റെ തൂക്കം കുറക്കാനും, പുകവലി, മദ്യപാനം, മയക്കുമരുന്നുപയോഗം എന്നീ ദുഷിച്ച സ്വഭാവങ്ങൾ ഉപേക്ഷിക്കാൻ സഹായിക്കാനും

വ്രതാനുഷ്ഠാനം വളരെ ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശക്കുന്നവരെയും സാധുക്കളെയും തീറ്റുക പോലുള്ള ധാർമ്മിക ഗുണങ്ങളും ഇതുമുഖേനയുണ്ടാവുന്നു. തങ്ങളേക്കാൾ ഭാഗ്യഹീനരായവരുടെ പ്രശ്നങ്ങളിലേക്ക് വ്രതാനുഷ്ഠാനം മുഖേന ഉൾക്കാഴ്ച ലഭിക്കുന്നു. ക്ഷമയും അദ്ധ്വാനശീലവും കൈ ക്കൊള്ളാൻ വ്രതാനുഷ്ഠാനം നമ്മെ പഠിപ്പിക്കുന്നു.

**ലഹരിപദാർത്ഥങ്ങൾ**

ആഹാരത്തോടൊപ്പം കഴിക്കുന്ന മറ്റു വസ്തുക്കൾ മദ്യവും ലഹരിപദാർത്ഥങ്ങളുമാണ്. നിരവധി സസ്യങ്ങൾ, അവയുടെ പഴങ്ങൾ, വിത്തുകൾ, ചാറ്, വേര്, മറ്റുഭാഗങ്ങൾ എന്നിവയ്ക്ക് സജീവമായ ഔഷധഗുണങ്ങളുണ്ട്. കറുപ്പുചെടി മികവുറ്റ ഒരു ദാഹരണമാണ്. അതിന്റെ പഴങ്ങളും വിത്തുകളും, പഴത്തിൽ നിന്നും സ്രവിക്കുന്ന കറുപ്പെന്ന ചാറും മനുഷ്യചരിത്രാരംഭം മുതൽ ഔഷധങ്ങളിൽ ഉപയോഗിക്കപ്പെട്ടുവരുന്നുണ്ട്. അതിന്റെ സത്തിൽ നിന്നും ലഭിക്കുന്ന ഔഷധങ്ങൾ അറിയപ്പെട്ട മറ്റു മയക്കുമരുന്നുകളേക്കാൾ ഉത്തമമാണ്. അത് വേദന ശമിപ്പിക്കുകയും ഉറക്കം നന്നാക്കുകയും അതിസാരം നിയന്ത്രിക്കുകയും ചുമക്ക് ആശ്വാസം നൽകുകയും ചെയ്യുന്നു. എന്നിരിക്കിലും ഇത് തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് നിമ്നാവസ്ഥ നൽകുന്നതോടൊപ്പം ശീലമുണ്ടാക്കുകയും അടിമപ്പെടുത്തുകയും ചെയ്യുന്നു. അതിന്റെ ദുരുപയോഗം വിവരിക്കാനാവാത്ത ദുരിതങ്ങൾക്കും അനാരോഗ്യത്തിനും ഇടയാക്കുന്നു. എന്നിരിക്കിലും ഈ മയക്കുമരുന്നിന്റെ മൂല്യം അവഗണിക്കാവതല്ല.

അതേപോലെയുള്ള ഒരു മയക്കുമരുന്നാണ് ഈതൈൽ ആൽക്കഹോൾ. വിവിധതരം പഞ്ചസാരകളും അന്നജവസ്തുക്കളും പുളിപ്പിക്കുന്നതു മുഖേന ഇത് ലഭ്യമാവുന്നു. തലച്ചോറിന്റെ പ്രവർത്തനങ്ങൾക്ക് നിമ്നാവസ്ഥയുണ്ടാക്കുന്നതു കാരണം ആൽക്കഹോളിന്റെ വിവിധ രൂപങ്ങൾ ഔഷധങ്ങളിൽ ഉപയോഗിക്കപ്പെട്ടിരുന്നു. രോഗികളെ ശാന്തരാക്കാനും ഉറക്കം നന്നാക്കാനും ടിങ്ങ്ചറിന്റെയും മറ്റു സസ്യങ്ങളുടെയും സജീവ ഘടകങ്ങൾ ലയിപ്പിക്കാനും ഇതുപയോഗിക്കുന്നു. നല്ല ഉപയോഗമുണ്ടെങ്കിലും, അമിതമായ മദ്യപാനം മുഖേന യു.കെ.യിൽ മാത്രം കോടിക്കണക്കിന് പൗണ്ടിന്റെ നഷ്ടമുണ്ടാവുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. കരൾവീക്കം, ഹൃദ്രോഗം, മുതലായവയ്ക്ക് പുറമേ, റോഡപകടങ്ങളും തെരുവുഗുണ്ടായിസവും, മരണവും എല്ലാം ആൽക്കഹോൾ കാരണമായി ഉണ്ടാകുന്നു. ചുരുങ്ങിയത് ചെറിയ അളവിൽ ആൽക്കഹോൾ ഉപയോഗിച്ചാൽ പോലും വിവേചനസാമർത്ഥ്യത്തെ ബാധിക്കുമെന്ന കാര്യം സുവിദിതമാണ്.

മറ്റൊരു പ്രധാന മയക്കുമരുന്ന് കോക്കയിൻ ആണ്. ഇതും ഒരു ചെടിയുടെ സത്താണ്. കൂടുതൽ നല്ല മയക്കുമരുന്നുകൾ കണ്ടുപിടിക്കുന്നതുവരെ ദീർഘകാലം ബോധം കെടുത്താൻ ഉപയോഗിച്ചിരുന്ന ഒരു വസ്തുവായിരുന്നു കോക്കയിൻ. ഇത് തലച്ചോറിനു ഒരു ഉദ്ദീപനാവസ്ഥയുണ്ടാക്കിയിരുന്നു. അതിനാൽ നല്ല ഒരു തോന്നലുണ്ടാക്കുന്നു. ഉറക്കത്തെ ബാധിച്ച് ഉണർച്ചയുടെ അവസ്ഥയുണ്ടാക്കുന്നു. ഇത് തലച്ചോറിലുണ്ടാക്കുന്ന ഫലം കാരണമായി ശീലമുണ്ടാക്കുകയും അടിമപ്പെടുത്തുന്ന ഗുണങ്ങളുണ്ടാവുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ ഇത് സന്തുഷ്ടിക്ക് കാരണമാണെന്ന വ്യാജേന ഉപയോഗിക്കപ്പെടുന്നു. എന്നാൽ ഗൗരവാവഹമായ പ്രത്യാഘാതങ്ങളാണ് അതുമുഖേനയുണ്ടാവുന്നത്. നിരവധി ആളുകൾ ആഹാരത്തിന്റെ ഭാഗമായി ഉപയോഗിക്കുന്ന കഫയിൻ തലച്ചോറിനെ ഉത്തേജിപ്പിക്കുന്നു. ഇത് ചായ, കാപ്പി, കോള എന്നിവയുടെ ഒരു ഘടകമാണ്. അത് തലച്ചോറിന്റെ പ്രവർത്തനത്തെ ഉത്തേജിപ്പിക്കുകയും സജീവമാണെന്ന ഒരു തോന്നലുണ്ടാക്കുകയും ചെയ്യുന്നു. ഉറക്കത്തിൽ ഇത് പല പ്രശ്നങ്ങളുമുണ്ടാക്കുന്നു. ചിലരിൽ ഇത് ശീലമുണ്ടാക്കുന്നു. ഇത് കിഡ്നിയെ ബാധിക്കുന്നത് കാരണം ഇടക്കിടക്ക് മൂത്രമൊഴിക്കാനുള്ള ഒരു പ്രവണതയുണ്ടാവുന്നു. മതിഭ്രമപരമായ ഫലങ്ങളുളവാക്കുന്ന ഒരു സസ്യസത്താണ് മരിജ്വാന. വ്യത്യസ്ത വ്യക്തികളിൽ മാറിക്കൊണ്ടിരിക്കുന്ന ഫലങ്ങളുളവാക്കുന്നു. ചില വ്യക്തികളിൽ ഗൗരവാവഹമായ മാനസികസ്വാസ്ഥ്യങ്ങളുണ്ടാക്കുന്നു. ഇതിനും ചില ഔഷധഗുണങ്ങളുണ്ട്. മരവിപ്പടക്കം പല രോഗങ്ങൾക്കും ഇതു പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. ചില പ്രയോജനകരമായ ഫലങ്ങളുണ്ടായിട്ടുമുണ്ട്.

മറ്റൊരു ചെടി പുകയിലയാണ്. അത് പുകവലിക്കാനും അകത്തേക്ക് കഴിക്കാനും ഉപയോഗിക്കുന്നു. അതിന് അറിയപ്പെട്ട ഭേഷജഗുണങ്ങളുണ്ട്. അതിലുള്ള ഒരു ഘടകമായ നിക്കോട്ടിൻ നാഡീവ്യവസ്ഥയെ ബാധിക്കുന്നു. മനസ്സിന് അയവുവന്നതായ ഒരു തോന്നൽ ഇതു കാരണം ഉണ്ടാവുന്നു. അടിമപ്പെടുത്തുന്ന ഗുണങ്ങളുമുണ്ട്. ഇത് സിഗരറ്റു രൂപത്തിൽ വിപുലമായ തോതിൽ ഉപയോഗിക്കപ്പെടുന്നു. അതിന്റെ ദോഷകരമായ ഫലങ്ങളെ സ്സംബന്ധിച്ച് നാം വളരെയധികം മനസ്സിലാക്കിയിട്ടുണ്ട്. ഇതു കാരണമായാണ് മാദ്ധ്യമങ്ങളിൽ പുകവലിയെ സ്സംബന്ധിച്ച പരസ്യം നിരോധിച്ചതും പൊതുസ്ഥലങ്ങളിലും വാഹനങ്ങളിലും പുകവലി നിരോധിച്ചതും സിഗരറ്റിന്റെ പാക്കറ്റുകളിൽ പുകവലി ആരോഗ്യത്തിന് ഹാനികരമാണെന്ന താക്കീത് രേഖപ്പെടുത്തപ്പെട്ടതും.

ലഹരി പദാർത്ഥങ്ങളെസ്സംബന്ധിച്ച മാർഗ്ഗദർശനം വിശുദ്ധ ഖുർആന്റെ താഴെ സൂക്തങ്ങളിലടങ്ങിയിരിക്കുന്നു:

“അവർ നിന്നോടു മദ്യത്തേയും ചൂതിനേയുസ്സംബന്ധിച്ച് ചോദിക്കുന്നു. പറയുക, അവ രണ്ടിലും വലിയ ദോഷവും ജനങ്ങൾക്ക് (ചില) ഗുണങ്ങളുമുണ്ട്. എങ്കിലും, അവയുടെ ദോഷം അവയുടെ ഗുണത്തേക്കാൾ വളരെ വലുതാണ്.” (2:220). “വിശ്വസിച്ചവരേ, നിശ്ചയമായും മദ്യവും ചൂതാട്ടവും പ്രതിഷ്ഠകളും, പ്രശ്നം വെക്കുന്ന അസ്ത്രങ്ങളും പിശാചിന്റെ ചെയ്തികളിൽപ്പെട്ട നീചകൃത്യങ്ങളാ

*(ശേഷം 32-ാം പേജിൽ)*

ലേഖനം

# യേശു ഇന്ത്യയിൽ

## സുദീർ കെ. സിങ്ങ്

### ആർ.എസ്.എസ്. നേതാവ് ശ്രീ. കെ. സുദർശന്റെ അഭിപ്രായത്തെ വിശദീകരിച്ചുകൊണ്ട് Deccan Chronicle (3rd Feb. 2007)ൽ വന്ന ലേഖനം

യേശു പന്ത്രണ്ടു മുതൽ ഇരുപത്തേഴു വയസ്സു വരെ (ഏകദേശം പുതിയ നിയമത്തിൻ പ്രതിപാദിക്കാത്ത കാലം) ഇന്ത്യയിലാണ് വസിച്ചതെന്നും അവിടെ അദ്ദേഹം ബുദ്ധമതത്തിന്റെ സ്വാധീനത്തിൽപെട്ടത് കൊണ്ടാണ് സ്നേഹത്തെക്കുറിച്ചും, അഹിംസയെക്കുറിച്ചുമുള്ള സനാതന തത്ത്വങ്ങൾ അദ്ദേഹത്തിൽ രൂപപ്പെടാൻ സാധിച്ചതെന്നും. ആർ.എസ്.എസ്. സർസംഘ് ചാലക് കെ.എസ്. സുദർശൻ അവകാശപ്പെട്ടു.* ഈ വാദത്തിൽ വാസ്തവത്തിൽ പുതിയതോ പുതുമയുള്ളതോ ഒന്നും തന്നെയില്ല എന്നും അദ്ദേഹം പറഞ്ഞു. ജബൽപൂരിലെ ദിൻദോരിയിൽ ഗോത്രവർഗ്ഗക്കാരുടെ ഒരു സംഗമത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാത്രമല്ല, യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ലെന്നും കാശ്മീർ താഴ്‌വരയിൽ മടങ്ങിവന്ന യേശു ശ്രീനഗറിൽ വെച്ച് ദിവംഗതനാവുന്നത് വരെ യൂസ് ആസഫ് എന്ന പേരിൽ 80 വയസ്സു വരെ അവിടെ ജീവിക്കുകയും ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ മൃതകുടീരം ശ്രീനഗറിലെ ഖാൻയാർ ഭാഗത്തെ പഴയനഗരത്തിൽ 15-ാം നൂറ്റാണ്ടിലെ ഒരു മുസ്‌ലിം സിദ്ധന്റെ കബറിടത്തിനരികെ ഇപ്പോഴും സ്ഥിതിചെയ്യുന്നു.

യൂസ് ആസഫിന്റെ (യേശുവിന്റെ) മൃതകുടീരത്തിനടുത്തുള്ള രണ്ട് മുസ്‌ലിം കബറുകളും വടക്ക് തെക്കായിക്കൊണ്ടാണ് സ്ഥിതി ചെയ്യുന്നത്. എന്നാൽ യൂസ് ആസഫിന്റെ മൃതകുടീരത്തിനടിയിലെ കബറിടം യഹൂദമാതൃകയിൽ കിഴക്ക് - പടിഞ്ഞാറായാണ് കബറടക്കിയിരിക്കുന്നത്. കബറിടത്തിലെ കല്ലിൽ കൊത്തിവെച്ച ശില്പത്തിൽ ക്രൂശീകരണവേളയിലേറ്റ മുറിവിന്റെ പാടുകൾ വളരെ വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു. അവിടെ ഈ ക്രൂശീകരണവും ഒരു ജപമാലയും( കൊന്ത) കൂടി കല്ലിൽ കൊത്തിവെച്ചിട്ടുണ്ട്. ശ്രീനഗറിൽ നിന്നും 70 കിലോമീറ്റർ അകലെ സോപോർ ജില്ലയിലെ ബന്നിപൂരിൽ (ബൈബിളിലെ ബെത്ത് പ്യുയോർ) മോസസിന്റെ ശിലാകുടീരവുമുണ്ട് (?)

യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിലുള്ള സംശയം ആ കാലത്തോളം പഴക്കമുള്ളതാണ്. പക്ഷേ ഇന്ത്യയുമായും ബുദ്ധമതവുമായുള്ള അദ്ദേഹത്തിന്റെ ബന്ധത്തിന്റെ റിപ്പോർട്ടുകൾക്ക് 120 വർഷത്തിലധികം പഴക്കമില്ല. സങ്കീർണ്ണവും സൂക്ഷ്മവുമായ രണ്ട് ഗവേഷണ പുസ്തകങ്ങളുടെ വ്യാപകമായ പ്രസിദ്ധീകരണമാണ് പാഷാണ്ഡതയുടേയും കെട്ടുകഥയുടേയും ആശയക്കുഴപ്പം സൃഷ്ടിച്ചത് Jesus Christ Lived in India (1981- Penguin) Jesus Conspiracy (1994) എന്നിവയാണ് ആ രണ്ട് പുസ്തകങ്ങൾ. ശാസ്ത്രീയവും, യുക്തിപൂർവവുമായ ശക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ യാഥാർത്ഥ്യത്തിന്റെ ഒരു പരിവേഷം ഈ പുസ്തകങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

രണ്ട് പുസ്തകങ്ങളുടെയും കർത്താവ് ജർമ്മൻ ദൈവശാസ്ത്ര പണ്ഡിതനും ഫ്രീ ബർഗ്ഗ് സർവ്വകലാശാലയിൽ പ്രൊഫസറുമായ ഹോൾഗർ കെർസ്റ്റൺ ആണ്. രണ്ട് പുസ്തകങ്ങളിൽ Jesus conspiracy എന്ന പുസ്തകം എൽമാർ ആർ. ഗ്രൂബറുമായി ചേർന്നെഴുതിയതാണ്. ഈ രണ്ട് പുസ്തകങ്ങളെയും ക്രിസ്തുസഭ അവഗണിച്ചിരിക്കുകയാണ്. ഉദ്ദേശ്യം വളരെ വ്യക്തമാണ്. ആൽബർട്ട് ഷെട്സ്വർ 1913ൽ നൽകിയ താക്കീത് ഇപ്പോഴും മുഴങ്ങുന്നു. 'ഏത് സമയത്തും കൊണ്ടാടപ്പെടുന്ന യേശുവിനെസ്സംബന്ധിച്ച ചരിത്രത്തെ അഭിമുഖീകരിക്കാൻ ആധുനിക ക്രിസ്തുമതം തയ്യാറെടുക്കേണ്ടതുണ്ട്' എന്നതായിരുന്നു ആ താക്കീത്.

ഈ പുസ്തകം രചിച്ചതിന്റെ മുഴുവൻ ബഹുമതിയും ഹോൾഗർ കെർസ്റ്റണിനുള്ളതാണ്. അദ്ദേഹത്തിന്റെ ആദ്യപുസ്തകം വെറും ഒരു ചാരുകസേല വ്യായാമമായിരുന്നില്ല. (സുദർശൻ ആ പുസ്തകം സൂക്ഷ്മമായി വായിച്ചില്ലായിരിക്കുമെങ്കിലും ഒന്ന് ഓടിച്ചുപോയിട്ടുണ്ടായിരിക്കും). കെർസ്റ്റൺ 1979ൽ ഈ പുസ്തകരചനക്കായി ഹിമാലയത്തിൽ സുദീർഘ

* ആർ.എസ്.എസ്. നേതാവ് കെ. എസ്. സുദർശൻ യേശു ഇന്ത്യയിൽ വന്നു എന്ന അഭിപ്രായം അംഗീകരിക്കുന്നു. യേശു കൗമാരകാലത്ത് ഫലസ്തീനിൽ നിന്ന് ബുദ്ധമതം പഠിക്കാനായി ഇന്ത്യയിലെത്തിയെന്ന വാദം യുക്തിസഹമോ ചരിത്രവസ്തുതകൾക്ക് നിരക്കുന്നതോ അല്ല. കുരിശ് സംഭവത്തിനുശേഷമാണ് അദ്ദേഹം ഇന്ത്യയിലേക്ക് വന്നത്.

മായ യാത്രകൾ നടത്തിയിട്ടുണ്ട്. പ്ര ത്യേകിച്ച് ലഡാക്കിലെ ഹെമിസ് ബുദ്ധ വിഹാരത്തിലേക്ക് അദ്ദേഹം നടത്തിയ യാത്ര. അവിടെയാണ് 15 വയസ്സ് വരെയുള്ള യേശുവിന്റെ ആദ്യ കാല ജീവിതത്തെപ്പറ്റി പരാമർശമുള്ള ലിഖിതങ്ങൾ സൂക്ഷിച്ചിരുന്നത്. ആ രേഖകൾ 80-90 വർഷങ്ങൾക്ക് മുമ്പേ തിരിച്ചുകിട്ടാത്ത വിധം നഷ്ടപ്പെട്ടുപോയിരിക്കുന്നു.

കെർസ്റ്റൺ ലഡാക്കിലെ ലേഹ് ലിലുള്ള മൊണാസ്ട്രിയാണ് തന്റെ ബുദ്ധ മൊണാസ്ട്രിയിലേക്കുള്ള സന്ദർശനത്തിന് ലക്ഷ്യമാക്കിയിരുന്നത്. റഷ്യൻ ചരിത്രകാരനും സഞ്ചാരിയുമായിരുന്ന പണ്ഡിതൻ നിക്കലോയ്നോട്ടോവിച്ച് 1887ൽ ഈ ബുദ്ധസന്യാസാശ്രമത്തിൽ നടത്തിയ സന്ദർശനത്തിലാണ് പ്രസ്തുത രേഖകൾ കണ്ടെത്തിയത്. നോട്ടോവിച്ചിന്റെ ആ യാത്രാക്കുറിപ്പുകളെ ഉപജീവിച്ചുകൊണ്ടാണ് കെർസ്റ്റൺ ഹിമാലയത്തിൽ ഇത്തരമൊരു യാത്ര നടത്തിയത്. ബുദ്ധന്റെ ആത്മാവ് വിശുദ്ധനായ യേശുവിൽ അവതരിക്കുകയും അദ്ദേഹം ബുദ്ധസന്ദേശം ലോകം മുഴുവൻ പ്രചരിപ്പിക്കുകയുമാണ് ഉണ്ടായതെന്ന് ലഡാക്കിലെ ഈ ബുദ്ധമതസ്ഥരുടെ ആശ്രമത്തിന്റെ നേതൃത്വം വഹിച്ചിരുന്ന ലാമ നോട്ടോവിച്ചിനോട് പറയുകയുണ്ടായി. തങ്ങൾ നൂറ്റാണ്ടുകളോളമായി പത്മസാംബവന്റെ അവതാരമായിക്കൊണ്ട് അദ്ദേഹത്തെ ആരാധിച്ചുവരുന്നു എന്നും ലാമ അദ്ദേഹത്തോടു പറയുകയുണ്ടായി.

ഈസാ മഹാനായൊരു പ്രവാചകനും ഞങ്ങളുടെ 22 ബുദ്ധന്മാരിൽ ഒരാളുമാണ്. അദ്ദേഹത്തിന്റെ പേരും പ്രവർത്തനങ്ങളും തങ്ങളുടെ വിശുദ്ധ പുസ്തകങ്ങളിൽ എഴുതിയിട്ടുണ്ടെന്നും അതിന്റെ മൂലകൃതി ഇവിടെ തിബറ്റിലുണ്ട് എന്നും ലാമ പറഞ്ഞു. (ചൈനീസ് അധിനിവേശത്തിനു ശേഷം അത് നഷ്ടപ്പെട്ടു). യേശുവിന്റെ ജീവിതത്തിനു കൃഷ്ണന്റെ ജീവിതവുമായുള്ള സാമ്യം മറ്റൊരു കാര്യമാണ്.

അനുനയപരമായ നോട്ടോവിച്ചിന്റെ പെരുമാറ്റങ്ങൾക്ക് ശേഷം അവർ അദ്ദേഹത്തിന് രേഖകളുടെ കൈയ്യെഴുത്ത് പ്രതികൾ കാണിക്കുകയും നോട്ടോവിച്ച് അതിൽ നിന്നും നോട്ടുകൾ എഴുതുകയും ചെയ്തു. അതിന്റെ മൂലരൂപം രണ്ടാം നൂറ്റാണ്ടിലെ പാലി ഭാഷയിലുള്ളതാണ്. ബുദ്ധ സന്യാസികൾ അത് അദ്ദേഹത്തിന് വായിച്ചുകൊടുക്കുകയായിരുന്നു. ആ രേഖകളിലെ പേജുകൾ നിറയെ യേശുവിന്റെ ചരിത്രം കുത്തിക്കുറിച്ചുവെച്ചിരിക്കുകയായിരുന്നു. ഇസ്രായേലിൽ ജനിച്ച ഈസാ ചില കച്ചവടക്കാരോടൊപ്പം 14 വയസ്സിൽ മഹാനായ ബുദ്ധന്റെ നിയമങ്ങൾ പഠിക്കാൻ ഇന്ത്യയിൽ വന്നതായിരുന്നു. പഞ്ചാബിലുടനീളം അലഞ്ഞുതിരിഞ്ഞതിനുശേഷം വേദങ്ങൾ പഠിക്കാൻ ജഗന്നാഥിലേക്ക് പോകുന്നതിനു മുമ്പേ നാടോടികളായ ജൈനസന്യാസിമാരോടൊപ്പം കഴിച്ചുകൂട്ടുകയും ചെയ്തു. ബ്രാഹ്മണന്മാർ അദ്ദേഹത്തെ ആദ്യം തങ്ങളുടെ കൂട്ടത്തിലേക്ക് സ്വാഗതം ചെയ്തെങ്കിലും ജാതിവ്യവസ്ഥയെ എതിർക്കുകയും ശൂദ്രന്മാർക്ക് വേണ്ടി സംസാരിക്കുകയും ചെയ്തപ്പോൾ ഈസായെ തങ്ങളുടെ കൂട്ടത്തിൽ നിന്നും പുറത്താക്കുകയാണുണ്ടായത്. അവിടം മുതൽ അദ്ദേഹം രാജഗൃഹ, ബനാറസ്, നേപ്പാൾ, ഹിമാലയസാനുക്കൾ മുതലായ സ്ഥലങ്ങളിൽ ബുദ്ധമത പഠനത്തിനായി ചുറ്റിത്തിരിഞ്ഞു.

അവസാനം തന്റെ സഹോദരന്മാരുടെ കണ്ണീരൊപ്പാനും അവരെ അടിമത്തത്തിൽ നിന്നും ദൈവരഹിതമായ അവസ്ഥയിൽ നിന്നും രക്ഷിക്കാനും അദ്ദേഹം ഫലസ്തീനിലേക്ക് തിരിച്ചുപോയി.

പിൽക്കാലത്ത് ഹെമിസിലെ ബുദ്ധസന്യാസിമഠം സന്ദർശിച്ച രാമകൃഷ്ണമഠത്തിലെ സ്വാമി അഭേദാനന്ദ, റഷ്യൻ ചിത്രകാരൻ നിക്കോളോസ് റോയ്റീക്ക് എന്നിവരും ആ കൈയ്യെഴുത്തു പ്രതി അവിടെയുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. (മൂന്നാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനും ഇടയിൽ എഴുതപ്പെട്ട പുരാണത്തിൽ ഒൻപതാം വാല്യത്തിൽ ഇശാപുത്രനായി യേശു പ്രത്യക്ഷപ്പെട്ടതായി വിവരിച്ചിട്ടുണ്ട്.

യേശു തന്റെ രഹസ്യശിഷ്യരായ ജോസഫ് അരിമത്യായുടേയും നിക്കോദമസിന്റേയും ശതാധിപന്റേയും സഹായത്തോടെ കുരിശ് മരണത്തെ അതിജീവിച്ച വിവരണം യുക്തിപരവും ആരേയും ബോദ്ധ്യപ്പെടുത്തുന്നതുമാണ്.

യോഹന്നാന്റെ സുവിശേഷം സൂക്ഷ്മമായി വായിക്കുമ്പോൾ (സുവിശേഷങ്ങളിൽ ഏറ്റവും ആധികാരികമാണ് യോഹന്നാന്റെ സുവിശേഷം) ലാസറിന്റേയും യേശുവിന്റെയും ശവസംസ്കാരച്ചടങ്ങിൽ കാണുന്ന വൈരുദ്ധ്യം വളരെ പ്രകടമാണ്. ഉയിർത്തെഴുന്നേൽപ്പ് കഥയുടെ പൂർണ ഉത്തരവാദിത്തം മഗ്ദലനക്കാരി മറിയമിലാണ്. കല്ലറയുടെ വായ്മുഖത്തെ ഉരുളൻ കല്ല് നീക്കിയതായി അവർ കാണുകയും യേശുവിന്റെ ശരീരം അവിടെ കാണാതാവുകയും ചെയ്തു. ശവകുടീരത്തിന്റെ കല്ലറവാതിൽ തുറന്ന് എന്തുകൊണ്ട് കർത്താവ് ഉയിർത്തെഴുന്നേറ്റു എന്നത് രസകരമായ ഒരു ചോദ്യമായി അവശേഷിക്കുന്നു. കല്ലിനോടൊപ്പം തന്നെ ഉയിർത്തെഴുന്നേറ്റ് പോകലായിരുന്നു കൂടുതൽ ബുദ്ധിക്ക് യോജിക്കുക.

14-ാം നൂറ്റാണ്ടിൽ ഫ്രാൻസിൽ നിന്നും കണ്ടുകിട്ടിയ ടൂറിനിലെ തിരുശ്ശീലയാണ് ഏറ്റവും നിർണ്ണായകമായ മറ്റൊരു വസ്തു. കുരിശ് പീഡനത്തിനുശേഷം യേശുവിനെ പൊതിഞ്ഞ തുണിയാണ് ഇറ്റലിയിലെ ടൂറിനിൽ സൂക്ഷിക്കപ്പെട്ട തിരുശ്ശീല 1988ൽ തിരുശ്ശീല റേഡിയോ കാർബൺ പരീക്ഷണങ്ങൾക്ക് വിധേയമാക്കിയപ്പോൾ അധികൃതർ കൃത്രിമം കാട്ടി മാറ്റിക്കളഞ്ഞത് എന്തുകൊണ്ട്?

ആധുനിക ക്രിസ്തുമതവും യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനവും തമ്മിൽ യാതൊരു ബന്ധവുമില്ല. സെന്റ് പോളിന്റെ ആശയങ്ങളാണ് നൂറ്റാണ്ടുകളുമായി സഭ പ്രഘോഷിക്കുന്നത്. അതിനെ പോളിസം (Paulism) എന്ന് വിളിക്കാം.

●

ലേഖനം

# അബ്ദുസ്സലാമിന്റെ പേരിലൊരു അന്തർദേശീയ സ്ഥാപനം

ശമീം അഹ്മദ്ഖാൻ - മസ്കറ്റ്, ഒമാൻ

**ഡോ. അബ്ദുസ്സലാമിന്റെ സ്വന്തം പരിശ്രമഫലമായി പണിതുയർത്തിയ 'ഇന്റർനാഷനൽ സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ്' എന്ന ഈ അന്തർദേശീയ സ്ഥാപനത്തിന്റെ പേര് അബ്ദുസ്സലാം സാഹിബിന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ പേരും കൂടി ചേർത്തുകൊണ്ട് പുനർനാമകരണം ചെയ്യപ്പെടുകയുണ്ടായി. നോബൽ സമ്മാനജേതാവും പിന്നോക്കരാജ്യങ്ങളിൽ ശാസ്ത്രം വളരുവാൻ ജീവിതം ഉഴിഞ്ഞുവെച്ച മനുഷ്യസ്നേഹിയുമായ ഡോ: അബ്ദുസ്സലാം മൂന്നാം ലോകരാജ്യങ്ങൾക്കുവേണ്ടി അന്തർദേശീയതലത്തിൽ ചെയ്ത ശാസ്ത്രസേവനങ്ങൾ ലേഖകൻ അനുസ്മരിക്കുന്നു.**

2004 ഒക്ടോബർ 4-5 തിയ്യതികളിൽ ഇറ്റലിയിലെ ട്രീസ്റ്റയിലുള്ള AICTP (അബ്ദുസ്സലാം സെന്റർ ഫോർ തിയററ്റിക്കൽ ഫിസിക്സ്) 'ഭാവിയുടെ പൈതൃകം' (Legacy of the future) എന്ന പേരിൽ ഒരു അന്തർദേശീയ കോൺഫറൻസ് സംഘടിപ്പിച്ചുകൊണ്ടാണ് അതിന്റെ 40-ാം വാർഷികം ആഘോഷിച്ചത്. ലോകത്തെമ്പാടുമുള്ള എറ്റവും പ്രഗത്ഭരായ 300 ശാസ്ത്രജ്ഞന്മാരും നയരൂപീകരണവിദഗ്ധരും കോൺഫറൻസിൽ പങ്കെടുത്തിരുന്നു. ഈ സമ്മേളനം മൂന്നാംലോകരാജ്യങ്ങളിലെ ശാസ്ത്രത്തിന്റെ ഭാവിയെക്കുറിച്ച് ഒട്ടേറെ ചർച്ചകൾ സംഘടിപ്പിക്കുകയുണ്ടായി. 1964ൽ ICTP തുടങ്ങിയത് മുതൽ അതിന്റെ പ്രത്യേകം താൽപര്യമുള്ള മേഖലകളിലൊന്നാണ് മൂന്നാം ലോകത്തിലെ ശാസ്ത്ര പുരോഗതി.

ICTP എന്ന അന്തർദേശീയ സ്ഥാപനം അബ്ദുസ്സലാം എന്ന പ്രതിഭാശാലിയായ ശാസ്ത്രജ്ഞന്റെ നാമധേയവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടതാണ്. 1979-ൽ ഭൗതികശാസ്ത്രത്തിൽ നോബൽസമ്മാനം പങ്കു വെച്ച വ്യക്തിയായിരുന്നു അബ്ദുസ്സലാം. അദ്ദേഹമാണ് ICTPയുടെ സ്ഥാപകനും ദീർഘകാലത്തെ ഡയറക്ടറും. ഇന്ത്യയുടെ ഭാഗമായിരുന്ന ജംഗിലാണ് 1926ൽ അബ്ദുസ്സലാം ജനിച്ചത്. 1947ൽ വിഭജനത്തിന് ശേഷം ജംഗ് പാകിസ്താന്റെ ഭാഗമായി. ബ്രിട്ടനിലെ തന്റെ പഠനത്തിനുശേഷം 1951ലാണ് അബ്ദുസ്സലാം തന്റെ ജന്മദേശമായ പാകിസ്താനിൽ തിരിച്ചെത്തുന്നത്. വികസിതരാജ്യങ്ങളിൽ നിന്നും ഒറ്റപ്പെട്ടുകഴിയുന്ന മൂന്നാം ലോകരാജ്യമായ പാകിസ്താനിൽ അദ്ദേഹം തിരിച്ചെത്തിയപ്പോൾ തന്റെ ഗവേഷണങ്ങളും ഉപരിപഠനം നടത്തുവാനുള്ള ബുദ്ധിമുട്ടും പരിമിതികളും അദ്ദേഹത്തിന് ബോധ്യമായി. ഭൗതികശാസ്ത്രത്തിൽ ഉന്നതപഠനം തുടർന്നു നടത്തുവാനാവശ്യമായ അന്തർദേശീയ ശാസ്ത്രസമ്മേളനങ്ങളോ, ചർച്ചകൾക്കുള്ള വേദിയോ, ശാസ്ത്ര പ്രസിദ്ധീകരണങ്ങളോ ലഭ്യമല്ലാത്ത തന്റെ ജന്മനാടായ പാക്കിസ്താനിൽ നിന്നും വിട്ടുപോവാനുള്ള വേദനാജനകമായ തീരുമാനം അദ്ദേഹമെടുത്തു. സലാം ലണ്ടനിലെ ഇമ്പീരിയൽ കോളേജിൽ ചേരുകയും അത്യുന്നതവും അസാധാരണവുമായ ഒരു ഗവേഷണസംരംഭത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തു. സ്വദേശമായ പാകി

സ്താനിൽ ഉന്നതശാസ്ത്രപഠനം നടത്തുവാനുള്ള പരിമിതി തന്റെ സ്വന്തം അനുഭവത്തിലൂടെ തിരിച്ചറിഞ്ഞ അബ്ദുസ്സലാം അവികസിത രാജ്യങ്ങളിൽ ഉന്നത ശാസ്ത്രപഠനവും ഗവേഷണങ്ങളും ലഭ്യമാക്കാൻ ICTP എന്ന അന്തർദേശീയ സ്ഥാപനം പടുത്തുയർത്താനുള്ള തീരുമാനം മനസ്സിൽ എടുത്തിരുന്നു. സലാമിന്റെ ഈ ഉദാത്തമായ ലക്ഷ്യമാണ് പിന്നീട് സഫലമായത്.

അവികസിതമായ മൂന്നാം ലോകത്തു നിന്നുമുള്ള ശാസ്ത്രജ്ഞന്മാരുടെ ഉന്നത ശാസ്ത്രപഠനം ലക്ഷ്യമാക്കിക്കൊണ്ട് സൈദ്ധാന്തിക ഭൗതികത്തിൽ (Theoretical Physics) ഒരു അന്തർദേശീയ ശാസ്ത്രസ്ഥാപനം തുടങ്ങുവാൻ അങ്ങനെ സലാം തീരുമാനിച്ചു. 1960ൽ അമേരിക്കയിലെ റോച്ചസ്റ്ററിൽ വെച്ച് നടന്ന ഹൈ എനർജി ഫിസിക്സിന്റെ (High Energy Physics) 10-ാം വാർഷിക സമ്മേളനത്തിൽ IAEC (ഇന്റർനാഷനൽ അറ്റോമിക് എനർജി കമ്മീഷൻ) എന്ന ഒരു സ്ഥാപനം ആസ്ട്രിയയിലെ വിയന്നയിൽ രൂപീകരിക്കാനുള്ള ഒരു രൂപരേഖ അദ്ദേഹം സമർപ്പിക്കുകയുണ്ടായി.

സലാമിന്റെ ഈ മാനസ സ്ഥാപനത്തിന് പ്രഗത്ഭനായ ശാസ്ത്രജ്ഞനും നോബൽ സമ്മാന ജേതാവുമായ നീൻ ബോർ അടക്കമുള്ള ഉന്നതരായ പല ശാസ്ത്രജ്ഞന്മാരിൽ നിന്നും നിർല്ലോഭമായ സഹകരണവും പ്രോത്സാഹനവും ലഭിക്കുകയുണ്ടായി. പിന്നീട് ബോറിന്റെ മകൻ ഏജ് ബോർ (അദ്ദേഹവും 1975ലെ നോബൽസമ്മാന ജേതാവാണ്) കലവറയില്ലാതെ സലാമിനെ പിന്തുണച്ചു. പക്ഷേ, പുതിയ ഒരു ശാസ്ത്ര കേന്ദ്രം സ്ഥാപിക്കാനുള്ള സലാമിന്റെ ശ്രമത്തിന് IAECയുടെ ഉപദേശകസമിതിയിൽ നിന്നു തന്നെ നിരവധി തടസ്സങ്ങളുണ്ടായി.

സലാമിന്റെ രൂപരേഖയെ എതിർത്തുകൊണ്ട് നോബൽ സമ്മാനജേതാവായ ഇസിഡോർ ഇസ്ഹാക്ക് റബ്ബി അടക്കമുള്ളവർ അംഗങ്ങളായ ഉപദേശകസമിതി അഭിപ്രായപ്പെട്ടത് പുതിയൊരു കേന്ദ്രം തുടങ്ങുന്നതിനേക്കാൾ ഇപ്പോൾ നിലവിലുള്ള കേന്ദ്രം തന്നെ ഫെല്ലോഷിപ്പ് പ്രോഗ്രാമുകൾ നടപ്പാക്കിയാൽ കൂടുതൽ ചെലവില്ലാതെയും എളുപ്പത്തിലും പദ്ധതികൾ നടത്താനാകുമെന്നാണ്. നിത്യനിദാന ജീവിതച്ചെലവിനുതന്നെ ബുദ്ധിമുട്ടുന്ന പാവപ്പെട്ട രാജ്യങ്ങൾക്ക് തിയററ്റിക്കൽ ഫിസിക്സ് കൊണ്ട് പ്രായോഗികമായി യാതൊരു ഗുണവുമില്ല എന്നും അവർ അഭിപ്രായപ്പെട്ടു. ഈ റബ്ബി തന്നെയാണ് 1950ൽ അബ്ദുസ്സലാമിന്റെ പദ്ധതിയെ പരാജയപ്പെടുത്താൻ UNESCO (യുണൈറ്റഡ് നേഷൻസ് എഡുക്കേഷനൽ സയന്റിഫിക് ആൻറ് കൾച്ചറൽ ഒർഗനൈസേഷൻ)യെക്കൊണ്ട് പ്രാദേശിക ശാസ്ത്രകേന്ദ്രങ്ങൾ നിർമ്മിപ്പിക്കാൻ ഫ്ളോറൻസ് പ്രമേയം കൊണ്ടുവന്നത്. ഈ ഫ്ളോറൻസ് റിസലൂഷനാണ് 'യൂറോപ്യൻ ഓർഗനൈസേഷൻ ഫോർ ന്യൂക്ലിയർ റിസർച്ച്' എന്ന സ്ഥാപനം തുടങ്ങുവാനുള്ള കാരണം. യൂറോപ്പിന് മാത്രമായുള്ള ഈ സ്ഥാപനം 1954ൽ യൂറോപ്പിലെ 12 സമ്പന്നരാജ്യങ്ങൾ സ്വിറ്റ്സർലന്റിലെ ജനീവയിൽ സ്ഥാപിച്ചു. ഈ സ്ഥാപനം ഫ്രഞ്ച് ഭാഷയിൽ CERN (Conscil Europeen pour la Recherche Nucleaire) എന്ന പേരിലാണ് അറിയപ്പെടുന്നത്. CERN ആണ് ലോകത്തിലെ ഏറ്റവും വലിയ കണികാത്വരണി (Accelarator) നിർമ്മിച്ചത്.

## ഉപസംഹാരം

ICTPയുടെ നാൽപതാം വാർഷികം ഭൗതികശാസ്ത്രസമൂഹം മാത്രമല്ല, ശാസ്ത്രത്തിൽ അഭിരുചിയുള്ള ലോകമെമ്പാടുമുള്ള പ്രത്യേകിച്ചും പാവപ്പെട്ട രാജ്യങ്ങളിലുള്ള സർവ്വരും ആഘോഷിക്കുന്നു. പൊതുജനശ്രദ്ധയും മാദ്ധ്യമശ്രദ്ധയും ഇതിനു നേരെ വളരെയേറെ ഉണ്ടായിട്ടുണ്ട്. ICTPക്ക് ഇറ്റാലിയൻ ഗവൺമെൻറിൽ നിന്നുമുള്ള നിർല്ലോപമായ പിന്തുണ തെക്ക് കിഴക്കൻ സഹകരണത്തിന്റെ ഉത്തമനിദർശനമാണ്. തുടക്കത്തിൽ തന്നെ പിന്നോക്കരാജ്യങ്ങൾ അനുഭവിക്കുന്ന നിരവധി പ്രശ്നങ്ങൾ ICTP അഭിമുഖീകരിച്ചിട്ടുണ്ട്. ലോകം മുഴുവൻ ICTPയുടെ 20 കേന്ദ്രങ്ങൾ ആരംഭിക്കുക എന്നത് സലാമിന്റെ സ്വപ്നമായിരുന്നു. പിന്നോക്കരാജ്യങ്ങളിൽ ശാസ്ത്രവിജ്ഞാനം പരത്തുക എന്ന അദ്ദേഹത്തിന്റെ ഈ സ്വപ്നം സാക്ഷാത്കൃതമാവാൻ വേണ്ടി ശാസ്ത്രത്തിന്റെയും സാങ്കേതിവിദ്യയുടെയും ഉന്നതാശയങ്ങൾ പിന്നോക്കരാജ്യങ്ങളിൽ പ്രചരിപ്പിക്കാൻ അദ്ദേഹം കഠിനമായ ശ്രമങ്ങൾ നടത്തുകയുണ്ടായി. ഇങ്ങനെ പ്രാദേശികമായി സൃഷ്ടിക്കപ്പെടുന്ന ICTP കേന്ദ്രങ്ങളിലൂടെ വികസിത രാജ്യങ്ങളിലെ ശാസ്ത്രപ്രതിഭകളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതികൾ മാത്രമായിരുന്നില്ല അദ്ദേഹം നടപ്പാക്കാനുദ്ദേശിച്ചത്. അതാതു തദ്ദേശീയ കേന്ദ്രങ്ങളെ സ്വയംപര്യാപ്തമാക്കുന്നവിധത്തിൽ അവയെ വളർത്തിക്കൊണ്ടുവരുവാനും അദ്ദേഹം പദ്ധതികൾ തയ്യാറാക്കി. പശ്ചിമേഷ്യയിലെ രാജ്യങ്ങൾക്ക് വേണ്ടി അദ്ദേഹം ഒരു സിൻക്രോട്രോൺ ലബോറട്ടറിയാണ് (Synchrotron Laboratory) വിഭാവനം ചെയ്തത്. അതിന് അദ്ദേഹം SESAME (Synchrotron light for Experimental Science and Application in the Middle East) എന്നാണ് പേരിട്ടത്. ഈ പദ്ധതിക്ക് ആതിഥ്യമരുളിയ ജോർദ്ദാൻ ആശാവഹമായ പുരോഗതി കാഴ്ചവെക്കുകയുണ്ടായി.

ആഫ്രിക്ക, ഏഷ്യ, സൗത്ത് അമേരിക്ക മുതലായ രാജ്യങ്ങളിൽ ഇത്തരം സിൻക്രോട്രോൺ ലാബോറട്ടറി സ്ഥാപിക്കുക എന്നത് അദ്ദേഹത്തിന്റെ സ്വപ്നമായിരുന്നു. സലാമിന്റെ ഈ സ്വപ്നം സാക്ഷാത്കരിക്കാൻ പിന്നോക്കരാജ്യങ്ങളിലെ നയരൂപീകരണ നേതാക്കന്മാർ ചിന്തിക്കുമോ എന്നതാണ് പ്രശ്നം. ●

ലേഖനം

# സൂക്തനിഷേധത്താൽ ശിക്ഷിക്കപ്പെടുന്ന മുസ്‌ലിം ലോകം - II


**അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ**


**ഏറ്റവും കൂടുതൽ ആളുകൾ ആരാധിക്കുന്ന ഈസാനബി മരിച്ചുപോയി എന്ന് ഖുർആൻ ഖണ്ഡിതമായി പറയുന്നു. അദ്ദേഹം ആകാശത്തിരിക്കുന്നു എന്ന് പറയുന്നവർ ക്രിസ്തീയതത്ത്വങ്ങളാൽ സ്വാധീനിക്കപ്പെട്ടവരും ഖുർആൻ വിരുദ്ധരുമാണ്**

സൂക്തനിഷേധ വിശ്വാസം സ്വീകരിക്കുന്നത് സംബന്ധിച്ച താക്കീതുകളും, ശിക്ഷകളും മുൻലേഖനത്തിൽ വിവരിച്ചു. വായനക്കാർക്ക് വിഷയം കൂടുതൽ വ്യക്തമാകുന്നതിനായി ഒരു സുപ്രധാന ആയത്ത് കൂടി ഉദ്ധരിക്കുന്നു. സൂറ-ആലു ഇംറാൻ 4-ാമത്തെ സൂക്തത്തിൽ പറയുന്നു.

*"അവൻ സത്യാസത്യങ്ങളെ മാറ്റുരച്ച് വേർതിരിക്കുന്ന ഫുർഖാൻ അവതരിപ്പിച്ചു. ഇനി ആരെങ്കിലും ദൈവിക സൂക്തങ്ങളെ തള്ളിക്കളയുകയാണെങ്കിൽ അവർക്ക് കഠിന ശിക്ഷ ലഭിക്കുക തന്നെ ചെയ്യും. അല്ലാഹു അപാരമായ ശക്തിയുടയവനും തിന്മകൾക്ക് പ്രതികാരം ചെയ്യുന്നവനുമത്രെ.* (മൗദൂദി സാഹിബിന്റെ ഖുർആൻ ഭാഷ്യം പേ.68)

വിശുദ്ധ ഖുർആനിൽ വിശ്വസിക്കുന്ന ഓരോ മുസ്‌ലിമും ശ്രദ്ധാപൂർവ്വം ഓർത്തിരിക്കേണ്ട ഒരു മുന്നറിയിപ്പാണ് ഈ സൂക്തം. കാരണം ഖുർആനിക സൂക്തങ്ങളെ തള്ളിക്കളഞ്ഞവരെ അതികഠിനമായി ശിക്ഷിക്കുമെന്നാണ് ഇതിൽ വ്യക്തമാക്കിയിരിക്കുന്നത്. അപ്പോൾ നാം വിശ്വസിക്കുന്ന ഓരോ കാര്യവും ഖുർആനിക വിരുദ്ധമല്ലെന്ന് ഉറപ്പുവരുത്തേണ്ടത് ഓരോരുത്തരുടെയും കടമയാണ്. ഖുർആനിൽ വിവരിച്ച ഓരോ കാര്യവും അതേപടി സ്വീകരിക്കുകയാണ് സത്യവിശ്വാസിയുടെ കടമ. മുസ്‌ലിം ഭൂരിപക്ഷം സ്വീകരിച്ചിരിക്കുന്ന പല വിശ്വാസങ്ങളും ഖുർആൻ വിരുദ്ധങ്ങളാണെന്ന് തെളിയിക്കാൻ കഴിയും. ഒന്ന് രണ്ട് ഉദാഹരണങ്ങൾ വിവരിക്കാം.

മുസ്‌ലിം ഭൂരിപക്ഷം കൈകൊണ്ടിട്ടുള്ള ഒരു ഖുർആനിക വിരുദ്ധ വിശ്വാസമാണ് ഈസാനബി (അ) മരിച്ചിട്ടില്ലെന്നും തിരിച്ചുവരുമെന്നുമുള്ളത്. ഇത് പൂർണ്ണാർത്ഥത്തിൽ ഖുർആൻ അദ്ധ്യാപനത്തിന് കടകവിരുദ്ധമാണ്. ഖുർആൻ വിവരിക്കുന്നത് കാണുക.

*"അല്ലാഹുവിന്ന് പുറമെ അവർ വിളിച്ചു പ്രാർത്ഥിക്കുന്നവർ യാതൊരു വസ്തുവും സൃഷ്ടിക്കുന്നില്ല. (മാത്രമല്ല) അവർ സൃഷ്ടിക്കപ്പെടുന്നവരത്രെ. (അവർ) മരിച്ചവരാണ്. ജീവിച്ചിരിക്കുന്നവരല്ല. തങ്ങൾ എപ്പോഴാണ് ഏഴുന്നേൽപിക്കപ്പെടുകയെന്ന് അവർ അറിയുന്നില്ല.* (സുറ-നഹ്ൽ 22, 23)

വ്യാഖ്യാനം : ഈ ആയത്ത് ഈസാ നബി (അ) ഉസൈർ (അ) മലക്കുകൾ മുതലായ മഹാത്മാക്കളെ വിളിച്ചു പ്രാർത്ഥിക്കുന്നവരെപ്പറ്റിയാണെന്നുള്ളതിൽ മുഫസ്സിറുകളുടെ ഇടയിൽ തർക്കമില്ല (അൽമനാർ മാസിക 1952 പേ. 32)

ഇതേ ആയത്തിന് മൗദൂദി സാഹിബ് നൽകിയ വ്യാഖ്യാനം കാണുക

"അല്ലാഹുവിനെ വെടിഞ്ഞ് ഇവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരുണ്ടല്ലൊ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. എന്നല്ല 'അവർ തന്നെയും സൃഷ്ടിക്കപ്പെട്ടവരാകുന്നു - മൃതജഡങ്ങൾ, ജീവനുള്ളവരല്ല. തങ്ങൾ പുനരുജ്ജീവിപ്പിച്ച് ഏഴുന്നേൽപിക്കപ്പെടുന്നതെപ്പോഴാണെന്നു പോലും അവർക്ക് അറിയില്ല."

വ്യാഖ്യാനം : അല്ലാഹുവിനെ വെടിഞ്ഞ് ഇവർ വിളിച്ച് പ്രാർത്ഥിക്കുന്നവർ 'എന്നതിന്റെ വിവക്ഷ, പ്രവാചകന്മാർ, വലിയ്യുകൾ, രക്തസാക്ഷികൾ, പുണ്യാത്മാക്കൾ തുടങ്ങിയ അസാധാരണ മനുഷ്യർ തന്നെയാണെന്ന് വ്യക്തമായി. (തഫ്ഹീമുൽ ഖുർആൻ പേ. 491).

എം.എം. അക്ബർ സാഹിബിന്റെ പരിഭാഷ കൂടി വായിക്കാം."

അല്ലാഹുവിന്ന് പുറമെ അവർ ആരെയൊക്കെ വിളിച്ച് പ്രാർത്ഥിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെട്ടവരുമാണ്. അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുക എന്ന് അവർ അറിയുന്നില്ല (അല്ലാഹുവിനെ അറിയുക. പേ. 210)

കേരളത്തിൽ ഭൂരിപക്ഷ മുസ്

ലിംകൾക്ക് സ്വീകാര്യമായ മൂന്ന് പണ്ഡിതരുടെ പരിഭാഷയാണ് നാം വായിച്ചത്. മൂന്നിലും ആരാധ്യൻ മരിച്ചുപോയിരിക്കുന്നു. ജീവിച്ചിരിപ്പില്ല എന്ന് അല്ലാഹു ഖണ്ഡിതമായി പറഞ്ഞിരിക്കുന്നു. അത് പ്രകാരം ലോകത്തെ ഏറ്റവും കൂടുതൽ വിശ്വാസികളാൽ ആരാധിക്കപ്പെടുന്ന ഈസാനബി(അ) മരിച്ചുപോയിരിക്കുന്നു എന്നും ജീവിച്ചിരിക്കുന്നില്ല എന്നും, ഉയിർത്തെഴുന്നേറ്റില്ലെന്നും വിശ്വസിക്കൽ നിർബന്ധമാണ്. അത് പോലെ ക്രൈസ്തവ വിശ്വാസികളോട് നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്ന യേശു മരിച്ചുപോയിരിക്കുന്നു, ജീവിച്ചിരിക്കുന്നില്ല - ഉയിർത്തെഴുന്നേറ്റിട്ടില്ല എന്ന ഖുർആനിക സത്യം പ്രബോധനം ചെയ്യേണ്ടതും മുസ്‌ലിംകളുടെ കടമയാണ്.

ഈസാനബി (അ) മരിച്ചുപോയിരിക്കുന്നു എന്ന് അല്ലാഹു പറയുന്നു. മുസ്‌ലിംകളാകട്ടെ മരിച്ചിട്ടില്ലെന്ന് പ്രഖ്യാപിക്കുന്നു. ഈസാനബി(അ) ജീവിച്ചിരിപ്പില്ലെന്ന് ഖുർആൻ പറയുന്നു. ഈസാനബി(അ) ജീവിച്ചിരിപ്പുണ്ട് എന്ന് മുസ്‌ലിംകൾ വിശ്വസിക്കുന്നു. ഇത് ദൈവധിക്കാരവും സൂക്തനിഷേധവുമല്ലെന്ന് ആർക്കാണ് പറയാതിരിക്കുവാൻ കഴിയുക? ഖുർആനെ മുറുകെ പിടിക്കുന്നവർ എന്നവകാശപ്പെടുന്നവർ ഖുർആനിൽ പറഞ്ഞ പ്രകാരം വിശ്വസിക്കൽ നിർബന്ധമല്ലെ. അതേപോലെ ഖുർആനിക വിരുദ്ധ ഫത്വകളും വിധികളും നൽകുന്ന പണ്ഡിതരെ തള്ളിപ്പറയേണ്ടതല്ലേ. സുറ: ആലുംഇംറാനിലെ 4-ാമത്തെ ആയത്തിലെ *"ആരെങ്കിലും ദൈവിക സൂക്തങ്ങളെ തള്ളിക്കളയുകയാണെങ്കിൽ അവർക്ക് കഠിനശിക്ഷ ലഭിക്കുക തന്നെ ചെയ്യും"* എന്ന ഖുർആനിക മുന്നറിയിപ്പ് മുസ്‌ലിംകൾക്ക് ബാധകമാകാതിരിക്കുമോ?

'അൽ കഹ്ഫ്' സൂറയിലെ നാലാം സൂക്തത്തിൽ പറയുന്ന *"അല്ലാഹു സന്താനത്തെ ഉണ്ടാക്കി വെച്ചിരിക്കുന്നുവെന്ന് ജൽപിച്ചിട്ടുള്ളവരെ താക്കീത് ചെയ്യുവാനാണ്"* ഖുർആൻ അവതരിപ്പിച്ചത് എന്ന ഖുർആനിക കൽപന പ്രാവർത്തികമാക്കുവാൻ കൽപിക്കപ്പെട്ടവരാണ് മുസ്‌ലിംകൾ. ലേഖനാരംഭത്തിൽ കൊടുത്തിട്ടുള്ള നഹൽ 22, 23 ആയത്ത് പ്രകാരം ക്രൈസ്തവരെ ഭയപ്പെടുത്തേണ്ടതിന് പകരം ക്രൈസ്തവരെ സഹായിക്കുകയും പ്രോത്സാഹനവും, ആശ്വാസവും പകരുന്ന രീതിയിൽ നിങ്ങൾ വിശ്വസിക്കുന്ന ഈസാനബി(അ) മരിച്ചിട്ടില്ല, ജീവിച്ചിരിപ്പുണ്ട്. ഞങ്ങളും അദ്ദേഹത്തെ കാത്തിരിക്കുകയാണ് എന്ന് പ്രബോധനം ചെയ്യുന്നത് നഗ്നമായ ദൈവ ധിക്കാരവും, സൂക്തനിഷേധവുമല്ലേ എന്നു മുസ്‌ലിംകൾ ചിന്തിക്കുക.

മുകളിലുദ്ധരിച്ചത് പോലെയുള്ള നിരവധി സൂക്തനിഷേധനിലപാടുകൾ മുസ്‌ലിം ഭൂരിപക്ഷം സ്വീകരിച്ചതായി ചൂണ്ടിക്കാണിക്കാൻ കഴിയും. മുസ്‌ലിംകൾ കഠിനശിക്ഷകൾക്ക് വിധേയരാകുവാനുള്ള കാരണവും ഇത് തന്നെയാണ്. അതുകൊണ്ട് തങ്ങൾ വിശ്വസിച്ചിരിക്കുന്ന കാര്യങ്ങൾ, ഏതെല്ലാം ഖുർആനിക അദ്ധ്യാപനങ്ങൾ അനുസരിച്ചാണ്, ഏതെല്ലാം ഖുർആനികവിരുദ്ധങ്ങളാണ് എന്ന് പഠനം നടത്തുവാൻ മുസ്‌ലിംകൾ തയ്യാറാവുകയാണ് ആദ്യം വേണ്ടത്. ഈസാനബി (അ) മരിച്ചുപോയി - ജീവിച്ചിരിപ്പില്ല എന്ന ആയത്ത് കൊണ്ട് സ്ഥാപിച്ച പണ്ഡിതന്മാർ തന്നെയാണ്, ജീവിച്ചിരിപ്പുണ്ട് - മരിച്ചിട്ടില്ല - തിരിച്ചുവരും എന്നും ഫത്വ നൽകുന്നത്. ഈ ദുഃഖസത്യം തിരിച്ചറിഞ്ഞ് പണ്ഡിതന്മാരെ തള്ളിക്കളഞ്ഞ് യഥാർത്ഥ ഖുർആനിക സത്യങ്ങൾ കണ്ടെത്തുവാനും, സ്വീകരിക്കുവാനും അല്ലാഹു തൗഫീക്ക് നൽകട്ടേ എന്ന് പ്രാർത്ഥിക്കുന്നു. ●

---

*(26 -ാം പേജിൽ നിന്ന്)*

ണ്. അതിനാൽ നിങ്ങൾ അവയെ വർജ്ജിക്കുക; നിങ്ങൾ വിജയികളാകുന്നതിനുവേണ്ടി.

"തീർച്ചയായും പിശാച് ഉദ്ദേശിക്കുന്നത് മദ്യവും ചൂതാട്ടവും മുഖേന നിങ്ങൾക്കിടയിൽ ശത്രുതയും വിദ്വേഷവും ഉണ്ടാക്കിത്തീർക്കണമെന്നും, അല്ലാഹുവിന്റെ സ്മരണയിൽ നിന്നും നമസ്കാരത്തിൽ നിന്നും നിങ്ങളെ തടയണമെന്നും മാത്രമാണ്. അതുകൊണ്ട് നിങ്ങൾ (ഇവയിൽ നിന്നെല്ലാം) വിരമിക്കുന്നവരാണോ?" (5:91, 92)

ഈ സൂക്തങ്ങളിൽ മദ്യവും മറ്റു ലഹരിപദാർത്ഥങ്ങളും വിലക്കിക്കൊണ്ടുള്ള കല്പന നൽകപ്പെട്ടിരിക്കുന്നു. നിരോധനത്തിനുള്ള കാരണവും വിവരിച്ചിരിക്കുന്നു. ചില മയക്കുമരുന്നുകളുടെ സദ്ഫലങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു. അവയുടെ ദോഷഫലങ്ങൾ സദ്ഫലങ്ങളേക്കാൾ വളരെ വലുതാണെന്ന് എടുത്തുകാണിക്കുകയും ചെയ്യുന്നു. ഇവിടെയും ചൂതാട്ടത്തെപറ്റി പരാമർശിച്ചിരിക്കുന്നുവെന്നത് അത്ഭുതകരമാണ്. ഇതിനും അടിമപ്പെടുത്തുന്ന ഒരു സ്വഭാവമുണ്ടെന്നും അത് ജനങ്ങൾക്ക് വളരെ ദോഷം ചെയ്യുമെന്നും നമുക്കറിയാം. എല്ലാ കാര്യങ്ങളിലും മികച്ചുനിൽക്കുന്ന ഖുർആന്റെ ഒരു തത്ത്വം ദോഷം വരാതെ സൂക്ഷിക്കുക എന്നതാണ്; അല്ലാതെ വന്നതിനുശേഷം പരിഹാരം തേടലല്ല.

**ചുരുക്കം**

മനുഷ്യാഹാരത്തെസ്സംബന്ധിച്ച വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങൾ ദൈവിക വെളിപാടിനെ അടിസ്ഥാനമാക്കിയുള്ളതാണ്. മനുഷ്യശരീരമാകുന്ന യന്ത്രത്തിന്റെ സ്രഷ്ടാവ് സർവ്വശക്തനായ ദൈവമാണ്. ശുദ്ധവും പരിശുദ്ധവുമായ വെള്ളം, പാൽ, തേൻ, പച്ചക്കറികൾ, പഴങ്ങൾ, ധാന്യങ്ങൾ, മത്സ്യം, മറ്റു സമുദ്രോല്പന്നങ്ങൾ, അനുവദിക്കപ്പെട്ട പക്ഷിമൃഗാദികളുടെ മാംസം എന്നിവ തിന്നാനും കുടിക്കാനും ദൈവം നമ്മെ മാർഗ്ഗദർശനം ചെയ്യുന്നു. ഇതെല്ലാം മനുഷ്യന്റെ നന്മയ്ക്കായി ദൈവം സൃഷ്ടിച്ചതാണ്. ലഹരിസാധനങ്ങൾ കഴിക്കുന്നതും ശുദ്ധിയില്ലാത്ത ഭക്ഷണം കഴിക്കുന്നതും, ചത്ത മൃഗത്തിന്റെ മാംസവും, രക്തവും പന്നിമാംസവും ദൈവേതര

*(ശേഷം 39-ാം പേജിൽ)*

പുസ്തകാവലോകനം

**മതരാഷ്ട്രവാദം:**
**ജമാഅത്തെ ഇസ്‌ലാമി ചോദ്യം ചെയ്യപ്പെടുന്നു**
**എഡിറ്റർ: എം.എ. കാരപ്പഞ്ചേരി**
പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്, കോഴിക്കോട്
**വില : 85 രൂപ**

# ജമാഅത്തെ ഇസ്‌ലാമി വിമർശിക്കപ്പെടുന്നു

**പ്രൊഫ: ബി. മഹ്മൂദ് അഹ്മദ്**

'പുഞ്ചിരി ഹാ! കുലീനമാം കള്ളം' എന്ന് വിശേഷിപ്പിച്ചത് വൈലോപ്പിള്ളിയാണ്. കേരളീയ സമൂഹത്തിൽ ഇസ്തിരിയിട്ട ഷർട്ടും മലിനമായ മനസ്സുമായി നടക്കുന്നവരെ നന്നായി അറിയുന്നതു കൊണ്ടാണ് കവിഭാവനയിൽ ഇങ്ങനെയൊരു പ്രയോഗം രൂപപ്പെട്ടത്. കാപട്യം ചിലരുടെ മുഖമുദ്രയാണെന്നല്ല പറയേണ്ടത്; മുഖം തന്നെയാണ് എന്നാണ്. പുറത്ത് പത്തിയും അകത്ത് കത്തിയുമായി നടക്കുന്ന ഇവർ വഞ്ചനയുടെ ആൾ രൂപങ്ങളാണ്. ഇവരെ കൃത്യമായി അടയാളപ്പെടുത്തേണ്ടത് നന്മ ആഗ്രഹിക്കുന്നവരുടെ കടമയാണ്. ഈ ഒരു ദൗത്യമാണ്. മതരാഷ്ട്രവാദം: ജമാഅത്തെ ഇസ്‌ലാമി ചോദ്യം ചെയ്യപ്പെടുന്നു' എന്ന ഗ്രന്ഥത്തിലൂടെ എഡിറ്റർ എം.എ. കാരപ്പഞ്ചേരിയും ഒരു കൂട്ടം ലേഖകരും നിർവ്വഹിക്കുന്നത്.

മാരീചന്റെ പൊന്മാനിനെപ്പോലെ മായാവിമോഹന വേഷം പൂണ്ട് സമകാലിക കേരളത്തിൽ മത-സാമൂഹിക -സാംസ്കാരിക രംഗങ്ങളിൽ നിലയുറപ്പിക്കാൻ ശ്രമിക്കുന്ന ഒരു സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. എ.ഡി.ബി.യുടെ അധിനിവേശ താൽപര്യം തൊട്ട് മതസൗഹാർദ്ദം വരെയുള്ള സകല നല്ല കാര്യങ്ങളും പകൽ വെളിച്ചത്തിൽ അവർ വിളിച്ചു പറയും. എന്നാൽ, രാത്രിയുടെ കൂരിരുട്ടിൽ പ്രതിലോമ വിചാരങ്ങളുടെ ഘോരവിപിനങ്ങൾ തീർക്കും. ശുദ്ധമനുഷ്യരെ സ്ഥലജല വിഭ്രാന്തിയിൽ അകപ്പെടുത്തുന്ന ഈ അധമവൃത്തിയെ വെളിപ്പെടുത്തുകയാണ് 'മതരാഷ്ട്രവാദം' എന്ന ഗ്രന്ഥം ചെയ്യുന്നത്.

"പുരോഗമനത്തിന്റെയും നവോത്ഥാനത്തിന്റെയും പദാവലികൾ കടം കൊണ്ട് ആക്രമണോത്സുകതയും രാഷ്ട്രീയ ആധിപത്യവും സ്വപ്നം കാണുകയാണ് ജമാഅത്തെ ഇസ്‌ലാമി" - ഈ പുസ്തകം സാമാന്യേന വ്യക്തമാക്കുന്ന കാര്യം ഇതാണ്. 'മർദ്ദിതരുടെ പദാവലികളുപയോഗിച്ചു കൊണ്ട് മർദ്ദക ധർമ്മം നിർവ്വഹിക്കുന്ന ഒരതിഭാഷയെപ്പറ്റി സച്ചിദാനന്ദൻ പറയുന്നുണ്ട്. അത് ജമാഅത്തെ ഇസ്‌ലാമിക്ക് ഭൂഷണമാണ്. 'പുരോഗമനത്തിന്റെ ആട്ടിൻതോലണിഞ്ഞ ഭീകരവാദം' എന്ന് ഈ പുസ്തകത്തിലെ ലേഖനങ്ങളിലൊന്നിന് തലക്കെട്ട് നൽകപ്പെടുകയുണ്ടായി. ജമാഅത്തെ ഇസ്‌ലാമി കാലാകാലങ്ങളിൽ കൈക്കൊണ്ടുവരുന്ന വൈരുദ്ധ്യാധിഷ്ഠിത നിലപാടിന്റെ തുറന്ന ചിത്രീകരണമാണിത്. ആർ.എസ്.എസിന്റെ മുസ്‌ലിം പ്രതിരൂപമെന്ന് പ്രസിദ്ധ എഴുത്തുകാരനായ എ.പി. അഹ്മദ് രേഖപ്പെടുത്തുമ്പോൾ അദ്ദേഹം സംക്ഷിപ്തമായി നൽകുന്ന ഒരു വിവരണമുണ്ട്. "ജമാഅത്തെ ഇസ്‌ലാമി പറഞ്ഞുകൊണ്ടിരിക്കുന്ന ഒരാശയത്തിന്റെ വൈരുദ്ധ്യമെങ്കിലും ഓർത്തുനോക്കൂ. ഇന്ത്യയിലെ ഹിന്ദുക്കൾ മതേതരവാദികളാവണം. കാരണം ന്യൂനപക്ഷങ്ങളുടെ ഇഹലോക രക്ഷക്ക് ഇതാവശ്യമാണ്. എന്നാൽ ഏറ്റവും വലിയ മതന്യൂനപക്ഷമായ മുസ്‌ലിംകൾ മതേതരവാദികളാവാനും പാടില്ല. കാരണം മുസൽമാന്റെ പരലോകരക്ഷക്ക് അത് ആപത്താണ്."

**പിതൃദു:ഖം**

പുസ്തകത്തിന്റെ എഡിറ്റർ എം.എ. കാരപ്പഞ്ചേരി ജമാഅത്തെ ഇസ്‌ലാമിയുടെ ദയനീയാവസ്ഥയെ പരാമർശിച്ചു എഴുതിയ കാര്യം ശ്രദ്ധേയമാണ്. ഈ സംഘടനയുടെ പ്രവർത്തനത്തിൽ അനുഭവിക്കേണ്ടി വന്ന ആഭ്യന്തര വൈരുദ്ധ്യമാണ് അത്. അവിശ്വാസികളുടെ ഭരണത്തെ തള്ളിപ്പറയുകയും തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുകയും പിന്നീട് ചില സ്ഥാനാർത്ഥികൾക്ക് വോട്ടുചെയ്യുകയും അതും കഴിഞ്ഞ് കൂട്ടത്തോടെ ഒരു കക്ഷിക്ക് വോട്ടുചെയ്യുകയും ചെയ്ത അവരുടെ ചഞ്ചല മാനസികാവസ്ഥ പരിതാപകരം എന്നേ പറയാനാവൂ. യഥാർത്ഥത്തിൽ തങ്ങളുടെ ആചാര്യനായ മൗലാനാ മൗദൂദി തീർത്ത വിഷമസ്ഥിതിയിലാണവർ. താഗൂത്തി ഭരണത്തെ തള്ളിപ്പറയുകയും മുർത്തദ്ദിന് കൊല തീർച്ചപ്പെടുത്തുകയും കാഫിറുകളുടെ സഹവാസം തന്നെ താന്തോന്നിത്തമെന്ന് വ്യാഖ്യാനിക്കുകയും ചെയ്ത മൗദൂദി സാഹിബിനെ തലപ്പത്ത് അവരോധിച്ച് എങ്ങനെ സമാധാനവും സഹവർത്തിത്വവും നാക്കിൻതുമ്പത്ത് മന്ത്രിക്കും എന്നതാണ് അവരുടെ പ്രശ്നം. ഇത്രയേറെ പിതൃദുഃഖം അനുഭവിക്കുന്ന മറ്റൊരു പ്രസ്ഥാനമില്ല.

## ഇസ്‌ലാമിക രാഷ്ട്രം

'മതരാഷ്ട്രവാദം' എന്ന ഈ ഗ്രന്ഥത്തിൽ ഒരു പ്രസ്ഥാനത്തിന്റെ ഉള്ളും പുറവും കൃത്യമായി വിലയിരുത്താനും വിശദീകരിക്കാനും അതിന്റെ പാപച്ചുമടുകൾ മുഴുവൻ രേഖപ്പെടുത്താനും നമ്മുടെ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിർണ്ണായക പങ്ക് വഹിക്കുന്ന എഴുത്തുകാർക്ക് സാധിച്ചിട്ടുണ്ട്. നിതാന്തജാഗ്രതയാണ് ഇതിലെ ലേഖകന്മാർ വായനക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നത്. 'ജമാഅത്തെ ഇസ്‌ലാമി - ഒരവലോകനം' എന്ന ലേഖനത്തിൽ പ്രഫ. മങ്കട അബ്ദുൽ അസീസ് ആ സംഘടനയെ വിലയിരുത്തുന്നത് ഇങ്ങനെയാണ്: 'ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി അതിന്റെ ലക്ഷ്യം വൈകാതെ 'ഇഖാമത്തുദ്ദീൻ' എന്നാക്കി മാറ്റി. ഇന്ത്യയെപ്പോലൊരു ബഹുമത സമൂഹത്തിൽ അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കാൻ ഒരു മുസ്‌ലിം സംഘടന നിലകൊള്ളുന്നതിലെ അപകടവും അവിവേകവും അനുഭവപ്പെട്ടപ്പോൾ സംഘടനയുടെ പ്രഖ്യാപിതലക്ഷ്യം ഹുക്കുമത്തെ ഇലാഹിക്കു പകരം ഇഖാമത്തുദ്ദീൻ എന്ന പ്രയോഗം സ്വീകരിക്കുകയായിരുന്നു. ദീൻ എന്നാൽ മതം. പക്ഷെ മൗദൂദി ഇതിന്നു കല്പിച്ച അർത്ഥം വ്യവസ്ഥിതി, രാഷ്ട്രം, ഭരണം എന്നൊക്കെയാണ്. അപ്പോൾ ഇഖാമത്തുദ്ദീൻ എന്നാൽ ഇസ്‌ലാമിക വ്യവസ്ഥിതിയുടെ (ഭരണത്തിന്റെ സ്ഥാപനം) സ്ഥാപനം. ഫലത്തിൽ രണ്ടും ഒന്നു തന്നെ! ഏത് പദം പ്രയോഗിച്ചാലും ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി നിലകൊള്ളുന്നത് ഇന്ത്യയെ ഇസ്‌ലാമികവത്കരിച്ച് ഇവിടെ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിക്കാൻ തന്നെയാണ്." എന്നാൽ, ഇതു തുറന്ന് പറയാനുള്ള ആർജ്ജവം അവർക്കൊട്ടില്ലതാനും. ഈ ഓന്തിന്റെ നിറമാറ്റം ഒരു ധർമ്മസങ്കടമെന്ന നിലയിലെങ്കിലും അംഗീകരിക്കാൻ അവർ തയ്യാറുണ്ടോ? മൗലാനാ മൗദൂദി ഇന്ത്യൻ ഭരണകൂടത്തെയും ഇന്ത്യൻ സാഹചര്യത്തെയും വിശകലനം ചെയ്യുന്നത് 'മതമൈത്രി തകർക്കുന്ന ജമാഅത്തെ ഇസ്‌ലാമി' എന്ന ലേഖനത്തിൽ ജ: സി.ടി. അബ്ദുറഹീം ഉദ്ധരിക്കുന്നുണ്ട്. യഥാർത്ഥത്തിൽ മൗദൂദി സാഹിബിനെ തിരിച്ചറിയാൻ കഴിയും എന്നതാണ് ഈ ലേഖനത്തിന്റെ സവിശേഷത. മൗദൂദി സാഹിബിന്റെ ഒരു ഉദ്ധരണി ഇങ്ങനെയാണ്: 'മനുഷ്യന്റെ മേൽ അല്ലാഹുവിന്റേതല്ലാത്ത മറ്റൊരു ആധിപത്യവും നടക്കാതിരുന്ന ഒരു ചതുരശ്രമൈൽ ലഭിക്കുകയാണെങ്കിൽ ആ ഒരു പിടിമണ്ണായിരിക്കും മുഴുവൻ ഇന്ത്യയെക്കാൾ ഞാൻ വിലമതിക്കുക." (അബുൽ അഅ്ലാ - ടി. മുഹമ്മദ് പേജ്. 218-19). മറ്റൊരുദ്ധരണി ഇങ്ങനെ: "ഒരനിസ്‌ലാമിക രാജ്യത്തിന്റെ രാഷ്ട്രപതിയോ പ്രധാനമന്ത്രിയോ ആകുന്നതിലും അഭിമാനകരം ജമാഅത്തു ആഫീസിലെ പ്യൂണായിരിക്കലാണ്." (മൗദൂദി ചിന്തയും പ്രസ്ഥാനവും പേജ് 53).

## ചതിക്കുഴികൾ

ജമാഅത്തെ ഇസ്‌ലാമിയുടെ ഫാസിസ്റ്റ് മുഖം അനാവരണം ചെയ്യുന്ന ജ ഏ.എം. മുഹമ്മദ് സലിം സാഹിബിന്റെ ലേഖനം ഈ പുസ്തകത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. പ്രൗഢഗംഭീരമായ ഈ ലേഖനം ഇസ്‌ലാമിന്റെ സ്നേഹദർശനങ്ങളെ തമസ്കരിക്കുന്ന മൗദൂദി ഭീകരതയുടെ കരാളത നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. സ്ത്രീക്ക് പ്രസവമെന്ന പോലെയാണ് പുരുഷന് യുദ്ധം എന്ന ഫാസിസത്തിന്റെ സങ്കല്പത്തിൽ മൗലാനാ മൗദൂദിയുടെ യുദ്ധോത്സുകതയെ അദ്ദേഹം പരിശോധിക്കുന്നു. അനിസ്‌ലാമിക ഭരണകൂടങ്ങളെ തകർക്കുന്ന സായുധ ജിഹാദിൽ ചാവേറുകളായി ജീവത്യാഗം ചെയ്യാനാണ് മൗലാനയുടെ ആഹ്വാനം എന്ന് ലേഖകൻ കണ്ടെത്തുന്നു. ആക്രമണത്തിന്റേയും ബലപ്രയോഗത്തിന്റേയും വഴിയിലൂടെയുള്ള ഫാസിസ്റ്റ് അപഥസഞ്ചാരത്തിൽ നിന്ന് വ്യത്യസ്തമായി സഹനത്തിന്റേയും കാരുണ്യത്തിന്റേയും ശീതളിമയിൽ മനുഷ്യമനസ്സിനെ കീഴടക്കിയ സമത്വസുന്ദരമായ ഇസ്‌ലാമിക ദർശനത്തെ വാക്കുകളുടെ സംഗീതം കൊണ്ടു മനസ്സിൽ പടർത്തുകയാണ് സലിം സാഹിബ് ചെയ്യുന്നത്. അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ നിയോഗിക്കപ്പെട്ട മുനീർ കമ്മീഷന്റെ മുന്നിൽ മൗദൂദി സാഹിബ് അവതരിപ്പിച്ച വാദമുഖങ്ങൾ സമാധാനമാഗ്രഹിക്കുന്ന ഏതു മനുഷ്യസ്നേഹിയുടേയും മനസ്സിൽ നെഞ്ചിടിപ്പുണ്ടാക്കുന്ന ഒന്നാണ്. അതോടൊപ്പം മതംമാറ്റത്തിനു വധശിക്ഷ എന്ന മൗദൂദി മന്ത്രം കൂടിയാവുമ്പോൾ നമ്മുടെ ഈ എല്ലാ അപകടമേഖലകളേയും നാം നടന്നുപോവുന്ന പാതയിൽ മൗദൂദി സാഹിബ് നിർമ്മിച്ചിരിക്കുന്ന ചതിക്കുഴികളേയും സ്വന്തം വാക്കുകളുടെ അഗാധസ്പർശിത്വം കൊണ്ടു അനുഭവിപ്പിക്കുകയാണ് സലിം സാഹിബ് ചെയ്യുന്നത്. ആരെങ്കിലും ഇസ്‌ലാം വിട്ട് മറ്റൊരു മതം സ്വീകരിച്ചാൽ അയാളെ വധിച്ചുകളയണമെന്ന് പ്രഖ്യാപിക്കുന്ന കാട്ടാളനീതിയെ പ്രിതനിധീകരിക്കുന്ന ഒരു പുസ്തകം തന്നെ മൗദൂദി സാഹിബ് എഴുതിയിട്ടുണ്ടെന്ന് സലിം സാഹിബ് വ്യക്തമാക്കുന്നു. 'മുർതദ്ദ് കി സസാ ഇസ്‌ലാമി ഖാനൂൻമെ' (മതപരിത്യാഗിക്കുള്ള ശിക്ഷ ഇസ്‌ലാമിക നിയമത്തിൽ) എന്നാണ് പുസ്തകത്തിന്റെ പേര്. തുടർന്ന് സലിം സാഹിബ് എഴുതുന്നു: 'മൗദൂദിയുടെ സിദ്ധാന്തം നടപ്പിലാക്കിയാൽ, ഇസ്‌ലാം മതം, അകപ്പെട്ടാൽ പുറത്തു കടക്കാനാവാത്ത ഒരെലിക്കെണി' പോലെയായിരിക്കും. മൗലാനാ മൗദൂദിയുടെ ഏറ്റവും ബീഭത്സമായ ഒരു വാക്യം ലേഖകൻ ഉദ്ധരിക്കുന്നുണ്ട്. അതിങ്ങനെയാണ്: "അതുകൊണ്ട് ഈ ജമാഅത്തിനകത്ത് കയറുവാൻ ആഗ്രഹിക്കുന്നവരോട് നാം ആദ്യമേ തന്നെ താക്കീതായി പറയുന്നതു ഇവിടുന്നു തിരിച്ചു പോകുന്നതിനുള്ള ശിക്ഷ മരണമാകുന്നു. അങ്ങനെ ഇതിൽ പ്രവേശിക്കുന്നതിന്നു മുമ്പുതന്നെ ഒരു നൂറുപ്രാവശ്യം ചിന്തിക്കട്ടെ, ഈ ജമാഅത്തിൽ പ്രവേശിക്കണമോ വേണ്ടയോ എന്ന്. എന്നാൽ മാത്രമേ ഇനിയൊരിക്കലും തിരിച്ചുപോകുന്നതല്ല എന്ന ഉറപ്പോടെ ഇതിൽ വരാൻ അവർക്ക് സാധിക്കുകയുള്ളൂ. (മുർത്തദ്ദ് കി സസാ ഇസ്

ലാമീ ഖാനൂൻ മെ, പേ 51) ഇസ്ലാമിൽ നിന്ന് മതം മാറിപ്പോകുന്നവരെ മാത്രമല്ല ജമാഅത്തെ ഇസ്ലാമി വിട്ടുപോകുന്നവരേയും വധിച്ചുകളയുമെന്ന് പ്രഖ്യാപിക്കുന്ന ഈ രക്തദാഹത്തെ എന്ത് പേരിട്ടു വിളിക്കണം? ഈ അരുംകൊലയുടെ വേതാളത്തെ എത്ര പൗഡറിട്ടു മിനുക്കിയാലും എത്ര സുഗന്ധദ്രവ്യം തളിച്ച് ശുദ്ധമാക്കാൻ ശ്രമിച്ചാലും ഞെട്ടലില്ലാതെ കാണാൻ മനുഷ്യന്റെ കണ്ണുകൾ കൊണ്ടു സാദ്ധ്യമാവുമോ?

## മതേതരത്വവാദത്തിലെ തട്ടിപ്പ്

'ജമാഅത്തെ ഇസ്ലാമി' പ്രതിനിധാനം ചെയ്യുന്ന സങ്കുചിത മനോഭാവത്തെ വാശിയോടെ എതിർക്കണമെന്ന നിലയിൽ മാത്രമല്ല 'മതരാഷ്ട്രവാദം' എന്ന ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടത്. മറിച്ച് ഫാസിസത്തിന്റേയും വർഗ്ഗീയതയുടേയും വിഷവൃക്ഷം കടപുഴകി വീഴണം എന്ന നിലയിൽ കൂടിയാണ്. അതുകൊണ്ട് മതമൗലികവാദത്തിന്റെ എല്ലാ ഭവിഷ്യത്തുകളും ഇവിടെ തലനാരിഴ ചീന്തി വിമർശന വിധേയമാവുന്നുണ്ട്. 'മതരാഷ്ട്രവാദ'ത്തിന്റെ രണ്ടാം ഭാഗത്തിലെ 'മതമൗലികവാദികളുടെ മായാജാലങ്ങൾ' എന്ന ലേഖനത്തിൽ ഡോ. എം.ജി. എസ്. നാരായണൻ എഴുതിയത് ഓർക്കുന്നു: "മതമൗലികവാദികൾ രഹസ്യത്തിലെന്ന പോലെ പരസ്യത്തിലും, ലാളിത്യത്തിലെന്ന പോലെ അത്യാന്താധുനിക സങ്കീർണ്ണ സാങ്കേതികത്വത്തിലും വിശ്വസിക്കുന്നു. ഇതൊരു വൈപരീത്യമായിത്തോന്നാം, പക്ഷേ, വസ്തുതയാണ്. അവരുടെ 'മാധ്യമങ്ങൾ', അങ്ങേയറ്റം ലിബറലായ രീതിയിൽ, എല്ലാ വിഭാഗക്കാരെയും സഹകരിപ്പിച്ചുകൊണ്ടും പ്രീതിപ്പെടുത്തിക്കൊണ്ടും പൊതുസമ്മതി നേടാൻ തത്രപ്പെടുന്നതായി കാണാം. അവയ്ക്ക് സ്വകാര്യമായ വമ്പിച്ച സാമ്പത്തിക ശക്തിയും വിദേശ ചാരസംഘടനകളുടെ പിൻബലവും ഉണ്ടാവുമെങ്കിലും അതു അപൂർവ്വമായേ കണ്ടെത്തപ്പെടാറുള്ളൂ." മൗദൂദിസത്തിന്റെ ജനാധിപത്യ വിരുദ്ധത ചർച്ച ചെയ്യുന്ന കെ. വേണുവും ആഗോള തീവ്രവാദ പ്രശ്നം ഉൾപ്പെടെയുള്ള കാര്യങ്ങൾ തന്റെ ലേഖനത്തിൽ പ്രതിപാദിക്കുന്നുണ്ട്. എന്നും ജമാഅത്തെ ഇസ്ലാമിയുടെ അവസരവാദ രാഷ്ട്രീയത്തെ നഖശിഖാന്തം എതിർത്തുപോന്ന ഹമീദ് ചേന്ദമംഗലൂർ ഉന്നയിക്കുന്ന ഒരു വാദമുണ്ട്. "പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാക്കുന്ന ജനാധിപത്യത്തെ നിരാകരിച്ച മൗദൂദിയുടെ ജമാഅത്തെ ഇസ്ലാമി 1958 തൊട്ട് പാകിസ്താനിൽ പാർലമെന്ററി രാഷ്ട്രീയത്തിൽ ഭാഗഭാക്കായിപ്പോന്നിട്ടുണ്ട്. തങ്ങളുടെ രാഷ്ട്രീയ അതിജീവനം പാകിസ്താനിലായാലും ഇന്ത്യയിലായാലും ബംഗ്ലാദേശിലായാലും മറ്റെവിടെയായാലും ജനാധിപത്യത്തിന്റെ നിലനില്പിനെ ആശ്രയിച്ചിരിക്കുന്നു എന്നതാണ് ജമാഅത്തെ ഇസ്ലാമി നേരിടുന്ന ഏറ്റവും വലിയ വൈരുദ്ധ്യം. താത്വികമായി ജനങ്ങളുടെ പരമാധികാരത്തെ നിരാകരിക്കുമ്പോഴും ആ പരമാധികാരത്തിന്റെ പിൻബലത്തിലേ ജമാഅത്തിന് നിലനിൽക്കാൻ സാധിക്കൂ എന്നതാണ് യാഥാർത്ഥ്യം". ഏതാണ്ടിതേ വസ്തുത തന്നെയാണ് വളരെ സുതാര്യമായ രീതിയിൽ വ്യക്തവും ദൃഢവുമായ സ്വരത്തിൽ ഡോ: എം.എൻ. കാരശ്ശേരി അവതരിപ്പിക്കുന്നത്. മൗദൂദിയുടെ മതരാഷ്ട്രീയത്തെ വിലയിരുത്തി അദ്ദേഹം എഴുതുന്നു: "ജമാഅത്തെ ഇസ്ലാമിക്കാർ ഇപ്പോൾ ദൈവികഭരണസ്ഥാപനം (ഹുകുമത്തെ ഇലാഹി) കയ്യൊഴിച്ചിരിക്കുന്നു. പകരം മതസ്ഥാപനം (ഇഖാമത്തുദ്ദീൻ) ലക്ഷ്യമായി അംഗീകരിച്ചിരിക്കുന്നു. ഇപ്പോൾ അവർ വോട്ടു ചെയ്യുന്നുണ്ട്. മാത്രവുമല്ല, ദേശീയത-ജനാധിപത്യം-മതേതരത്വം എന്നീ മൂല്യങ്ങൾക്കുവേണ്ടി സംസാരിക്കുന്നുമുണ്ട്. അപ്പോൾ പിന്നെ പഴയ കാര്യങ്ങൾ പറഞ്ഞു അവരെ കുറ്റപ്പെടുത്തുന്നത് ശരിയാണോ?

ജമാഅത്തിന്റെ ഈ കാപട്യം കാരണം യഥാർത്ഥ മുഖം ആളുകൾ കണ്ടറിയാതെ പോകുന്നു എന്നതാണ് വാസ്തവം. പലരുടെയും വിചാരം അനാചാരത്തിനും അന്ധവിശ്വാസത്തിനും എതിരായി പ്രവർത്തിക്കുന്ന ഒരു പരിഷ്കരണ പ്രസ്ഥാനമാണ് ജമാഅത്ത് എന്നാണ്. അവരുടെ മതമൗലികവാദ നിലപാടുകളുമായി ഒത്തുപോവുന്ന സ്ത്രീ വിദ്യാഭ്യാസം, സ്ത്രീകളുടെ പള്ളിപ്രവേശനം പോലുള്ള ചില മതപരിഷ്കരണ പ്രവർത്തനങ്ങളിൽ അവർ ഏർപ്പെട്ടിട്ടുണ്ട് എന്നത് സത്യമാണ്. എങ്കിലും അവരുടെ മതേതരവാദം കേട്ട് അന്ധാളിക്കേണ്ട. ബാബരിപ്പള്ളി പൊളിച്ച കേസ്സിൽ പ്രതിയായ ബി.ജെ.പി. നേതാവ് എൽ.കെ. അദ്വാനി മതേതരത്വത്തിനു വേ ണ്ടിയാണല്ലോ സംസാരിക്കുന്നത്.

ജമാഅത്തുകാരുടെ ഇപ്പോഴത്തെ മതേതരത്വവാദം തട്ടിപ്പാണ് എന്നതിലേക്ക് ഞാൻ ചില തെളിവുകൾ പറയാം.

1. ഈ മതേതരവാദം അവർ പാകിസ്താനിലോ ബംഗ്ലാദേശിലോ പറയില്ല.

2. മൗദൂദിയുടെ മതേതരവിരുദ്ധ നിലപാടുകളെ ജമാഅത്തുകാർ ഇതേവരെ തള്ളിപ്പറഞ്ഞിട്ടില്ല.

3. മൗദൂദിയുടെ അത്തരം ആശയങ്ങൾ പ്രതിപാദിക്കുന്ന പുസ്തകങ്ങളൊന്നും പിൻവലിച്ചിട്ടില്ല. അവ ഇപ്പോഴും വ്യാപകമായി വിറ്റുവരുന്നുണ്ട്.

കേരളത്തിലെ സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽ ഒരിടം ഉണ്ടാക്കിയെടുക്കാനുള്ള തക്കിടിയുടെ ഭാഗമാണ് ഇപ്പോഴത്തെ മതേതരവാദം. അതെ, പുള്ളിപ്പുലിയുടെ പുള്ളി മാറ്റാനാവുമോ എന്നതാണ് ചോദ്യം.

ഡോ: എം.എൻ. കാരശ്ശേരിയുടെ 'ജമാഅത്തെ ഇസ്ലാമി'യെക്കുറിച്ചുള്ള ഈ നിരീക്ഷണം ഗഹനമായ പഠനത്തിലൂടെയും സൂക്ഷ്മമായ വിശകലനത്തിലൂടെയും രൂപപ്പെട്ടതാണ്. വളരെ നിഷ്പക്ഷമായ അന്വേഷണത്തിലൂടെ സത്യസന്ധമായി കാര്യങ്ങൾ വിലയിരുത്തുന്ന ഒരു പണ്ഡിതനാണ് കാരശ്ശേരി എന്ന് കേരളത്തിലെ

*(ശേഷം 42-ാം പേജിൽ)*

**അവലോകനം**

# എക്സിബിഷൻ അൽഖുർആൻ ഇന്റർനാഷനൽ

## കെ.പി. അഹ്മദ്

1967 ൽ ആരംഭിച്ച ഐതിഹാസികമായ ഒരു ദൃശ്യാവിഷ്കാരത്തിന്റെ ജൈത്രയാത്ര 2007 ഫെബ്രുവരി 23 മുതൽ മാർച്ച് 10 വരെ കണ്ണൂരിന്റെ മണ്ണിലും പ്രദർശന വിജയം നേടി!

കോഴിക്കോട്ടെ പ്രതിഭാശാലിയായ എം. ആലിക്കോയ സാഹിബാണ് ഈ അഹ്മദിയ്യാ പ്രദർശനത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹം പ്രചാരണരംഗത്ത് ഒരു നൂതനമാർഗ്ഗം കണ്ടെത്തുകയായിരുന്നു! ആശയങ്ങളും ചിത്രങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു ദൃശ്യാവിഷ്കാരമായിരുന്നു ഈ നൂതന മാർഗ്ഗം. മുപ്പത് വർഷം മുമ്പ് ലഭ്യമായ ബൗദ്ധിക വിഭവങ്ങളുപയോഗിച്ചുകൊണ്ടുള്ള ഒരു ദൃശ്യാവിഷ്കാരപരീക്ഷണമായിരുന്നു അത്.

'എക്സിബിഷൻ അഹ്മദിയ്യാ ഇന്റർനാഷനൽ' എന്ന പേരിൽ അത് കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിക്കുകയുണ്ടായി. പിന്നീടത് ഉർദുവിലേക്ക് ഭാഷാന്തരം ചെയ്ത് ഖാദിയാനിലും പ്രദർശിപ്പിക്കപ്പെട്ടു.

1989 ൽ അൽഖുർആൻ എക്സിബിഷൻ എന്ന പേരിൽ വീണ്ടും വിപുലമായ മാറ്റങ്ങളും പരിഷ്കരണങ്ങളും വരുത്തി അതിന് പുതിയ മുഖച്ഛായ നൽകി. ഖുർആനും ശാസ്ത്രവും ബന്ധിപ്പിച്ചുകൊണ്ടുള്ള ആശയങ്ങൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ളതായിരുന്നു അത്. കോഴിക്കോടിനു പുറമെ കേരളത്തിൽ പലയിടങ്ങളിലും ഈ പ്രദർശനം സംഘടിപ്പിക്കപ്പെട്ടു.

ഇപ്പോൾ 2007 ൽ കേരള മജ്ലിസ് അൻസറുള്ളായുടെ ശ്ലാഘനീയമായ സംരംഭത്തിന്റെ ഫലമായി വീണ്ടും പുതിയ പരിഷ്കരണങ്ങളോടെ 'എക്സിബിഷൻ അൽ ഖുർആൻ ഇന്റർനാഷനൽ' എന്ന പേരിൽ കണ്ണൂരിൽ അത് സംഘടിപ്പിക്കപ്പെട്ടു.

ഖുർആൻ വചനങ്ങളിൽ ഉള്ളടങ്ങിയിട്ടുള്ള വിജ്ഞാനപ്രപഞ്ചം ഏറ്റവും പുതിയ ശാസ്ത്രീയ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ, അനുയോജ്യമായ ചിത്രങ്ങളുപയോഗിച്ച് ആശയാവിഷ്ക്കാരം നടത്തിയിരിക്കുന്നു. ആയിരത്തിനാന്നൂറ് വർഷങ്ങളിലെ വൈജ്ഞാനിക പുരോഗതിയെ അതിജയിച്ച വിശുദ്ധ ഖുർആൻ ആധുനിക കാലത്ത് ശാസ്ത്രീയരംഗത്തുണ്ടായ മാറ്റങ്ങളെ അയത്നലളിതമായി സ്വാംശീകരിച്ചത് അത്ഭുതാവഹമാണ്. ശക്തമായ ഒരു പ്രമേയമുള്ള ഈ എക്സ്ബിഷന് ഏറ്റവും നൂതനമായ ആശയങ്ങളും ആധുനിക രീതിയിലുള്ള ചിത്രങ്ങളും നൽകി ലേ ഔട്ട് നിർവ്വഹിച്ചതിന് നേതൃത്വം നൽകിയത് സത്യദൂതൻ പത്രാധിപരായ ജനാബ് ഏ. എം. മുഹമ്മദ് സലിം സാഹിബാണ്.

നേരത്തെയുള്ള പ്ലൈവുഡ് പ്ലേറ്റുകളിൽ നിന്ന് ഫ്ളക്സിലേക്കുള്ള മാറ്റം വളരെ ആകർഷണീയമായിരുന്നു. കണ്ണൂരിലെ വിശാലമായ പോലീസ് മൈതാനിയിലെ മനോഹരമായ പ്രദർശന നഗരി സംഘടിപ്പിച്ചതും പ്രദർശനത്തിന്റെ മൊത്തത്തിലുള്ള കൺവീനറായി നേതൃത്വം നൽകിയതും പ്രദർശനം വമ്പിച്ച വിജയമാക്കി മാറ്റിയതും മജ്ലിസ് അൻസാറുല്ലാ കേരള നാസിം ജനാബ് പി.പി. നാസിറുദ്ദീൻ സാഹിബാണ്. മജ്ലിസ് അൻസാറുല്ലായുടെ ആഭിമുഖ്യത്തിലായിരുന്നു പ്രദർശനം.

2007 ഫിബ്രവരി 23ന് വൈകുന്നേരം നാലുമണിക്ക് നാസിർ ഇസ്ലാഹ് വ ഇർശാദ് മൗലാനാ മുഹമ്മദ്

*(ശേഷം 39-ാം പേജിൽ)*



***കണ്ണൂർ എം.എൽ.എ. ശ്രീ. കെ. സുധാകരൻ പ്രദർശനം കാണുന്നു***

കുറിപ്പുകൾ

**മുസാഫിർ**

# സ്വകാര്യസ്വത്തും കമ്യൂണിസ്റ്റ് ചൈനയും

'തത്വജ്ഞാനികൾ ലോകത്തെ നിർവ്വചിക്കുകയാണ് ചെയ്തത്. പക്ഷേ നാം ലോകത്തെ മാറ്റിമറിക്കും' എന്ന് പറഞ്ഞ് വിപ്ലവ ഭൂകമ്പങ്ങൾ സൃഷ്ടിക്കുകയും ചോരപ്പുഴകളൊഴുക്കുകയും ചെയ്ത കാൾ മാർക്സിന്റെ കമ്യൂണിസം എതിർത്തു തോൽപ്പിക്കേണ്ട വ്യവസ്ഥിതിയുടെ വർണ്ണവും വദനവും സ്വീകരിച്ച് സ്വയം മാറിപ്പോകുന്നത് വിരോധാഭാസമല്ലേ? ലോകം മുഴുവൻ ചുകപ്പിക്കുമെന്ന് പറഞ്ഞ് കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച കമ്യൂണിസം അരങ്ങേറിയ വേദികളിൽ നിന്നെല്ലാം ദയനീയമായി പിന്മാറുകയാണ്. തോറ്റുകൊണ്ടിരിക്കുന്ന കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം ആർക്കും പ്രചോദനം നൽകാത്ത പ്രതീക്ഷയറ്റ ഒരു ഡോഗ്മയായി മാറിയിരിക്കുന്നു. ഇന്നതൊരു ചർച്ചാവിഷയം പോലുമല്ല. കമ്യൂണിസ്റ്റ് ഭൂപടത്തിൽ സവിശേഷസ്ഥാനമലങ്കരിക്കുന്നതാണ് കേരളം. പാർലമെന്ററി ഡമോക്രസി അംഗീകരിച്ച കേരളത്തിലെ കമ്യൂണിസ്റ്റ് ഭരണത്തിൽ പോലും അവരുടെ പ്രഖ്യാപിത നിലപാടുകളിൽ നിന്നും സിദ്ധാന്തങ്ങളിൽ നിന്നുമുള്ള പിറകോട്ടടി വളരെ പ്രകടമാണ്. കൊടുംതിന്മ എന്ന് പറഞ്ഞ് രണഭേരി മുഴക്കി തീണ്ടാപ്പാടകലെ നിർത്തിയിരുന്ന വിദേശ മൂലധനത്തെ യാതൊരു മടിയും കൂടാതെ പൂച്ച കണ്ണടച്ചു പാലുകുടിക്കുന്ന ലാഘവത്തോടെ കമ്യൂണിസ്റ്റുകാർ ഇരു കൈകളും നീട്ടി ഇവിടെ സ്വീകരിക്കുന്നു. ഒരു വിദേശ കുത്തകക്കമ്പനിക്ക് വേണ്ടി ബംഗാളിലെ നന്ദിഗ്രാമിൽ പാവപ്പെട്ട മണ്ണിന്റെ മക്കളെ കമ്യൂണിസ്റ്റു ഭരണകൂടം വെടിവെച്ചു കൊല്ലുക കൂടി ചെയ്തപ്പോൾ കമ്യൂണിസത്തിന്റെ മുതലാളിത്ത സ്വാംശീകരണം സൈദ്ധാന്തിക ചർച്ചകളിൽ നിന്നും ഉറച്ച കർമ്മപഥത്തിലെത്തിയ കാര്യം നാമറിയുന്നു.

ഇപ്പോൾ യാതൊരു വളച്ചുകെട്ടോ പ്രത്യയശാസ്ത്രപരമായ വാചകക്കസർത്തുകളോ ഒന്നുമില്ലാതെ ചൂഷണത്തിന്റെ നാരായ വേര് എന്ന് കമ്യൂണിസ്റ്റ് മാർക്സിയൻ തത്വശാസ്ത്ര പദകോശങ്ങളിൽ വിശേഷിപ്പിക്കപ്പെട്ട കുപ്രസിദ്ധമായ 'സ്വകാര്യ സ്വത്ത്' അനുവദിച്ചുകൊണ്ട് കമ്യൂണിസ്റ്റ് ചൈന നിയമം പാസാക്കിയിരിക്കുന്നു. ചൈനയിലെ ദേശീയ ജനകീയ കോൺഗ്രസ്സിന്റെ സമ്മേളനം 14 വർഷത്തെ ചർച്ചകൾക്കൊടുവിൽ സ്വകാര്യസ്വത്ത് അനുവദനീയമാണെന്ന് കണ്ടെത്തി. 52നെതിരെ 2799 വോട്ടിന്റെ മൃഗീയ ഭൂരിപക്ഷത്തിന്നാണ് നിയമം പാസായത്. 37 പേർ വോട്ടിങ്ങിൽ നിന്നും ഒഴിഞ്ഞുനിന്നു.

'കമ്പോളം' എന്നത് മുതലാളിത്ത ചൂഷണത്തിന്റെ കശാപ്പുശാലയാണെന്ന് പറഞ്ഞവരാണ് കമ്യൂണിസ്റ്റ് രാജ്യങ്ങൾ. കമ്യൂണിസ്റ്റ് വീക്ഷണ പ്രകാരം ചോദനവും (Demand) പ്രദാനവും (Supply) എന്ന പൈശാചികമായ മുതലാളിത്ത ശക്തികളാണ് കമ്പോളത്തെ നിയന്ത്രിക്കുന്നത്. അതിനുപകരം കമ്പോളരഹിതമായ ആസൂത്രിത സമ്പദ് വ്യവസ്ഥയായിരുന്നു കമ്യൂണിസ്റ്റ് രാജ്യങ്ങളിലുണ്ടായിരുന്നത്. അതായത് ജനങ്ങൾക്ക് എന്ത് ഉപഭോഗവസ്തുക്കളാണ് വേണ്ടതെന്ന് കമ്യൂണിസ്റ്റ് ആസൂത്രണവിദഗ്ധരായിരുന്നു ശാസ്ത്രീയമായി നിശ്ചയിച്ചത് കമ്പോളത്തിലുണ്ടാകുന്ന ഡിമാന്റിനനുസരിച്ച് സ്വകാര്യ ഉല്പാദന സംരംഭങ്ങളുണ്ടായിരുന്നില്ല. കമ്പോളം എന്നത് ഒരു അശ്ലീലപദം പോലെ വെറുക്കപ്പെട്ടിരുന്നു. ഇപ്പോൾ ചൈനയുടെ പുതിയ സാമ്പത്തിക നയത്തിന്റെ പേര് 'സോഷ്യലിസ്റ്റ് മാർക്കറ്റ് ഇക്കണോമി' എന്നാണ്. കമ്യൂണിസ്റ്റുകാർ പുറത്താക്കിയ കമ്പോളം വീണ്ടും ചൈനയിൽ തിരിച്ചുവന്നിരിക്കുന്നു. ചൈനയേക്കാൾ മൂന്ന് പതിറ്റാണ്ട് മൂപ്പുണ്ടായിരുന്ന സോവ്യറ്റ് യൂണിയന് ഇത്തരം വാജീകരണ ചികിത്സയൊന്നും ചെയ്യേണ്ടി വന്നില്ല. ചികിത്സ ആരംഭിക്കുന്നതിന് മുമ്പേ തന്നെ രോഗി മരിച്ചുപോയി. ഏതൊരു സാമ്പത്തിക സിദ്ധാന്തത്തിനും മാന്യമായ ജീവിതം നൽകാൻ കഴിയുന്നില്ലെങ്കിൽ സമൂർത്തമായ സാമൂഹിക സാഹചര്യങ്ങൾക്കനുസരിച്ച് സിദ്ധാന്തത്തെ തന്നെ നവീകരിക്കണം എന്നാണ് സ്വകാര്യസ്വത്ത് അനുവദിച്ചതിനുള്ള ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രത്യയ ശാസ്ത്ര വിശദീകരണം. ഇതിന് പ്രത്യയശാസ്ത്ര വിശദീകരണമെന്നോ അതല്ല ഉപയോഗയോഗ്യതാവാദ (Utilitarianism)മെന്നോ വിളിക്കേണ്ടതെന്നാണ് സാധാരണക്കാരായ നമുക്ക് സംശയം.

ചരിത്രപരമായ ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിൽ സമുദായത്തിന്റെ പരിണാമ ചരിത്രം പരിശോധിച്ച കാൾ മാർക്സ് മനുഷ്യസമൂഹത്തിന്റെ പ്രാകൃതാവസ്ഥയിൽ ചൂഷണരഹിതമായ ഒരു ഉല്പാദന സമ്പ്രദായം നിലനിന്നിരുന്നു എന്നു കണ്ടെത്തി. അതായത് കൃഷിയും, കാലിവളർത്തലും, നെയ്ത്തുമെല്ലാം ഗോത്രസമൂഹത്തിലെ അംഗങ്ങൾ മൊത്തം ചെയ്യുന്ന അവസ്ഥ. എല്ലാവർക്കുവേണ്ടിയും എല്ലാവരും ഉല്പാദിപ്പിക്കുക. ആർക്കും സ്വകാര്യസ്വത്തില്ലാതെ മനോജ്ഞസുന്ദര സ്വർഗ്ഗീയാവസ്ഥ. ഇതാണ് മാർക്സിന്റെ പ്രാകൃത കമ്യൂണിസം. മാർക്സ് തന്നെ ശരിയായ

രീതിയിൽ വിശകലനം ചെയ്യാത്ത സ്വകാര്യസ്വത്തിന്റെ ആവിർഭാവത്തോടെയാണ് സ്വർഗ്ഗീയമായ പ്രാകൃത കമ്യൂണിസം തകർന്ന് പൈശാചികമായ അടിമവ്യവസ്ഥ ആരംഭിക്കുന്നത്. ആദമിന്റെ സ്വർഗ്ഗത്തിൽ കയറി വന്ന് മുസീബത്തുണ്ടാക്കിയ ഇബ്ലീസിനെ പോലെയായിരുന്നു സ്വകാര്യസ്വത്തിന്റെ ആഗമനം. ഫ്യൂഡലിസവും. പിന്നീട് ആഗോള മുതലാളിത്തമായി വളർന്ന ചൂഷണവ്യവസ്ഥയുടെ മൂലകാരണമാണ് സ്വകാര്യസ്വത്ത്. സ്വപ്നങ്ങളും വസ്തുതകളും കൊണ്ട് നെയ്തെടുത്ത കമ്യൂണിസ്റ്റ് സിദ്ധാന്തങ്ങളിലെ പ്രധാന വില്ലൻ സ്വകാര്യസ്വത്ത് തന്നെ. സ്വകാര്യസ്വത്ത് എന്ന ഈ അന്തകവിത്ത് സ്വന്തം ഭൂമിയിൽ മുളപ്പിക്കാനാണ് ഇപ്പോൾ ചൈനീസ് പാർലമെന്റിന്റെ മൃഗീയ ഭൂരിപക്ഷം തീരുമാനിച്ചത്. നമ്മെക്കാൾ കമ്യൂണിസ്റ്റ് അനുഭവമുള്ള ചൈനീസ് ജനതയുടെ ഈ വിധി മാർക്സിയൻ സിദ്ധാന്തങ്ങളെ എങ്ങനെ ബാധിക്കുമെന്ന് ചരിത്രം വിലയിരുത്തട്ടെ. സ്വകാര്യസ്വത്തിനാൽ പ്രദൂഷിതമായ ലോക വ്യവസ്ഥിതിയെ മാറ്റിമറിക്കാൻ ഇറങ്ങിപ്പുറപ്പെട്ട കമ്യൂണിസം തന്നെ ഈ പാഷാണം അമൃതായി നേദിക്കാൻ തുടങ്ങിയാൽ കമ്യൂണിസം മരിച്ചുപോവല്ലേ എന്ന സംശയം ബാക്കിനിൽക്കുന്നു. അപ്പോൾ ചരിത്രത്തിന്റെ ഭാഗത്തു നിന്നും ചോദിക്കപ്പെടുന്ന ഒരു ചോദ്യത്തിന് കമ്യൂണിസത്തിന്റെ മറുപടിയെന്താണ്? സ്വകാര്യസ്വത്തില്ലാത്ത സമത്വസുന്ദരമായ ഒരു ലോകം പണിയാൻ തിടുക്കം കാട്ടിയതും സായുധ വിപ്ലവങ്ങൾ നടത്തി രക്തപ്രളയങ്ങൾ സൃഷ്ടിച്ചതും ജനലക്ഷങ്ങളെ കൊന്നൊടുക്കിയതും എന്തിനുവേണ്ടിയായിരുന്നു?

ചരിത്രസന്ദർഭത്തിൽ വിശുദ്ധ ഖുർആന്റെ ഒരു വചനം കമ്യൂണിസ്റ്റുകാർ ശ്രദ്ധിക്കേണ്ടതുണ്ട്. പേടിക്കേണ്ട, ഖുർആനിക സൂക്തങ്ങൾ മാവോ സൂക്തങ്ങളെപ്പോലെ ഉന്മൂലനത്തിനുള്ള ആഹ്വാനമോ അധികാരം കയ്യേൽക്കാനുള്ള സൂത്രവാക്യങ്ങളോ അല്ല. വികാരാവേശത്താൽ തിടുക്കത്തിൽ നടപ്പാക്കി പരാജയമേറ്റുവാങ്ങിയ ഒരു ദ്രുതകർമ്മപരിപാടിയോ, കുതിച്ചുചാട്ടമോ അല്ല. അവ ഒരു സാമ്പത്തിക സിദ്ധാന്തം പോലുമല്ല. ആത്മാവിനോടുള്ള ഒരു നിവേദനമായി സമർപ്പിക്കപ്പെട്ട ഒരു മൂല്യനിർദ്ധാരണ പദ്ധതിയാണത്. ഭരണകൂടത്തിന്റേയും അധികാരശക്തിയുടേയും സഹായമില്ലാതെയും രക്തപ്പുഴകളൊഴുക്കാതെയും നടപ്പാക്കാൻ കഴിയുന്ന സൗമ്യതയുടേയും ധാർമ്മികപ്രബുദ്ധതയുടെയും ഒരു സൗമ്യോപദേശമാണത്.

സ്വകാര്യസ്വത്തിനെ അംഗീകരിച്ചുകൊണ്ട് ഖുർആൻ പറയുന്നു:

***നിങ്ങളിൽ ചിലർക്ക് മറ്റു ചിലരേക്കാൾ അല്ലാഹു ജീവിത വിഭവങ്ങൾ അധികം നൽകിയിരിക്കുന്നു. എന്നാൽ അധികം നൽകപ്പെട്ടവർ തങ്ങളുടെ വിഭവങ്ങൾ തങ്ങളുടെ കീഴിലുള്ളവർക്ക് അവരെല്ലാം തുല്യരാകുമാറ് വിട്ടുകൊടുക്കുന്നവരല്ല. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്തെ അവർ നിരാകരിക്കുകയാണോ? (വി: ഖുർആൻ 16:72)***

മനുഷ്യപ്രകൃതി പ്രതിജനഭിന്നമാണ്. ജനിതകപരമായി മനുഷ്യൻ ജനിക്കുന്നതിന് മുമ്പേ അവനിൽ ഉൾച്ചേർക്കപ്പെട്ട ഗുണങ്ങൾക്കനുസൃതമായി പ്രവർത്തിക്കുമ്പോൾ അവന് പ്രതിഫലം നൽകപ്പെടുന്നു. ഇത് അനിഷേധ്യമായൊരു പ്രകൃതിനിയമമാണ്. ഈ ഉയർച്ചയും താഴ്ചയും പ്രകൃതിയിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്ന പ്രതിഭാസമാണ്. വ്യക്തികൾ അവരുടെ ജന്മജാത ഗുണങ്ങൾ കൊണ്ട് അനുഗ്രഹിക്കപ്പെടുന്നു. ചിലർക്ക് പൂർവ്വാർജിത സമ്പത്തുകൾ പൈതൃകമായും ലഭിക്കുന്നു. ഇങ്ങനെ ലഭിക്കുന്ന സമ്പത്ത് തങ്ങൾക്ക് കീഴിലുള്ളവർ എല്ലാവരും സമന്മാരാകുമാറ് വിതരണം ചെയ്യപ്പെടണം എന്നതാണ് ഇസ്‌ലാമിക സമൂഹത്തിന്റെ ലക്ഷ്യം എന്നാണ് പ്രസ്തുത ഖുർആൻ വചനം വ്യക്തമാക്കുന്നത്. ഈ സാമ്പത്തിക മൂല്യസങ്കല്പമാണ് ഇസ്‌ലാമിക സമൂഹത്തെ കാലാകാലങ്ങളിലായി സ്വാധീനിക്കേണ്ടത്. ഇസ്‌ലാമിക സമൂഹത്തിലെ നിയമനിർമ്മാണ സഭകൾക്ക് മൂല്യബോധം നൽകുകയാണ് ഖുർആൻ ചെയ്യുന്നത്. ഏതൊരു സോഷ്യലിസ്റ്റ് സങ്കല്പത്തേക്കാളും പുരോഗമനപരമാണ് ഖുർആന്റെ ധർമ്മോൽബോധനങ്ങൾ. അതൊരു വിപ്ലവാഹ്വാനമോ ഭരണനിയമമായി പരാവർത്തനം ചെയ്ത് ബലപ്രയോഗത്തിലൂടെ നടപ്പാക്കേണ്ട ഒരു പരിപാടിയോ അല്ല. ധാർമികമായ ഉദ്ബോധനങ്ങളിലൂടെ ഇസ്‌ലാം സമർപ്പിക്കുന്ന ഒരു മൂല്യസങ്കല്പമാണത്. അത് വ്യക്തിയുടെ അസ്തിത്വത്തേയും ഗുണങ്ങളേയും സാമൂഹികമായ അവന്റെ സ്ഥാനത്തേയും ഉന്മൂലനം ചെയ്തും വ്യവസ്ഥയെ തകിടം മറിച്ചും നിർവ്വഹിക്കേണ്ട ഒരു ആദർശമല്ല. അതാണ് ശാസ്ത്രീയ സോഷ്യലിസം എന്ന് പറഞ്ഞ് കമ്യൂണിസം ചെയ്ത തെറ്റ്. ഇസ്‌ലാമിന്റേത് ഒരു മൂല്യനിർദ്ധാരണ പദ്ധതിയാണ്.

ആധുനികകാലത്ത് സ്വത്തിന്റെ (wealth) നിർവ്വചനത്തിൽ സമൂലമായ മാറ്റങ്ങൾ വന്നിരിക്കുന്നു. സ്വത്ത് എന്നാൽ ഭൂമിയോ, സ്വർണ്ണമോ, കെട്ടിടമോ മുതലായ സ്ഥാവരജംഗമ വസ്തുക്കൾ മാത്രമല്ല. ഈ കമ്പ്യൂട്ടർ യുഗത്തിൽ മസ്തിഷ്ക്ക ശക്തിയും വിലമതിക്കാനാവാത്ത സ്വത്താണ്. പണ്ട് വിദ്യാധനത്തെപറ്റി കവി പാടിയത് പോലെ 'കൊണ്ടു പോകില്ല ചോരന്മാർ കൊടുക്കുന്തോറും മേറിടും' എന്ന ധനം തന്നെ.

ഖുർആന്റെ മറ്റൊരു വചനം നോക്കൂ. ***'അവരുടെ ധനത്തിൽ ചോദിക്കുന്നവർക്കും (അതിന്) കഴിവില്ലാത്തവർക്കും അവകാശമുണ്ട്' (വി.ഖുർആൻ: 51:20).***

ധനികരുടെ സമ്പത്തിൽ ദരിദ്രജനവിഭാഗത്തിന് അവകാശമുണ്ടെന്ന ആത്മീയബോദ്ധ്യമാണ് ഇസ്‌ലാമിക സമൂഹത്തിൽ ഖുർആൻ അങ്കുരിപ്പിക്കുന്നത്. ഇത് നടപ്പാക്കാൻ ഭരണകൂടമോ ബലപ്രയോഗമോ ഉദ്യോഗസ്ഥവൃന്ദമോ നിർബന്ധമില്ല എന്നതാണ് മറ്റൊരു പ്രത്യേകത. അതാണ് സകാ

ത്ത് വ്യവസ്ഥയിലൂടെ നിറവേറ്റപ്പെടുന്നത്. ഒരു കാര്യം നാം പ്രത്യേകമോർക്കണം. സ്വകാര്യസ്വത്ത് അനുവദിച്ച എല്ലാ സോഷ്യലിസ്റ്റ് രാജ്യങ്ങളും വ്യക്തികളുടെ വരുമാനത്തിലാണ് നികുതി ചുമത്തുക. എന്നാൽ, സകാത്ത് വ്യവസ്ഥ താത്വികമായി മൂലധനത്തിലാണ് കൈവെക്കുന്നത്. മൂലധനം കുന്നുകൂടുമെന്ന സോഷ്യലിസത്തിന്റേയും കമ്യൂണിസത്തിന്റേയും ഭീതി, വ്യക്തിയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തേയും അവകാശത്തേയും അലോരസപ്പെടുത്താതെ ഇസ്‌ലാം എത്ര വിജയകരമായിട്ടാണ് പരിഹരിക്കുന്നത്. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോളസാമ്പത്തിക വ്യവസ്ഥിതി ഇസ്‌ലാമിന്റെ ജീവൽരൂപമായി ലോകത്തിന് മുമ്പിൽ നിശബ്ദമായി പ്രവർത്തിക്കുന്നു. ഈ അത്ഭുതകരമായ സാമ്പത്തിക സമീകരണ വ്യവസ്ഥയെ ത്വരിതപ്പെടുത്താൻ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) രൂപം കൊടുത്ത 'അൽവസിയ്യത്ത്' പദ്ധതി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ വൻതോതിൽ പ്രവർത്തനനിരതമായിരിക്കുന്നു. അതായത് സാത്വിക ജീവിതം നയിക്കാനാഗ്രഹിക്കുന്ന ഒരാൾ തന്റെ സ്വത്തിന്റെ പത്തിലൊന്നു മുതൽ മൂന്നിലൊന്ന് വരെ ഈ പദ്ധതിക്ക് കീഴിൽ സമർപ്പിക്കുന്ന മഹത്തായ ഒരു സാമ്പത്തിക ത്യാഗ പദ്ധതിയാണത്. അങ്ങനെ ആഗോളതലത്തിൽ സഞ്ചയിക്കപ്പെടുന്ന വമ്പിച്ച സമ്പത്ത് പട്ടിണിപാവങ്ങളുടെ ഉന്നമനത്തിന് വേണ്ടി ചെലവ് ചെയ്യാനുള്ളതാണ്. ഇൻശാ അല്ലാഹ്, അഹ്മദിയ്യാ ജമാഅത്തിന്റെ ഈ സ്വപ്നസാക്ഷാൽക്കാരം ആരംഭിച്ചിരിക്കുന്നു. സ്വകാര്യസ്വത്ത് ചൂഷണമല്ല. മനുഷ്യസമൂഹത്തിന്റെ സാമ്പത്തിക സമീകരണത്തിന്നുള്ള ഉപാധിയും ഭൂമിയിൽ സ്വർഗ്ഗം പണിയാൻ ശേഷിയുള്ള അനുഗ്രഹവുമാണെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇൻശാ അല്ലാഹ് ലോകത്തിനു മുമ്പിൽ തെളിയിക്കും. ശാസ്ത്രീയ സോഷ്യലിസത്തിനു കഴിയാത്ത 'സമൂഹസമത്വം' എന്ന സ്വപ്നം അഹ്മദിയ്യാ ജമാഅത്ത് മറ്റൊരു രീതിയിൽ മണ്ണിലിറക്കും എന്ന കാര്യത്തിൽ സംശയം വേണ്ട. ●

---

*(36 -ാം പേജിൽ നിന്ന് തുടർച്ച)*

ഇനാം ഗോരി സാഹിബിന്റെ (ഖാദിയാൻ) പ്രാർത്ഥനയോടെ പ്രദർശനം ഉദ്ഘാടനം ചെയ്തു.

തുടക്കത്തിലേ ഈ പ്രദർശനം ജനശ്രദ്ധയാകർഷിച്ചുപോന്നു! ശാസ്ത്രകുതുകികൾ ഖുർആനിലെ വിജ്ഞാന ഗരിമ കണ്ട് അക്ഷരാർത്ഥത്തിൽ വിസ്മയപ്പെടുകയുണ്ടായി. നാനാജാതി മതസ്ഥർ കാണികളായി എത്തിച്ചേർന്നപ്പോൾ അവരുടെ മുൻവിധികൾക്കെല്ലാം വിപരീതമായി ഇസ്‌ലാമിനെയും നബിതിരുമേനി(സ)യെയും സംബന്ധിച്ചുള്ള തെറ്റുധാരണകൾ അകറ്റാനും, ഇസ്‌ലാം ഊന്നിപ്പറയുന്ന സാമുദായിക മൈത്രിയുടെ പ്രാധാന്യം ബോദ്ധ്യപ്പെടുത്താനും, തെറ്റിദ്ധരിപ്പിക്കപ്പെട്ട 'ജിഹാദി'ന്റെ വ്യാഖ്യാനമെന്താണെന്ന് സൂചിപ്പിക്കാനും പ്രദർശനത്തിന്റെ സംഘാടകർക്ക് കഴിഞ്ഞു! ഒട്ടേറെ ഹൈന്ദവ സഹോദരന്മാർ അഭിപ്രായപ്പെട്ടത് അവർ സാധാരണ കേട്ടുവരാറുള്ള പൊതു മുസ്‌ലികംളുടെ പ്രസംഗ പരമ്പരയിൽ നിന്നും, അവരൊക്കെ അവതരിപ്പിക്കാറുള്ള വിഷയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ കാഴ്ചപ്പാടിൽ ഖുർആനും ശാസ്ത്രവുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രദർശനത്തിന്റെ നൂതനശൈലി കൗതുകമുണർത്തുന്നതും അത്യാകർഷകവുമായിരുന്നുവെന്നാണ്!

സുന്നി-മുജാഹിദ്-ജമാഅത്തെ ഇസ്‌ലാമി എന്നീ മുസ്‌ലിം വിഭാഗങ്ങളിലുള്ള സ്ത്രീകളുടെ പ്രവാഹം വളരെ കൗതുകകരമായിരുന്നു. സ്ത്രീ സന്ദർശകരുടെ ആധിക്യം കാരണം സംശയനിവാരണത്തിന് ലജ്ന ഇമായില്ലായുടെ നേതൃത്വത്തിൽ സ്ത്രീകളുടെ സംശയനിവാരണത്തിന് ഒരു പ്രത്യേക ടാക് റൂം സംഘടിപ്പിക്കുകയുണ്ടായി. മുസ്‌ലിം അദ്ധ്യാപകന്മാരും മൗലവിമാരും സന്ദർശകരായി എത്തിച്ചേർന്നിരുന്നു! ആദാം ആദ്യത്തെ മനുഷ്യനല്ല എന്ന കൗതുകകരമായ ആശയം മുതൽ ഈസാനബിയുടെ മരണവും, ദജ്ജാൽ-യഅ്ജൂജ് മഅ്ജൂജ് എന്നീ ഭീകരസത്വങ്ങളുടെ യാഥാർത്ഥ്യവും, ഫിർഔൻ മുങ്ങിമരിച്ചിട്ടില്ലെന്ന ഖുർആന്റേയും ശാസ്ത്രത്തിന്റേയും വെളിപ്പെടുത്തലുകളും, ക്ലോണിങ്ങിന്റെ പൈശാചികമായ ആശയത്തോടുള്ള വിശുദ്ധ ഖുർആന്റെ അമർഷവും തുടങ്ങി സൗരയൂഥത്തിലെ ഗ്രഹപദവിയിൽ നിന്നും പ്ലൂട്ടോയുടെ പുറത്താക്കൽ വരെ ഖുർആനിക വചനങ്ങളുടെ അടിസ്ഥാനത്തിൽ വിശദീകരിച്ചത് സന്ദർശകരിൽ പുതിയ ഒരു അവബോധം ജനിപ്പിക്കുകയുണ്ടായി. കണ്ണൂർ ജില്ലാകലക്ടർ ശ്രീമതി ഇഷിതാ റോയിയും, ശ്രീ. കെ. സുധാകരൻ എം.എൽ.എ.യും സന്ദർശനം നടത്തി അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി!

പ്രദർശനത്തിൽ എൺപതിനായിരം രൂപയുടെ പുസ്തകങ്ങൾ വിറ്റഴിഞ്ഞു. കൂടാതെ അഹ്മദിയ്യാ ജമാഅത്തിനെ പരിചയപ്പെടുത്തുന്ന ഒട്ടേറെ ലഘുലേഖകളും വിതരണം ചെയ്യപ്പെട്ടു. കണ്ണൂരിലെ അഹ്മദിയ്യാ ചരിത്രത്തിൽ ഇത്രയേറെ വിജയം വരിച്ച മറ്റു സംരംഭങ്ങളൊന്നും ഇതേ വരെ ഉണ്ടായിട്ടില്ല! ●

---

*(32 -ാം പേജിൽ നിന്ന് തുടർച്ച)*

മായ ബിംബങ്ങൾക്ക് ബലിയർപ്പിക്കപ്പെട്ട സാധനങ്ങൾ കഴിക്കുന്നതും ദൈവം വിരോധിക്കുന്നു. മനുഷ്യശരീരത്തിന്റെ ആരോഗ്യത്തിനുവേണ്ടി മാത്രമല്ല തിന്നുകയും കുടിക്കുകയും ചെയ്യുന്നതെന്നും ആത്മാവിന്റെ ആരോഗ്യവും ക്ഷേമവുമായി അതിന് അഗാധബന്ധമുണ്ടെന്നുമുള്ള കാര്യം ഇവിടെ ഊന്നിപ്പറയപ്പെട്ടിരിക്കുന്നു.


**(The Review of Religions Nov. 2006)**

**വിവർത്തനം : കെ.വി. ഹസ്സൻകോയ**
**കോഴിക്കോട്**
●

വാർത്തകൾ

# പള്ളി ഉദ്ഘാടനം ചെയ്തു

അലനല്ലൂർ: കണ്ണംകുണ്ടിൽ നിർമ്മിച്ച അഹ്മദിയ്യാ മുസ്‌ലിം മസ്ജിദ്, അഹ്മദിയ്യാ ജമാഅത്തിന്റെ അഖിലേന്ത്യാ പ്രചാരണ കാര്യദർശി മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബ് 24-2-2007 ശനിയാഴ്ച വൈകുന്നേരം 4 മണിക്ക് ഉദ്ഘാടനം ചെയ്തു. പള്ളിയുമായി എപ്പോഴും സുദൃഢബന്ധം നിലനിർത്താനും, പള്ളിയെ എപ്പോഴും ജനനിബിഡമാക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.



*അലനല്ലൂരിൽ ഉദ്ഘാടനം ചെയ്യപ്പെട്ട പള്ളി*

പള്ളി ഉൽഘാടനത്തോടനുബന്ധിച്ച് നടന്ന മതമൈത്രി സമ്മേളനത്തിൽ പാലക്കാട് മേഖലാ അമീർ പ്രൊഫസർ അബ്ദുൽ കരീം സാഹിബ് അദ്ധ്യക്ഷത വഹിച്ചു. മതത്തിന്റെ അനുയായികളിൽ യഥാർത്ഥമായ ദൈവബന്ധം ഇല്ലാത്തതാണ് മതങ്ങളിൽനിന്ന് ജനങ്ങൾ അകന്ന് നിൽക്കാനും അവരുടെ അഭിരുചി നഷ്ടപ്പെടാനും കാരണമെന്നും അദ്ദേഹം പറഞ്ഞു.

തുടർന്ന് പ്രസംഗിച്ച ഫാദർ ജസ്റ്റിൻ കോലംകണ്ണി, ഈ പള്ളിക്കകത്ത് അല്ലാഹുവിന്റെ സാമിപ്യമുണ്ടെന്നും, എല്ലാ മതസ്ഥർക്കും വേണ്ടിയാണ് ഈ പള്ളി വിട്ടുകൊടുക്കുന്നതെന്നുമുള്ള അമീർ സാഹിബിന്റെ വാക്കുകളെ പ്രശംസിച്ചുകൊണ്ട്, അഹ്മദിയ്യാ ജമാഅത്തിന്റെ സഹിഷ്ണുതയെ പ്രകീർത്തിക്കുകയുണ്ടായി.

തുടർന്ന് പ്രസംഗിച്ച ബ്രഹ്മശ്രീ ദാമോദരൻ നമ്പൂതിരി, മതം എന്നാൽ അഭിപ്രായമാണെന്നും, പരസ്പരം വിദ്വേഷത്തിന് ഇതിൽ സ്ഥാനമില്ലെന്നും, പിഞ്ചുഹൃദയങ്ങളിൽ മതവിദ്വേഷത്തിന്റെ വിത്ത് പാകുന്നത് ഏറ്റവും ഹീനമായ പ്രവൃത്തിയാണെന്നും പറഞ്ഞു. ഇതര മുസ്‌ലിം സംഘടനകളിൽനിന്ന് വ്യത്യസ്തമായി വിശാലഹൃദയരായിട്ടുള്ളവർ അഹ്മദികളാണെന്നും അദ്ദേഹം പറഞ്ഞു. മനുഷ്യൻ എന്ന പദത്തിന്റെ അറബി വാക്കായ 'ഇൻസാൻ' എന്നതിന് രണ്ട് സ്നേഹങ്ങളുടെ സമന്വയം എന്നർത്ഥമുണ്ടെന്നും, ഒന്ന് ദൈവത്തോടുള്ള കടപ്പാടുകളും, രണ്ടാമത്തേത് സമസൃഷ്ടികളോടുള്ള സ്നേഹവും കടപ്പാടുകളും എന്നതാണെന്നും, അഹ്മദിയ്യാ ജമാഅത്ത് ഈ രണ്ട് കാര്യങ്ങളും ഉൾക്കൊള്ളുന്നുവെന്നും ഉപസംഹാര പ്രസംഗം നടത്തിയ ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് പറഞ്ഞു.

പള്ളി ഉദ്ഘാടനത്തോടനുബന്ധിച്ച് വൈകിട്ട് 3 മണിക്ക് അലനല്ലൂർ പ്രസ് ക്ലബ്ബിൽ പത്രസമ്മേളനവും നടന്നു. മൗലാനാ മുഹമ്മദ് ഇനാം ഗോരി സാഹിബും, മൗലാനാ മുഹമ്മദ് ഉമർ സാഹിബും, പത്രസമ്മേളനത്തിൽ സംബന്ധിക്കുകയും മാദ്ധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

**എം. അബ്ദുൽ ബശീർ**

## പ്രൊഫ. മുസഫർ അഹ്മദിന് ഡോക്ടറേറ്റ്



കേരളത്തിലെ ബേങ്കിംഗ് ഉപഭോക്തൃ സേവനങ്ങളെക്കുറിച്ച താരതമ്യപഠനത്തിന് ഡോക്ടറേറ്റ് നേടിയ പ്രൊഫ. മുസഫർ അഹ്മദ് സാഹിബ്. മാടായി കോ-ഓപ്പറേറ്റീവ് ആർട്സ് & സയൻസ് കോളേജിലെ കോമേഴ്സ് വിഭാഗം തലവനായ ഇദ്ദേഹം കേരള അഹ്മദിയ്യാ പബ്ലിക്കേഷൻ കമ്മിറ്റിയുടെ ഫിനാൻസ് വിഭാഗം കൺവീനറാണ്. കണ്ണൂർ സർവ്വകലാശാലയുടെ ബോർഡ് ഓഫ് സ്റ്റഡീസ് (കോമേഴ്സ്) ചെയർമാൻ കൂടിയാണ് ഇദ്ദേഹം.

# അനുസ്മരണം



## ബാപ്പു സാഹിബ്

കോഴിക്കോട് ജമാഅത്തിലെ സജീവാംഗമായിരുന്ന കുറ്റിയിൽ തൊടി പുല്ലുംകുന്ന് (രാമനാട്ടുകര) ബാപ്പു സാഹിബ് (കോയട്ടി) കോഴിക്കോട്ട് വെച്ചു ഫെബ്രുവരി 2ന് നിര്യാതനായി. ഇന്നാ ലില്ലാഹി....

ജമാഅത്തിന്റെ പ്രചാരണകാര്യങ്ങളിൽ വളരെ തൽപരനായിരുന്നു അദ്ദേഹം. പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. (ആമീൻ)

ഭാര്യ ഖദീജ. മഅ്റൂഫ്, നൗഫൽ, നാസർ, സിദ്ദീഖ്, ജഅ്ഫർ, മുബീന എന്നിവർ മക്കളാണ്.

**കെ.പി. റസാക്ക്**

## പി. കുഞ്ഞിമൊയ്തു സാഹിബ്

മുറിയക്കണ്ണി ജമാഅത്തിലെ അംഗമായിരുന്ന പാറപ്പുറത്ത് കുഞ്ഞിമൊയ്തു സാഹിബ് (78) 9-2-07ന് സ്വഗൃഹത്തിൽ വെച്ച് നിര്യാതനായി. ഇന്നാലില്ലാഹി.... 1974 കാലഘട്ടത്തിൽ അഹ്മദിയ്യാ ജമാഅത്തിന്നെതിരെ മുജാഹിദ് വിഭാഗക്കാർ നിരന്തരം പ്രഭാഷണങ്ങൾ നടത്തിവരികയായിരുന്നു. അന്ന് ആ വിഭാഗത്തിന്റെ പ്രവർത്തകനും സംഘാടകനുമായിരുന്നു പരേതൻ. ഇരുവിഭാഗത്തിന്റേയും പ്രസംഗങ്ങളും ഒരു വാദപ്രതിവാദം കണക്കെ പുരോഗതി പ്രാപിച്ചു. ഇരുപ്രസംഗങ്ങളും ശ്രദ്ധാപൂർവ്വം ശ്രവിച്ച കുഞ്ഞിമൊയ്തു സാഹിബ് ഒടുവിൽ അഹ്മദിയ്യാ ജമാഅത്തിന്റെ മറുപടി പ്രസംഗങ്ങൾ കഴിഞ്ഞ ഉടനെ തനിക്ക് അൽപസമയത്തേക്ക് മൈക്ക് ആവശ്യമുണ്ടെന്ന് പറയുകയും താൻ ഇരുവിഭാഗത്തിന്റേയും പ്രസംഗങ്ങൾ ശ്രദ്ധാപൂർവ്വം ശ്രവിച്ചുവരികയായിരുന്നുവെന്നും തനിക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ സത്യം പൂർണ്ണമായും മനസ്സിലായിരിക്കുന്നുവെന്നും താനിതാ ഇന്നേദിവസം ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിലേക്ക് പ്രവേശിക്കുകയാണെന്നും ഉറക്കെ പ്രഖ്യാപിച്ചു. ഇങ്ങനെയായിരുന്നു അദ്ദേഹം ബൈഅത്ത് ചെയ്തത്.

കുഞ്ഞിമൊയ്തുസാഹിബ് ജമാഅത്തുമായുള്ള ബന്ധം നല്ലനിലയിൽ തന്നെ നിലനിർത്തി. നിസാമെ ജമാഅത്തുമായുള്ള ബന്ധം മാതൃകാപരമായിരുന്നു. എപ്പോഴും തികഞ്ഞ അച്ചടക്കവും അനുസരണവും നിലനിർത്തിപ്പോന്നു. തബ്‌ലീഗിൽ താൽപര്യക്കാരനായിരുന്നു അദ്ദേഹം.

ആസ്യ സാഹിബ ഭാര്യയും യൂസുഫ് കുട്ടി, അലവി, അബ്ദുസ്സലാം, ആന്ധ്രയിൽ മുഅല്ലിമായിരുന്ന മർഹും നസീർ മൗലവി, ഉമ്മർ, മൈമൂന, മറിയ, എന്നിവർ മക്കളും, കുഞ്ഞിമൊയ്തു, അബൂബക്കർ എന്നിവർ മരുമക്കളുമാണ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തിൽ ഉന്നത സ്ഥാനവും നൽകുമാറാകട്ടെ. ആമീൻ

**കെ. ഖമറുദ്ദീൻ, മുഅല്ലിം**




ഇന്ത്യൻ ഭാഷകളിലെ മികച്ച മാസികയ്ക്കുള്ള 'അഭയ ദേവ് പുരസ്കാരം' പ്രസിദ്ധ ഹിന്ദി കഥാകൃത്തായ ശത്രുഘ്നൻലാലിൽ നിന്നും 'സമയം' എഡിറ്റർ പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് ഏറ്റുവാങ്ങുന്നു. കേരളാ അഹ്മദിയ്യാ പബ്ലിക്കേഷൻ സദർ ആണ് മഹ്മൂദ് അഹ്മദ് സാഹിബ്.

## ഞാൻ ദൈവ നിയോഗിതൻ

ഞാൻ ഒറ്റക്കല്ല. ആ മഹത്ത്വമാർന്ന എന്റെ നാഥൻ എന്നോടൊപ്പമുണ്ട്. അവനുമായി എന്നേക്കാളും അടുത്തവൻ ആരുമില്ല. അവന്റെ അനുഗ്രഹാതിരേകത്താൽ തന്നെയാണ് എനിക്ക് സ്നേഹമയമായ ഒരു ആത്മാവ് പ്രദാനം ചെയ്യപ്പെട്ടത്. എന്തു കഷ്ടപ്പാടുകൾക്കു മുന്നിലും അവന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി സേവനം അനുഷ്ഠിക്കാൻ ഞാൻ സദാ സന്നദ്ധനായിരിക്കുന്നത് അതുകൊണ്ടുതന്നെയാകുന്നു. സത്യവിശ്വാസത്തിന്റെ കാര്യത്തിൽ തീവ്രതയോടും പൂർണ്ണ ഹൃദയത്തോടുകൂടി സേവനങ്ങൾ അർപ്പിക്കുവാനും ഇസ്‌ലാമിനുവേണ്ടിയുള്ള മഹത്തായ ആത്മീയ സമരത്തെ വിജയത്തിലെത്തിക്കാനുമുള്ള ശ്രമങ്ങളിൽ ഞാൻ നേതൃത്വം നൽകുന്നതിന് തന്നെ. ഇതെല്ലാം നിർവഹിക്കുന്നതിനായിട്ട് അവൻ എന്നെ നിയോഗിച്ചിരിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനുള്ള ശ്രമങ്ങളിൽ നിന്നും എന്നെ പിന്തിരിപ്പിക്കാൻ ആർക്കും സാധ്യമല്ല.

***ഹദ്റത്ത് അഹ്മദ് (അ)***

*(35 -ാം പേജിൽ നിന്ന് തുടർച്ച)*

ഉൽബുദ്ധ സമൂഹത്തിന് നിശ്ചയമുണ്ട്. 'ജമാഅത്തെ ഇസ്ലാമി'യുടെ അസഹിഷ്ണുതയെ തന്റെ ഒരു ലേഖനത്തിലൂടെ വ്യക്തമാക്കാൻ കേരളത്തിലെ പുരോഗമന ഇടതുപക്ഷത്തിന്റെ ഓരം ചാരിയ കെ.ഇ.എൻ. കുഞ്ഞഹമ്മദും തയ്യാറാവുന്നുണ്ട്. ഈ പുസ്തകത്തിലെ മററു ലേഖനങ്ങളും പഠനാർഹങ്ങൾ തന്നെ.

**ഒരു ഗുണപാഠം**

ചുരുക്കത്തിൽ 'മതരാഷ്ട്രവാദം - ജമാഅത്തെ ഇസ്ലാമി ചോദ്യം ചെയ്യപ്പെടുന്നു' എന്ന പുസ്തകം ആ പ്രസ്ഥാനത്തിന് ഏറെക്കാലം ഉറക്കം കെടുത്താവുന്ന ഒന്നാണ്. അതിലടങ്ങിയ സത്യത്തിന്റെ നേരെ ആ സംഘടനയിൽ പെട്ടവർ മുഖം ചുളിച്ചിട്ടു കാര്യമില്ല. ഒരു പുനഃപരിശോധന തീർച്ചയായും അവർക്കു ഗുണം ചെയ്യും. ജനാബ് ഏ.എം. സലിം സാഹിബിന്റെ ലേഖനത്തിന്റെ അവസാനഭാഗം ഗുണപാഠമെന്ന നിലയിൽ ഇവിടെ ഉദ്ധരിക്കുന്നു.

"പ്രബുദ്ധ കേരളത്തിന്റെ സവിശേഷ സാഹചര്യമാവാം' ഇവിടെ ഇപ്പോൾ ജമാഅത്തെ ഇസ്ലാമിക്കാർ ജനാധിപത്യവാദികളും സെക്യൂലറിസ്റ്റുകളും സാമ്രാജ്യത്വവിരോധികളും പരിസ്ഥിതി വാദികളും മനുഷ്യാവകാശ പ്രവർത്തകരുമായാണ് രംഗത്തുള്ളത്. മൗദൂദിയൻ കാടൻ സിദ്ധാന്തങ്ങളെ മറച്ചുവെക്കാനാണ് അവർ സോളിഡാരിറ്റി യൂത്ത് മൂവ്മെന്റിനെ രംഗത്തിറക്കിയിരിക്കുന്നത്. മൗദൂദിയുടെ തീവ്രവാദങ്ങൾ വിറ്റുകിട്ടുന്ന കാശുകൊണ്ട് തന്നെയാണ് ഈ കളി എന്നത് മറ്റൊരു കാര്യം.

ഇവരോടൊന്നേ ചോദിക്കാനുള്ളൂ. നിങ്ങൾക്ക് തന്നെ നാണക്കേടും ഓക്കാനവുമുണ്ടാക്കുന്ന മനുഷ്യത്വവിരുദ്ധമായ മൗദൂദിയുടെ ചിന്തകളേയും സിദ്ധാന്തങ്ങളേയും, മറച്ചുവെക്കുകയോ വ്യാഖ്യാനക്കസർത്തുകളിലൂടെ ന്യായീകരിക്കുകയോ ചെയ്യാതെ ഇനിയെങ്കിലും കയ്യൊഴിക്കാൻ തയ്യാറുണ്ടോ?" വളരെ പക്വമായ ഈ ചോദ്യത്തിനുള്ള അനുകൂലമായ ഉത്തരം മാത്രമേ 'ജമാഅത്തെ ഇസ്ലാമി'യുടെ മുഖം രക്ഷിക്കൂ. അല്ലാത്ത പക്ഷം സ്വയം സൃഷ്ടിച്ച അഴുക്ക്ചാലിൽ മുങ്ങിത്താഴാനേ ഇവരുടെ കാപട്യത്തിന് വിധിയുണ്ടാവൂ.

'ജമാഅത്തെ ഇസ്ലാമി'യെ അതിന്റെ എല്ലാ നിഗൂഢതകളിലൂടെയും തുറന്നറിയാൻ സഹായകമായ ഈ ഗ്രന്ഥം എഡിറ്റ് ചെയ്തതിൽ തീർച്ചയായും എം.എ. കാരപ്പഞ്ചേരിക്കും ഇതു പ്രസാധനം ചെയ്തതിന് പ്രോഗ്രസ്സ് പബ്ലിക്കേഷൻ പ്രവർത്തകർക്കും (കോഴിക്കോട്) അഭിമാനിക്കാം. ഇരുളടഞ്ഞ ഒരു പടുകുഴിയുടെ നേരെ ടോർച്ചടിച്ച് കാണിച്ച് വഴിപോക്കരെ അതിൽ വീഴാതെ രക്ഷിക്കുന്ന വഴികാട്ടിയുടെ ധർമ്മമാണ് ഇവിടെ ഇവർ നിർവ്വഹിച്ചിരിക്കുന്നത്. ഈ മനുഷ്യസ്നേഹവും മഹാമനസ്കതയും വാഴ്ത്തപ്പെടുക തന്നെ ചെയ്യും.


*അറിവിന്റെ ലോകം തുറക്കുന്നു.....*

**എക്സിബിഷൻ അൽ-ഖുർആൻ ഇന്റർനാഷനൽ**

*ഖുർആനിക ജ്ഞാനങ്ങളുടെ വിസ്മയകരമായ ദൃശ്യാവിഷ്കാരം*

**2007 ഏപ്രിൽ 9 മുതൽ 22 വരെ**

**കോഴിക്കോട്**

**അപ്സര ഗ്രൗണ്ട്, അരയിടത്തുപാലം, മാവൂർ റോഡ്**